2025 JANUARY 26

emalayalee.com

# The Weekly

WEEKLY NEWSPAPER

Contact: edito om | Phone: 917 324 4907; 917 662 1122



# ജന്മാവകാശ പൗരത്വം ചരിത്രം വഴി മാറുമോ?




## ട്രംപിന്റെ രണ്ട് ജെൻഡർ പോളിസിയും കേരളത്തിലെ ഒരു ട്രാൻസ്ജെൻഡർ വിവാഹവും



KALYAN JEWELLERS
PRESENTS
Jingle Bells ChoirFest
Exclusively on
pravasi CHANNEL HD
A 24 Hr Channel Available on All Streaming Devices and All Smart TV's
Every Day from Dec 20th, 2024 to Jan 30th, 2025
10am | 2 | 5 | 8 & 11pm US EST
India's Iconic Jewellery Brand KALYAN JEWELLERS
NOW IN NEW JERSEY
MUHURAT WEDDING COLLECTIONS
LARGEST COLLECTION IN GOLD, DIAMOND, POLKI, PRECIOUS & UNCUT JEWELLERY
SPACIOUS SHOWROOM
1339 OAK TREE ROAD, ISELIN, NJ 08830
380+ BRANCHES SPREAD ACROSS USA, INDIA & MIDDLE EAST
WWW.KALYANJEWELLERS.NET | FOLLOW US ON



# പൗരത്വ ഉത്തരവ് ഒരു മില്യണിലേറെ ഇന്ത്യാക്കാരെ ദോഷമായി ബാധിക്കും

വാഷിംഗ്ടൺ, ഡിസി: ജന്മാവകാശ പൗരത്വം എടുത്തു കളഞ്ഞ 'അമേരിക്കൻ പൗരത്വത്തിന്റെ അർത്ഥവും മൂല്യവും സംരക്ഷിക്കൽ' ഉത്തരവ് കുറഞ്ഞത് ഒരു മില്യൺ ഇന്ത്യാക്കാരെയെങ്കിലും ദോഷമായി ബാധിക്കും. ഫെബ്രുവരി 20 -നു ശേഷം ജനിക്കുന്നവരെയാണ് ഉത്തരവ് ബാധിക്കുക.

ഉത്തരവനുസരിച്ച് അനധികൃതമായി താമസിക്കുന്നവരുടെയും താൽക്കാലിക വിസയിലുള്ളവരുടെയും ഇവിടെ ജനിക്കുന്ന മക്കൾക്ക് ജന്മാവകാശമായി പൗരത്വം ലഭിക്കില്ല. ഈ മാറ്റം ഇന്ത്യൻ കുടുംബങ്ങളെ, പ്രത്യേകിച്ച് ഒ1ആ വർക്ക് വിസ അല്ലെങ്കിൽ ഒ4 ആശ്രിത വിസ പോലുള്ള താൽക്കാലിക വിസകളിൽ ഉള്ളവരുടെ കുട്ടികളെ ബാധിക്കും.

ഒരു മില്യണിലേറെ ഇന്ത്യാക്കാരൻ ഇപ്പോൾ എച്ച്-1 വിസയിൽ നിന്ന് ഗ്രീ കാർഡിന് അപേക്ഷിച്ചു കാത്തിരിക്കുന്നു.

അമേരിക്കൻ മണ്ണിൽ ജനിക്കുന്ന കുട്ടികൾക്ക്, അവരുടെ മാതാപിതാക്കൾ പൗരന്മാരല്ലെങ്കിൽ പോലും, ചരിത്രപരമായി ജന്മാവകാശ പൗരത്വം നൽകിയിട്ടുണ്ട്.

പതിറ്റാണ്ടുകളായി ഗ്രീൻ കാർഡ് ബാക്ക് ലോഗിൽ കുടുങ്ങിക്കിടക്കുന്ന ഒരു ദശലക്ഷത്തിലധികം പേർക്ക് അവരുടെ മക്കളുടെ ജന്മാവകാശ പൗരത്വം സ്ഥിരതയുടെ ഉറപ്പായിരുന്നു. ഈ ഉത്തരവ് നടപ്പിലാക്കുന്നതോടെ ഗ്രീൻ കാർഡിന് കാത്തിരിക്കുന്ന മാതാപിതാക്കൾക്ക് യുഎസിൽ ജനിക്കുന്ന കുട്ടികളുടെ പൗരത്വ പദവി അപകടത്തിലാക്കുകയും ഇത് കുടുംബങ്ങളെ അനിശ്ചിതത്വത്തിലാക്കുകയും ചെയ്യും.

ജന്മാവകാശ പൗരത്വം ഉറപ്പുനൽകുന്ന യുഎസ് ഭരണഘടനയുടെ 14-ാം ഭേദഗതിയാണ് ഈ ഉത്തരവ് ചോദ്യം ചെയ്യുന്നത്. 14-ാം ഭേദഗതി ഒരിക്കലും സാർവത്രികമായി ബാധകമാകാൻ ഉദ്ദേശിച്ചുള്ളതല്ലെന്നും താൽക്കാലിക വിസ പോലെ യുഎസിന്റെ 'അധികാരപരിധിക്ക് വിധേയമല്ലാത്ത' വ്യക്തികളെ ഒഴിവാക്കാമെന്ന് എക്സിക്യൂട്ടീവ് ഉത്തരവ് വാദിക്കുന്നു.

എന്നാൽ ഇതിനെതിരെ 14 സ്റ്റേറ്റുകൾ ട്രംപിനെതിരെ കേസുമായി രംഗത്തു വന്നു കഴിഞ്ഞു.

വിദേശ പൗരന്മാർ തങ്ങളുടെ കുട്ടികൾക്ക് പൗരത്വം ഉറപ്പാക്കുന്നതിനായി പ്രസവിക്കാൻ യുഎസിലേക്ക് വരുന്ന ബെർത്ത് ടൂറിസത്തെ നിയന്ത്രിക്കാനും എക്സിക്യൂട്ടീവ് ഉത്തരവ് ലക്ഷ്യമിടുന്നു. മെക്സിക്കൻ കുടുംബങ്ങൾക്കൊപ്പം ഇന്ത്യൻ കുടുംബങ്ങളും ബെർത്ത് ടൂറിസത്തിൽ ഏർപ്പെടുന്നതായി റിപ്പോർട്ടുകൾ പറയുന്നു.

**ജന്മാവകാശ പൗരത്വം ഇല്ലാതാക്കുന്ന ട്രംപിന്റെ ഉത്തരവ് ഫെഡറൽ കോടതി 14 ദിവസത്തേക്കു തടഞ്ഞു**




ജന്മാവകാശ പൗരത്വം ഇല്ലാതാക്കുന്ന പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന്റെ ഉത്തരവ് ഫെഡറൽ കോടതി താത്കാലികമായി തടഞ്ഞു. അമേരിക്കൻ മണ്ണിൽ ജനിക്കുന്ന കുട്ടികൾക്ക് പൗരത്വം ജന്മാവകാശമാക്കുന്ന 14ആം ഭേദഗതി റദ്ദാക്കുന്നതിനെതിരെ നാലു സംസ്ഥാനങ്ങൾ നൽകിയ അപേക്ഷ സ്വീകരിച്ച ജഡ്ജ് ജോൺ സി. കോഗനോർ ഉത്തരവ് മരവിപ്പിച്ചത് 14 ദിവസത്തേക്കാണ്.

വാഷിംഗ്ടൺ, അരിസോണ, ഇല്ലിനോയ്, ഒറിഗൺ സ്റ്റേറ്റുകളുടെ അപേക്ഷ സ്വീകരിച്ച വാഷിംഗ്ടൺ വെസ്റ്റേൺ ഡിസ്ട്രിക്ട് ഫെഡറൽ കോടതി ജഡ്ജ് ട്രംപിന്റെ എക്സിക്യൂട്ടീവ് ഓർഡറിനെ കുറിച്ച് പറഞ്ഞു: 'ഇത് നഗ്നമായി ഭരണഘടന ലംഘിക്കുന്ന ഉത്തരവാണ്. വാസ്തവത്തിൽ, ഇതൊരു ഭരണഘടനാ ഉത്തരവാണെന്ന വാദം ഉന്നയിക്കാൻ ഒരു ബാർ അംഗത്തിന് (ട്രംപ് അഭിഭാഷകൻ) എങ്ങിനെ കഴിയുന്നു എന്നെനിക്കു മനസിലാകുന്നില്ല. അതെന്നെ ചിന്താക്കുഴപ്പത്തിലാക്കുന്നു.'

മണിക്കൂറുകൾക്കു ശേഷം ട്രംപ് പറഞ്ഞു: 'തീർച്ചയായും അപ്പീൽ പോകും.' റൊണാൾഡ് റെയ്ഗൻ നിയമിച്ച ജഡ്ജിനെ പരിഹസിക്കാനും ട്രംപ് മടിച്ചില്ല.

ഫെബ്രുവരി 19നു ശേഷം യുഎസിൽ രേഖകൾ ഇല്ലാത്ത കുടിയേറ്റക്കാർക്കു ജനിക്കുന്ന മക്കൾക്കു പൗരത്വം നിഷേധിക്കും എന്നാണ് ഉത്തരവിൽ പറയുന്നത്. നിയമാനുസൃതം രാജ്യത്തുള്ളവ അമ്മമാരുടെ വിസകൾ താത്കാലികമാണെങ്കിൽ അവരുടെ മക്കൾക്കും ഇത് ബാധകമാണ്. ടൂറിസ്റ്റുകൾ, എച്-1 ബി വിസയിൽ വന്നവർ എന്നിങ്ങനെയുള്ള വിഭാഗങ്ങൾക്ക് ഇത് ബാധകമാണ്.



കോടതികൾ ജന്മാവകാശ പൗരത്വത്തിന്റെ ഭരണഘടനാ സാധുത ഒരിക്കലും ചർച്ച ചെയ്തിട്ടില്ല. ജഡ്ജ് കോഗനോറും അതിനു തുനിഞ്ഞില്ല.

ദീർഘമായ നിയമയുദ്ധത്തിന് ശേഷം വലതുപക്ഷ ഭൂരിപക്ഷമുള്ള സുപ്രീം കോടതിയിൽ എത്തുമ്പോൾ വിജയം നേടാൻ കഴിയും എന്ന ശുഭപ്രതീക്ഷയിലാണ് ഉത്തരവിനെ പിന്തുണയ്ക്കുന്നവർ.

ട്രംപിന്റെ ജന്മാവകാശ ഉത്തരവിനെതിരെ ഇന്ത്യൻ അമേരിക്കൻ കോൺഗ്രസ് അംഗങ്ങൾ ജന്മാവകാശ പൗരത്വം റദ്ദാക്കിയ പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന്റെ നടപടിയെ യുഎസ് കോൺഗ്രസിലെ ഇന്ത്യൻ അമേരിക്കൻ അംഗങ്ങൾ വിമർശിച്ചു. ട്രംപിന്റെ എക്സിക്യൂട്ടീവ് ഓർഡർ അനധികൃത കുടിയേറ്റക്കാരെ മാത്രമല്ല, ഇന്ത്യയിൽ നിന്നുള്ള വിദ്യാർഥികളെയും പ്രഫഷനലുകളെയും കൂടി ബാധിക്കുമെന്ന് അവർ ചൂണ്ടിക്കാട്ടി.

രേഖകൾ ഇല്ലാത്ത മാതാപിതാക്കൾക്ക് അമേരിക്കയിൽ ജനിക്കുന്ന കുട്ടികൾ പൗരത്വത്തിന് അവകാശം ഇല്ലാത്തവർ ആകുമെന്ന് ട്രംപിന്റെ ഉത്തരവിൽ പറയുന്നു. വിദേശ വിദ്യാർഥികളെയും ടൂറിസ്റ്റുകളെയും ഇത് ബാധിക്കാം.

എച്-1 ബി വിസ പോലെ താത്കാലിക അനുമതിയിൽ താമസിക്കുന്നവരുടെ മക്കളെ ഇത് ബാധിക്കുമെന്നു കോൺഗ്രസ് അംഗം റോ ഖന്ന (ഡെമോക്രാറ്റ്-കാലിഫോർണിയ) പറഞ്ഞു.

താത്കാലിക വിസയിൽ 'നിയമാനുസൃതമായി' വന്നു ജോലി ചെയ്യുന്നവർക്ക് ജനിക്കുന്ന കുട്ടികൾക്കും പൗരത്വം നിഷേധിക്കയാണ് ട്രംപിന്റെ ഉത്തരവ് ചെയ്തതെന്ന് ഖന്ന ചൂണ്ടിക്കാട്ടി. 'റിപ്പബ്ലിക്കൻ പാർട്ടി

നിയമാനുസൃത കുടിയേറ്റത്തെ അനുകൂലിക്കുന്നു എന്ന നാട്യം ഇവിടെ പൊളിയുന്നു.‘

കോൺഗ്രസ് അംഗം ശ്രീ തനെദാർ പറഞ്ഞു: ‘ട്രംപ് എന്തു  ചെയ്താലും ജന്മാവകാശ പൗരത്വം ഈ രാജ്യത്തിൻറെ നിയമമാണ്. അതിനെ സംരക്ഷിക്കാൻ ഞാൻ എന്തു  വിലകൊടുത്തും പോരാടും.‘

ട്രംപിന്റെ ഉത്തരവ് ഭരണഘടനാ വിരുദ്ധമാണെന്നു കോൺഗ്രസ് അംഗം പ്രമീള ജയപാൽ പറഞ്ഞു.

ട്രംപിന്റെ ഭരണത്തിൽ യുഎസിൽ 18,000 ഇന്ത്യക്കാർ നാടുകടത്തൽ ഭീഷണിയിൽ

വാഷിംഗ്ടൺ, ഡിസി: ഡൊണാൾഡ് ട്രംപിന്റെ കൂട്ട നാടുകടത്തൽ ഭീഷണിയിൽ ഏകദേശം 18,000 രേഖകളില്ലാത്ത ഇന്ത്യക്കാരും. യുഎസ് ഇമിഗ്രേഷൻ ആൻഡ് കസ്റ്റംസ് എൻഫോഴ്സ്മെന്റിന്റെ (ഐസിഇ) കണക്കുകൾ പ്രകാരം, അന്തിമ നീക്കം ചെയ്യൽ ഉത്തരവുകൾ ലഭിച്ച 1.445 ദശലക്ഷം വ്യക്തികളിൽ 17,940 ഇന്ത്യക്കാരും ഉൾപ്പെടുന്നു.

ട്രംപിന്റെ ഏറ്റവും വലിയ അന്താരാഷ്ട്ര പിന്തുണക്കാരിൽ പെട്ട ഇന്ത്യയും ഇന്ത്യക്കാരും ഇപ്പോൾ അദ്ദേഹത്തിന്റെ നയങ്ങളുടെ യാഥാർത്ഥ്യങ്ങളുമായി, പ്രത്യേകിച്ച് നിയമവിരുദ്ധ കുടിയേറ്റം തടയുന്നതിന് ലക്ഷ്യമിട്ടുള്ളവയുമായി, പൊരുതുകയാണ്. ഏകദേശം 18,000 ഇന്ത്യൻ കുടിയേറ്റക്കാരെ നാടുകടത്തൽ നേരിടേണ്ടിവരുമെന്ന് ബ്ലൂംബെർഗ് റിപ്പോർട്ട് ചെയ്യുന്നു. എന്നിരുന്നാലും രേഖകളില്ലാത്ത വ്യക്തികളെ കണ്ടെത്തുന്നതിലെ വെല്ലുവിളികൾ കാരണം യഥാർത്ഥ എണ്ണം വളരെ കൂടുതലായിരിക്കാം.

പ്യൂ റിസർച്ച് പറയുന്നത്, യുഎസിലെ നിയമവിരുദ്ധ കുടിയേറ്റക്കാരുടെ മൂന്നാമത്തെ വലിയ കൂട്ടമാണ് ഇന്ത്യക്കാർ എന്നാണ്. ഏകദേശം 725,000 പേർ നിയമപരമായ പദവിയില്ലാതെ ജീവിക്കുന്നു. യുഎസ് കസ്റ്റംസ് ആൻഡ് ബോർഡർ പ്രൊട്ടക്ഷനിൽ നിന്നുള്ള ഡാറ്റ നിയമവിരുദ്ധമായ ക്രോസിംഗുകളുടെ വർദ്ധിച്ചുവരുന്ന പ്രവണതയും എടുത്തു കാണിക്കുന്നു, പ്രത്യേകിച്ച് കുറഞ്ഞ യാത്രയുള്ള വടക്കൻ അതിർത്തിയിൽ, ഇന്ത്യക്കാർ എല്ലാ അനധികൃത കുടിയേറ്റക്കാരുടെയും നാലിലൊന്ന് വരും.

ഈ പ്രവേശന കവാടത്തിൽ പിടിക്കപ്പെട്ട നിയമവിരുദ്ധ കുടിയേറ്റക്കാരുടെ ഏറ്റവും വലിയ കൂട്ടമായി ഇന്ത്യക്കാർ മാറിയിരിക്കുന്നു.

നിയമവിരുദ്ധ കുടിയേറ്റത്തിലെ സഹകരണം വിദ്യാർത്ഥി വിസകൾ, വിദഗ്ധ തൊഴിലാളികൾക്കുള്ള എച്ച്-1ബി പ്രോഗ്രാം തുടങ്ങിയ നിർണായക നിയമപരമായ മൈഗ്രേഷൻ ചാനലുകളെ സംരക്ഷിക്കാൻ സഹായിക്കുമെന്ന് ഇന്ത്യ പ്രതീക്ഷിക്കുന്നു. ജോലിക്കും വിദ്യാഭ്യാസത്തിനുമായി എല്ലാ വർഷവും യുഎസിലേക്ക് കുടിയേറുന്ന ആയിരക്കണക്കിന് ഇന്ത്യക്കാർക്ക് ഈ പരിപാടികൾ അത്യാവശ്യമാണ്. നിയമവിരുദ്ധ കുടിയേറ്റത്തെക്കുറിച്ചുള്ള ട്രംപിന്റെ ആശങ്കകൾ പരിഹരിക്കുന്നതിലൂടെ, നിയമപരമായ കുടിയേറ്റത്തിനുള്ള ഈ പ്രധാന വഴികൾ സംരക്ഷിക്കാൻ കഴിയുമെന്നാണ് ഇന്ത്യയുടെ പ്രതീക്ഷ.

ട്രംപിന്റെ തിരഞ്ഞെടുപ്പ് വിജയത്തിൽ ആഹ്ലാദിക്കുന്ന ഇന്ത്യയിലെ ഇന്ത്യക്കാർക്ക്, യുഎസ് പാസ്പോർട്ട് ലഭിക്കണമെങ്കിൽ പഠിക്കാനോ ജോലി ചെയ്യാനോ യുഎസിലുള്ള അവരുടെ കുടുംബങ്ങളുടെ ഇമിഗ്രേഷൻ നിലയ്ക്ക് മുന്നിലുള്ള ബുദ്ധിമുട്ടുള്ള പാതയുണ്ടെന്ന ആശയം ഇപ്പോൾ നേരിടേണ്ടി വന്നേക്കാം.

സ്വന്തം രാജ്യത്തേക്ക് പണം തിരിച്ചയക്കുന്നതിൽ ഇന്ത്യൻ പ്രവാസികൾ ലോകത്തെ നയിക്കുന്നു, ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയ്ക്ക് ഇതിൽ നിന്ന് വളരെയധികം പ്രയോജനം ലഭിച്ചു. നരേന്ദ്ര മോദി സർക്കാർ ‘ബ്രെയിൻ ഡ്രെയിൻ‘ എന്ന പ്രയോഗത്തെ ‘ബ്രെയിൻ ഗെയിൻ‘ എന്നതിലേക്ക് മാറ്റി.

സൗദി അറേബ്യ, തായ്‌വാൻ, ജപ്പാൻ, ഇസ്രായേൽ തുടങ്ങിയ നിരവധി രാജ്യങ്ങളുമായി മോദി സർക്കാർ കുടിയേറ്റ കരാറുകളിൽ ഒപ്പുവച്ചിട്ടുണ്ട്. ഗാർഹിക തൊഴിൽ മേഖലയിലെ വിടവ് പരിഹരിക്കുന്നതിനായി ഈ രാജ്യങ്ങളുമായി കുടിയേറ്റ കരാറുകളിൽ ഒപ്പുവച്ചിട്ടുണ്ട്. എന്നിരുന്നാലും, നിയമവിരുദ്ധ കുടിയേറ്റത്തിനെതിരെ അമേരിക്കയുമായുള്ള ഇന്ത്യയുടെ സഹകരണം ഈ അന്താരാഷ്ട്ര തൊഴിൽ കരാറുകളെ സങ്കീർണ്ണമാക്കുമെന്ന് വിശകലന വിദഗ്ധർ പറയുന്നു.





KALYAN
JEWELLERS
NEW JERSEY
KALYAN
JEWELLERS
INDIA'S ICONIC
JEWELLERY BRAND IS
NOW IN THE
USA
MUHURAT WEDDING
COLLECTIONS
LARGEST COLLECTION
IN
GOLD, DIAMOND, POLKI,
PRECIOUS & UNCUT JEWELLERY
SPACIOUS
SHOWROOM
OAK TREE ROAD, ISELIN, NJ 08830
380+ BRANCHES SPREAD ACROSS USA, INDIA & MIDDLE EAST
WWW.KALYANJEWELLERS.NET | FOLLOW US ON

# നക്സൽബാരി ചായ: അജിതക്ക് ശേഷം സോണിയയുടെ കടുപ്പമുള്ള വിപ്ലവം




**കുര്യൻ പാമ്പാടി**

നക്സലിസം കേരളത്തെ പിടിച്ചുലച്ച് അരനൂറ്റാണ്ടു പിന്നിടുമ്പോൾ ആ ഗറില്ലാ വിപ്ലവത്തിന് തിരികൊളുത്തിയ ഡാർജിലിംഗ് ജില്ലയിലെ നക്സൽ ബാരി തേയില തോട്ടത്തിൽ ഉൽപ്പാദിപ്പിക്കുന്ന ഓർഗാനിക് ടീ മലയാളികളുടെ പ്രിയപ്പെട്ട ചായയായി മാറുന്നു.

'നക്സൽബാരിയിൽ നിന്ന് ഇതാ പുതിയൊരു വിപ്ലവം-140 വർഷത്തെ ചരിത്രം പേറുന്ന കടക് ചായ' (കടുപ്പമുള്ള ചായ) എന്നാണ് 1200 ഏക്കർ വരുന്ന തേയില തോട്ടത്തിന്റെ ഉടമ സോണിയ ജബ്ബർ പരസ്യം ചെയ്യുന്നത്. തോട്ടത്തിൽ ചവുട്ടി മദി ക്കുന്ന ആനകളെ വരുതിയിലാക്കിയതിനെ പേരിൽ നാരീ ശക്തി പുരസ്കാരം നൽകി കേന്ദ്രഗവർമെന്റ് അവരെ ആദരിച്ചു.

സാമൂഹ്യ മാധ്യമങ്ങളിലൂടെ പരിചയപ്പെട്ട നക്സൽബാരി തേയില കോട്ടയത്ത് ഞങ്ങൾ വരുത്തി തുടങ്ങിയിട്ട് ആറു വർഷമായി. കിലോക്ക് 1200 രൂപ. അവർ അയക്കുന്ന പാക്കറ്റിലെ സ്റ്റിക്കറിൽ സോണിയ ജബ്ബാർ എന്ന് പേരുണ്ട്. അവരുടെ മൊബൈൽ നമ്പറും. കാലങ്ങളായി കണ്ണൻ ദേവൻ ടീയും നീലഗിരിയിലെ നോൺ സച് ടീയും ഉപയോഗിച്ചിരുന്ന ഞങ്ങൾ നക്സൽബാരി ടീയിലേക്കു വീഴാൻ കാരണം അതിന്റെ പേരും കടുപ്പവും രുചിയും തന്നെ.

നക്സൽബാരിഗ്രാമത്തിൽ ചാരു മജൂംദാർ, കനു സന്യാൽ, ജംഗൾ സാന്താൾ എന്നീ മാർക്സിസ്റ്റ്-ലെനിനിസ്റ്റ് നേതാക്കളുടെ നേതൃത്വത്തിൽ 1967ൽ നടന്ന ഭൂമി പിടിച്ചെടുക്കൽ സമരത്തിൽ ഒരു പോലീസ് ഇൻസ്പെക്ട ഉൾപ്പെടെ പതിനൊന്നു പേർ കൊല്ലപ്പെട്ടു. അവിടെ തുടങ്ങിയ തീ കേരളം ഉൾപ്പെടെയുള്ള തെക്കേ ഇന്ത്യയിലേക്കും പടർന്നു കയറി.







.കേരളത്തിൽ പിറ്റേ വർഷം കുന്നിക്കൽ നാരായണനും ഭാര്യ മന്ദാകിനിയും മകൾ അജിതയും അണിനിരന്ന സായുധ സമരത്തിൽ തലശേരി പോലീസ് സ്റ്റേഷനും പുൽപള്ളി വയർലെസ്സ് സ്റ്റേഷനും എംഎസ് പി കാമ്പും ഇരയായി. ഒരു ഇൻസ്പെക്റ്ററും രണ്ടു പോലീസുകാരും ഒരു വയർലെസ്സ് ഓപ്പറേറ്ററും കൊല്ലപ്പെട്ടു.

പുല്പള്ളിക്കടുത്ത് കേണിച്ചിറ എന്ന കുടിയേറ്റ ഗ്രാമത്തിൽ മുട്ടാളനായ കർഷപ്രമാണി മത്തായിയുടെ തലയറുത്ത് മതിലിൽ പ്രതിഷ്ഠിച്ചുകൊണ്ടു നക്സൽ വിപ്ലവകാരികൾ കേരളത്തെയും അയൽ നാടുകളെയും ഞെട്ടിച്ച്ത് അക്കാലത്താണ്.

തോക്കെടുത്ത് വിപ്ലവത്തിന് നേതൃത്വം കൊടുത്ത അരീക്കോട് വർഗീസിനെ പോലീസ് വകവരുത്തി. കോഴിക്കോട് റീജണൽ എൻജിനീയറിങ് കോളജ് വിദ്യാത്ഥി രാജനെ നാമാവശേഷനാക്കി. അച്ഛൻ ഈച്ചര വാര്യർ സുപ്രീം കോടതി വരെ പയറ്റിയതിന്റെ ഫലമായി ഉന്നത പോലീസ് ഓഫീസർമാർ വരെ ജയിലിലായി. പിറവി, തലപ്പാവ് തുടങ്ങിയ ചിത്രങ്ങൾ പിറന്നു.

അജിത അന്ന് പതിനെട്ടു മാത്രം പ്രായമുള്ള പ്രീഡിഗ്രി വിദ്യാര്ഥിനിയായിരുന്നു. അച്ഛനമ്മമാരിൽ നിന്നു വിപ്ലവാവേശം കിട്ടി



സായുധ സമരത്തിൽ അണിചേർന്ന ആൾ. ഒമ്പതു വർഷത്തെ തടവിന് ശേഷം സാധാരണ ജീവിതത്തിലേക്ക് തിരിച്ചുവന്ന അജിത 'അന്വേഷി' എന്ന സംഘടനയിലൂടെ മലയാളി മനസിൽ പ്രിയങ്കരിയായി.

അജിതക്ക് ഏപ്രിൽ 13നു 75 തികയുമെങ്കിലും അവരിൽ വിപ്ലവവീര്യം തളരാതെ നിൽക്കുന്നു. അനേക പതിപ്പുകൾ എത്തിയ 'ഓർമ്മക്കുറിപ്പുകൾ' എന്ന ആത്മകഥ ഉൾപ്പെടയുള്ള സമഗ്ര സംഭാവനക്കു അജിതക്ക് കേരള സാഹിത്യ അക്കാദമി പുരസ്‌കാരം ലഭിച്ചു.

തേയില കിലോക്ക് ഒന്നരലക്ഷം രൂപ വരെ വില വാങ്ങി ലോക റിക്കാർഡ് സൃഷ്ടിച്ച നാടാണല്ലോ പശ്ചിമ ബംഗാളിലെ ഡാർജീലിങ് ജില്ല. നക്സൽബാരി, മക്കായിബാരി തുടങ്ങിയ പേരെടുത്ത തേയില തോട്ടങ്ങൾ ഈ ജില്ലയുടെ അഭിമാനങ്ങളാണ്. മൂന്ന് തവണ ഞാൻ ഡാർജീലിംഗ് സന്ദർശിച്ചു. ഒരിക്കൽ നക്സൽബാരി സന്ദർശിച്ച് വിപ്ലവാചാര്യൻ ചാരു മജൂംദാരുമായി സംസാരിച്ചു. അവിടത്തെത്തെ തേയിലത്തോട്ടത്തിൽ ഓട്ടപ്രദക്ഷിണം നടത്തി.

നക്സൽ ബാരി തോട്ടത്തിന്റെ ഹെഡ് ഓഫീസിൽ ഒരു മലയാളി ക്ലാർക്കിനെയും കണ്ടു. ഞാൻ കാണുമ്പോൾ കേരളത്തിലും ബംഗാളിലും ഇടതുപക്ഷം ഭരിക്കുന്നു. ഒന്നര നൂറ്റാണ്ടു മുമ്പ് ഏകദേശം ഒരേ കാലയളവിലാണ് രണ്ടിടങ്ങളിലും തേയില തോട്ടങ്ങൾ വരുന്നത്. എന്നാൽ തോട്ടം തൊഴിലാളികളുടെ സേവന വേതന വ്യവസ്ഥകളിൽ രണ്ടിടങ്ങളിലും അജഗജാന്തരമുണ്ടെന്നു മലയാളി ക്ലാർക്ക് സമർഥിച്ചു. ബംഗാളിലെ വേത ദനാനുകൂല്യങ്ങൾ വളരെ പിന്നിൽ.

കണ്ണൻദേവൻ ദേവൻ കമ്പനിയുടെ സൈലന്റ് വാലി എസ്റ്റേറ്റിൽ അക്കൗണ്ടന്റ് ആയിരുന്നു എന്റെ അയൽക്കാരൻ ജോയി. ഒരിക്കൽ മൂന്നാർസന്ദർശനത്തിനിടെ ഞാൻ ജോയിയെ കാണാൻ എത്തി. അഞ്ചും പത്തും നയാപൈസ നാണയങ്ങൾ എണ്ണിക്കൂട്ടുന്ന തിരക്കിലായിരുന്നു അദ്ദേഹം. ആയിടെ ഉണ്ടായ വേതന വർധനയനുസരിച്ച്തൊഴിലാളികൾക്കു നൽകേണ്ട ശമ്പളത്തിനു വേണ്ടിയാണ് ബദ്ധപ്പാട്. ഏതാനും



പൈസ കൂടിയാലും കുറഞ്ഞാലും എന്താ പ്രശ്നമെന്നു ഞാൻ ആരാഞ്ഞു. 'കൊള്ളാം നല്ല കാര്യമായി. എന്റെ തലപോകും, ഇത് കേരളമാണ്!' എന്ന് ജോയി.

അങ്ങിനെ നിരന്തര സമരങ്ങൾ ചെയ്ത തൊഴിലാളി സമൂഹം. എന്തുപറ്റി? പീരുമേട്ടിലെയും ഏലപ്പാറയിലെയും പലതോട്ടങ്ങളും പൂട്ടി. അതിന്റെ പ്രതിഫലനമായിരിക്കണം നക്സൽബാരി തേയില കേരളത്തിലേക്ക് വന്നുകൊണ്ടിരിക്കുന്നതെന്നു ഞാൻ വിചാരിക്കുന്നു. പകരം മൂന്നാറിലെ കണ്ണൻദേവൻ കമ്പനിയുടെ റിപ്പിൾ തേയില ബംഗാളിലും എത്തുന്നുണ്ടായിരിക്കണം.

കൊൽക്കൊത്തയിൽ ജേർണലിസ്റ് ആയിരുന്നു നക്സൽബാരി തോട്ടത്തിന്റെ അഞ്ചാം തലമുറ ഉടമ സോണിയ. അമ്മ ജോളിയിൽ നിന്ന് ഭരണം ഏറ്റെടുത്തു. അമ്മയുടെ അമ്മ നവാബ് സാദി ബദ്രുൻനെസാ സയീദ ഖാട്ടൂൺ, നവാബിന്റെ പർദ്ദ ധരിക്കാത്ത ഭാര്യ. ആണുങ്ങളുടെ കുത്തകയായ സിത്താർ വായിക്കുന്ന ആൾ

നേപ്പാളിൽ നിന്ന് ആസാമിലേക്കു പോകുന്ന കാട്ടാനകളുടെ വഴിത്താര (ആനച്ചാൽ) കടന്നു പോകുന്നത് എസ്റ്റേറ്റ് വഴിയാണ്. ആനകളെ പിണക്കാതെ അവർക്കു വെള്ളവും തീറ്റയും ഉറപ്പാക്കുന്നതിന് വേണ്ടി സോണിയ തോട്ടത്തിനുള്ളിൽ നൂറേക്കറിൽ ഒരു വനം തന്നെ നട്ടുവളർത്തി. എസ്റ്റേറ്റ് ജോലിക്കാരുടെ (അവർ അറുനൂറ് വരും) മക്കളെ ചേർത്ത് 'ഹാഥി സാഥി' (ആന ചങ്ങാതി) എന്നൊരു പ്രസ്ഥാനവും ആരംഭിച്ചു. അതിന്റെയെല്ലാം പേരിൽ സോണിയ്ക്ക് വേൾഡ് വൈൽഡ് ലൈഫ് ഫണ്ടിന്റെ അംഗീകാരം ലഭിച്ചു.

കന്യാ കുമാരിയിൽ നിന്ന് ആസാമിലെ ഗുവാഹത്തി കടന്നു ചൈനാ അതിർത്തിയിലെ ദിബ്രുഗർ വരെനീണ്ടു കിടക്കുന്ന ഇന്ത്യയിലെ ഏറ്റവും നീളം കൂടിയ റെയിൽ പാതയിൽ പ്രമുഖമായ ഒരു ജംക്ഷൻ ആണ്





**നേപ്പാളിൽ നിന്ന് ആസാമിലേക്കു പോകുന്ന കാട്ടാനകളുടെ വഴിത്താര (ആനച്ചാൽ) കടന്നു പോകുന്നത് എസ്റ്റേറ്റ് വഴിയാണ്. ആനകളെ പിണക്കാതെ അവർക്കു വെള്ളവും തീറ്റയും ഉറപ്പാക്കുന്നതിന് വേണ്ടി സോണിയ തോട്ടത്തിനുള്ളിൽ നൂറേക്കറിൽ ഒരു വനം തന്നെ നട്ടുവളർത്തി. എസ്റ്റേറ്റ് ജോലിക്കാരുടെ (അവർ അറുനൂറ് വരും) മക്കളെ ചേർത്ത് 'ഹാഥി സാഥി' (ആനചങ്ങാതി) എന്നൊരു പ്രസ്ഥാനവും ആരംഭിച്ചു. അതിന്റെയെല്ലാം പേരിൽ സോണിയ്ക്ക് വേൾഡ് വൈൽഡ് ലൈഫ് ഫണ്ടിന്റെ അംഗീകാരം ലഭിച്ചു.**

പശ്ചിമ ബംഗാളിലെ സിലിഗുരി. നേപ്പാളിലേക്കും ഭൂട്ടാനിലേക്കും സിക്കിമിലേക്കും അവിടെനിന്നു തിരിഞ്ഞു പോകണം.

സിലിഗുരിയിൽ നിന്ന് 21 കിലോമീറ്ററേ ഉള്ളു നക്സൽബാരിക്ക്. 38 കി മീ അകലെ ജില്ലാ ആസ്ഥാനമായ ഡാർജിലിംഗിന് പോകും വഴി കുർസിയോങ് ടൗണിനോട് ചേർന്ന് കിടക്കുന്നു ലോക റിക്കോർഡുകൾ നേടിയ മക്കായിബാരി തേയില തോട്ടം. രണ്ടിടത്തും ഉൽപ്പാദിപ്പിക്കുന്നത് രാസവളവും കെമിക്കൽ കീടനാശിനിയും പ്രയോഗിക്കാത്ത ഓർഗാനിക് തേയില. രണ്ടും ഹിമാലയത്തിന്റെ കിഴക്കേ ചെരിവിൽ സമുദ്രനിരപ്പിൽ നിന്ന് 4500 അടി മുകളിൽ.

മലയാള മനോരമയിൽ എന്റെ സഹപ്രവർത്തകൻ ആയിരുന്ന വൈക്കം മധുവുമൊത്ത് ഏറ്റവും ഒടുവിൽ ഞാൻ ഡാർജിലിംഗിൽ പോയത് സിലിഗുരിക്കടുത്തുള്ള ന്യൂ ജൽപൈഗുരി സ്റ്റേഷനിൽ നിന്നു പുറപ്പെടുന്ന ടോയ് ട്രെയിനിൽ. ഊട്ടി ട്രെയിനും ഷിംല ട്രെയിനും പോലെ ഇംഗ്ളീഷുകാർ സ്ഥാപിച്ച തീവണ്ടി. ഡാർജിലിംഗിൽ സമരം ആയതിനാൽ ബസ് ഒന്നും ഓടാത്ത ദിവസം ട്രെയിനിൽ പോകാതെ മാർഗമില്ല.

നേരത്തെ ടിക്കറ്റ് ബുക്ക് ചെയ്താലേ ട്രെയിനിൽ പ്രവേശനം ഉള്ളു. എങ്കിലും അത് പുറപ്പെടുന്നതിനു ഒരുമണിക്കൂർ മുമ്പ് ബന്ധപ്പെട്ട സ്റ്റേഷൻ സൂപ്രണ്ടിനെ കണ്ടു പിടിച്ച് മുഖം കാണിച്ചു. മഹാരാജാവിനേക്കാൾ പവ്വറിൽ ഇരിക്കുന്ന സൂപ്രണ്ട്. ജേർണലിസ്റ്റുകൾ ആണെന്ന മുഖവുരയോടെ ഒരു ഫോട്ടോ എടുത്തതോടെ സൂപ്രണ്ട് അയഞ്ഞു. ഞങ്ങൾക്ക് ചായ വാങ്ങിത്തന്നു, സീറ്റും തന്നു.

ബസിനെക്കാൾ സാവകാശമാണ് ട്രെയിൻ പോവുക. പക്ഷെ അത് പകർന്നു നൽകുന്ന മാനസികോല്ലാസം പറഞ്ഞറിയിക്കാൻ വയ്യ. ഡാർജിലിംഗിൽ അഞ്ഞൂറ് രൂപയ്ക്കു ഞങ്ങൾക്ക് ഡബിൾറൂം കിട്ടുകയും ചെയ്തു. സമരം ആയതിനാൽ ടൂറിസ്റ്റുകളുടെ വരവ് നന്നേ കുറഞ്ഞതാണ് കാരണം. ഡാർജിലിംഗിൽ കോളജുകൾ നടത്തുന്ന ചില മലയാളി വൈദികരെയും കന്യാസ്ത്രീകളെയും ഞങ്ങൾ കണ്ടു. എവറസ്റ് കയറിയ ടെൻസിങ് നോർഗെയെ അനുസ്മരിച്ച് തുടങ്ങിയ ഹിമാലയ മൗണ്ടനീയറിങ് ഇന്സ്ടിട്യൂട്ടും സന്ദർശിച്ചു.

സിലിഗുരിയിലും ഡാർജിലിംഗിന്റെ പ്രാന്തത്തിലുള്ള സൊനാഡയിലും മികച്ച സലേഷ്യൻ ഡോൺ ബൊക്കോ കോളജുകൾ ഉണ്ട്. സൊനാഡയിൽ കാൽ നൂറ്റാണ്ടോളം പ്രിൻസിപ്പൽ ആയിരുന്ന റവ. ഡോ. ജോർജ് തടത്തിലിനെ എനിക്കറിയാം. നക്സൽബാരിചായയെപ്പറ്റി ലേഖനമെഴുതുന്ന വേളയിൽ തടത്തിലിനു ഞാൻ ഒരു മെയിൽ അയച്ചു. വാട്സാപ്പ് സന്ദേശവും.

കാഞ്ഞിരപ്പള്ളി കാപ്പാട് നിന്ന് കോഴിക്കോട്ടെ കുറ്റിയാടിയിലേക്കു കുടിയേറിയ കുടുംബത്തിലെ അംഗം. ശ്രീനാരായണ ഗുരു സൂക്തങ്ങളുടെആഗോള പ്രസക്തിയെക്കുറിച്ച് ഗവേഷണം നടത്തി മദ്രാസ് യൂണിവേഴ്സിറ്റിയിൽ നിന്ന് ഡോക്ട്രേറ്റ്. ഇറ്റലിലിയിൽ നിന്ന് അദ്ദേഹം എന്നെ വിളിച്ചു. ഡോൺബോസ്കോ ആഗോള ആസ്ഥാനത്തു ഉന്നത വിദ്യാഭ്യാസത്തിന്റെ ചുമതലക്കാരനായി റോമിൽ ആണിപ്പോൾ.

'ഡാർജീലിങ് ചായക്ക് ആഗോള പ്രശസ്തി കിട്ടിയതിൽ ഞാൻ അഭിമാനിക്കുന്നു. സിലിഗുരിയിലും നക്സൽബാരിയിലും അരങ്ങേറിയ കർഷക സമരങ്ങളോട് എനിക്ക് സഹാനുഭൂതിയുണ്ട്. സമൂഹത്തിലെ പാർശ്വവൽക്കരിപ്പിക്കപ്പെട്ട അദ്ധ്വാന വർഗ്ഗത്തിന്റെ കൂടെയായിരുന്നല്ലോ ശ്രീനാരായണഗുരു,' റോമിൽനിന്നു എനിക്കയച്ച സന്ദേശത്തിൽ അദ്ദേഹം പറഞ്ഞു.

അടുത്താഴ്ച അദ്ദേഹം ഇന്ത്യയിലേക്കു മടങ്ങും. കേരളത്തിൽ ഇനി വരുമ്പോൾ കാണാൻ ഞാൻ നോക്കിപ്പാർത്തിരിക്കുന്നു.


Muthoot Finance USA Inc.
You Only NEED
A GOLD LOAN
To Make Your Dreams
A REALITY!
Just avail a gold loan from Muthoot Finance and experience a host of incredible benefits.
Maximum Loan Value
Get the best loan value for your gold
Quick Loan Approval
Fast processing to get you your funds immediately
Easy Documentation
Hassle-free paperwork for a seamless loan experience
Trust the gold loan experts and secure your future today.
Visit our branches at:
New York Branch
1620, Hillside Ave,
New Hyde Park, New York - 11040
+1 (516) 352 7900
New Jersey Branch
1407, Oak Tree Road,
Iselin, New Jersey - 08830
+1 (732) 305 8200
Live Chat: +91 8078014111
Muthoot Family - 800 years of Business Legacy

# സെർഗോ വിജയരാജ് (സ്റ്റാർ സിംഗർ പ്രോഗ്രാം പ്രൊഡ്യൂസർ ഏഷ്യാനെറ്റ്) മീഡിയ എക്സലൻസ് അവാർഡ് 2025 ബെസ്റ്റ് എന്റർടൈനർ പ്രോഗ്രാം പുരസ്കാരത്തിന് അർഹനായി



രഞ്ജിനി രാമചന്ദ്രൻ

കൊച്ചി ഗോകുലം കൺവെൻഷൻ സെന്ററിൽ നടന്ന പ്രൗഢഗംഭീരമായ ചടങ്ങിൽ ശ്രീ കെ .ജെ മാക്സി എം എൽ എ ഫലകവും ശ്രീ ബിജു കട്ടത്തറ പ്രശസ്തിപത്രവും ചെക്കും നൽകി ആദരിച്ചു.

പ്രേക്ഷകന്റെ ആസ്വാദന നിലവാരത്തെ തെല്ലും ബാധിക്കാത്ത തരത്തിൽ ഇമോഷൻസിന് പ്രാധാന്യം നൽകി പ്രേക്ഷകരുടെ അഭിരുചികളെ തൃപ്തിപ്പെടുത്തുന്ന തരത്തിൽ കഴിഞ്ഞ 23 വർഷങ്ങളായി മലയാളം എന്റർടൈൻമെന്റ് ഇൻഡസ്ട്രിയിൽ നിറഞ്ഞുനിൽക്കുന്ന സാന്നിധ്യമാണ് സർഗോ വിജയരാജ്. 1999ൽ മിനിസ്ക്രീനിലേക്ക് ശ്രദ്ധ തിരിച്ച് സർഗോ സൂര്യ ടിവിയുടെ ജനപ്രിയ പ്രോഗ്രാമുകളുടെ പ്രൊഡ്യൂസർ ആയിരുന്നു. തരികിട കോമഡി ടൈം തുടങ്ങിയ പരിപാടികളുടെ വേറിട്ട ചിന്തകളും അവതരണവും കാഴ്ചവച്ചു.മലബാറിലും, ഗൾഫ് നാടുകളിലും, മാപ്പിള സംസ്കാരം ഇഷ്ടപ്പെട്ടിരുന്നവർക്കിടയിലും മാത്രമായി ഒതുങ്ങിയിരുന്ന മാപ്പിളപ്പാട്ടുകൾക്ക് ലോകമെമ്പാടുമുള്ള സംഗീതപ്രേമികളുടെ –; വിശിഷ്യാ.., ടെലിവിഷൻ പ്രേക്ഷകരുടെ മനസ്സിൽ വ്യക്തവും ശക്തവുമായ സ്ഥാനം നൽകുന്നതിൽ വിജയിച്ച.., 'മൈലാഞ്ചി' എന്ന മ്യൂസിക് റിയാലിറ്റി ഷോ.., 'കോമഡി എക്സ്പ്രസ്' എന്ന കോമഡി റിയാലിറ്റി ഷോ.., 'സ രി ഗ മ പ' എന്ന മ്യൂസിക് റിയാലിറ്റി ഷോ എന്നിവയുടെ ജനപ്രീതിയും നിരൂപകപ്രശംസകളും സർഗോ വിജയരാജ്ന്റെ മികവുകൾക്കുള്ള ഉദാഹരണങ്ങളാണ്. ഏഷ്യാനെറ്റിലൂടെ സംപ്രേഷണം ചെയ്ത ഏറ്റവും മികച്ച സീസൺ എന്ന നിരൂപക പ്രശംസ നേടിയ സ്റ്റാർ സിംഗർ സീസൺ 9 എന്ന ഷോ സർഗോ വിജയരാജിന്റെ വിജയ കിരീടത്തിലെ പൊൻ തൂവലുകളാണ്.

കൊച്ചി ഗോകുലം കൺവെൻഷൻ സെന്ററിൽ നടന്ന ചടങ്ങുകൾ പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ നിലവിളക്കു കൊളുത്തി ഉദ്ഘാടനം ചെയ്തു . ഇന്ത്യ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്കയുടെ പ്രസിഡന്റ് സുനിൽ ട്രൈസ്റ്റാർ (സാമുവേൽ ഈശോ) അധ്യക്ഷത വഹിച്ച ചടങ്ങിൽ മുൻ കേന്ദ്ര മന്ത്രിയും ഇപ്പോൾ കേരള ഗവണ്മെന്റിന്റെ ക്യാബിനറ്റ് റാങ്കുള്ള കേന്ദ്രത്തിലെ പ്രത്യേക പ്രതിനിധിയായ പ്രൊഫസർ കെ.വി. തോമസ്, ഹൈബി ഈഡൻ എം പി, എം എൽ എ മാരായ മോൻസ് ജോസഫ്, അൻവർ സാദത്, റോജി എം ജോൺ, മാണി സി കാപ്പൻ , ടി ജെ വിനോദ് , കെ ജെ മാക്സി, മുൻ എംപി സെബാസ്റ്റ്യൻ പോൾ , കേരള മീഡിയ അക്കാദമി ചെയർമാൻ ആർ എസ് ബാബു, ജോണി ലൂക്കോസ് ഡയറക്ടർ, മനോരമ ന്യൂസ്, സാജ് എർത്ത് റിസോർട് ഉടമകൾ സാജൻ, മിനി സാജൻ, സുമേഷ് അച്ചുതൻ, ഫൊക്കാന പ്രസിഡന്റ് സജിമോൻ ആന്റണി, ഫോമാ പ്രസിഡന്റ് ബേബി മണക്കുന്നേൽ, ഫൊക്കാന മുൻ പ്രസിഡന്റ് ബാബു സ്റ്റീഫൻ, ദിലീപ് വെർഗീസ് , അനിയൻ ജോർജ് കൂടാതെ ഇന്ത്യ പ്രസ് ക്ലബ് സെക്രട്ടറി ഷിജോ പൗലോസ്, അഡ്വൈസറി ബോർഡ് ചെയർമാൻ സുനിൽ തൈമറ്റം, നിയുക്ത പ്രസിഡന്റ് രാജു പള്ളത്, വൈസ് പ്രസിഡന്റ് അനിൽകുമാർ ആറന്മുള, ജോയിന്റ് സെക്രട്ടറി ആശ മാത്യു, ജോയിന്റ് ട്രെഷറർ റോയ്മുളകുന്നം,അഡ്വൈസറി ബോർഡ് അംഗങ്ങളും പങ്കെടുത്തു.






LIVE
Television Channels
Streaming of Events
'VOD' Video On Demand
Movies | Shows | Photos
Event Tickets
One App for All Media Outlets
MediaAppUSA
amazon fireTV
Amazon fireTV
ROKU
ROKU TV
tv
Apple TV
Google TV
GoogleTV
Samsung SMART TV
Samsung TV
LG Life's Good
LGTV
Panasonic
Panasonic
VIZIO
VIZIO TV
iPhone
Android
Download on the App Store
ANDROID APP ON Google play
Available in App Store or Google Store
Scan the QR Code for instant download
Download
'MediaAppUSA'

# ഫൊക്കാന ന്യൂയോർക്ക് മെട്രോ റീജിയൻ വിമൻസ് ഫോറം ഉദ്ഘാടനവും ഹോളിഡേ സെലിബ്രേഷനും വർണാഭമായി




ന്യൂ യോർക്ക് : വലിയ പങ്കാളിത്തവും ശ്രദ്ധേയമായ വിശിഷ്ട അതിഥികളുടെ പ്രസംഗങ്ങളും മികച്ച കലാ പരിപാടികളും കൊണ്ട് ഫൊക്കാന ന്യൂ യോർക്ക് റീജിയൻ വിമൻസ് ഫോറം ഉദ്ഘാടനവും ഹോളിഡേ സെലിബ്രേഷനും വർണാഭമായി. ന്യൂ യോർക്ക് റീജിയന്റെ ചരിത്രത്തിൽ വിമൻസ് ഫോറത്തിൻറെ പുതിയ ഒരു അദ്ധ്യായത്തിനു തുടക്കം കുറിക്കുന്നതിന് ന്യൂ യോർക്ക് റീജിയൻ വിമൻസ് ഫോറം ചെയർ ഉഷാ ജോർജിനും സഹപ്രവർത്തകർക്കും കഴിഞ്ഞു.

ജനുവരി 18 ന് ശനിയാഴ്ച്ച രാവിലെ പത്തര മണിമുതൽ ഉച്ചക്ക് രണ്ടു മണി വരെ ന്യൂ യോർക്ക് കേരളാ സെന്ററിലിലെ മനോഹരമായ ഓഡിറ്റോറിയത്തിലായിരുന്നു ഹൃദ്യമായ ഈ പരിപാടികൾ അരങ്ങേറിയത്. നൂറിൽ അധികം പേർ പങ്കെടുത്ത ഈ പരിപാടിയിൽ റോക്‌ലാൻഡ് കൗണ്ടി ലെജിസ്ലേറ്ററും വൈസ് ചെയറും ആയ ഡോക്ടർ. ആനി പോൾ, ടൌൺ ഓഫ് നോർത്ത് ഹെംപ്സ്റ്റഡ് ക്ലാർക്ക് രാഗിണി ശ്രീവാസ്തവ, പ്രശസ്ത സിനിമ നടി ഗീത എന്നിവർ മുഖ്യ അതിഥികൾ ആയിരുന്നു.

ഫൊക്കാന ന്യൂ യോർക്ക് മെട്രോ റീജിയണൽ വൈസ് പ്രസിഡന്റ് ലാജി തോമസിന്റെ അഭാവത്തിൽ വിമൻസ് ഫോറം ചെയർ ഉഷ ജോർജ് മീറ്റിംഗിന് നേതൃതം നൽകി. വിമൻസ് ഫോറം കോർഡിനേറ്റർ മിൽഫി സിജുവിന്റെ സ്വാഗത പ്രസംഗത്തോടെ മീറ്റിംഗ് ആരംഭിച്ചു. വിമൻസ് ഫോറം കമ്മിറ്റി മെമ്പർ കൂടിയായ റിയ അലക്സാൻഡർ പ്രാർത്ഥന ഗീത വും, ഇന്ത്യൻ ദേശീയ ഗാനവും, സാറാ പുതുശ്ശേരി അമേരിക്കൻ ദേശീയ ഗാനവും ആലപിച്ചു. പ്രോഗ്രാമിൻറെ എംസിമാരായി ആനി സാബു (വിമൻസ് ഫോറം കോ-ചെയർ), സിജി തോമസ് (വിമൻസ് ഫോറം സെക്രട്ടറി) എന്നിവർ ആയിരുന്നു. വിമൻസ് ഫോറം ചെയർ ഉഷ ജോർജ് സദസ്സിനെ അഭിസംബോധന ചെയ്ത് സംസാരിച്ചു. അടുത്ത രണ്ടു വർഷത്തെ വിമൻസ് ഫോറം പ്രവർത്തനങ്ങൾ വിവരിക്കുകയും, സ്ത്രീ ശാക്തീകരണം കൊണ്ട് ഉദ്ദേശിക്കുന്നത് ശക്തമായ നേതൃത പരിശീലനത്തിൽ കൂടി സ്ത്രീകളെ പ്രതികരിക്കാൻ കഴിവുള്ള ശക്തയും ധീരതയും ഉള്ള വനിതകൾ ആക്കി തീർക്കുക എന്നതാണ്. അതുപോലെ തന്നെ സ്ത്രീകൾക്ക് ഇന്നു സമൂഹത്തിലും രാജ്യത്തിൻറെ ഭരണ സിരാകേന്ദ്രങ്ങളിൽ വേണ്ട വിധത്തിലുള്ള അംഗീകാരങ്ങൾ നൽകുന്നില്ല എന്നും ചൂണ്ടി കാട്ടി.

വരും ദിവസങ്ങളിൽ വിമൻസ് ഫോറം സ്ത്രീകൾക്ക് പ്രയോജനപ്പെടുന്ന വിവിധ മേഘലകളിൽ പരിശീലനം ചെയ്യുന്നതിനായി സൂമിലും, വെബിനാർ വഴിയും എഡ്യൂക്കേഷണൽ സെമിനാർ സംഘടിപ്പിക്കുകയും, നാട്ടിൽ നിർദ്ദരായ കുടുംബങ്ങൾക്ക് ധന സഹായവും, അർഹതപ്പെട്ട വിദ്യാർത്ഥികൾക് പഠനത്തിനായി സ്കോളർഷിപ് തുടങ്ങിയ സേവനകൾക്ക് മുൻതൂക്കം നകുന്നതായിരിക്കും.

ഡോക്ടർ ആനി പോളിൻറെ പ്രസംഗത്തോടുകൂടി ന്യൂ യോർക്ക് മെട്രോ റീജിയണൽ വിമൻസ് ഫോറം ഉൽഘാടനം ചെയ്തു. പ്രശസ്ത സിനിമ നടി ഗീത വിമൻസ് ഫോറത്തിന്റെ പ്രവർത്തനങ്ങളെ വളരെ അധികം പ്രശംസിക്കുകയും അഭിനന്ദനങ്ങൾ അർപ്പിക്കുകയും ചെയ്തു. രാഗിണി ശ്രീവാസ്തവ ഫൊക്കാന വിമൻസ് ഫോറത്തിന്റെ എല്ലാ പ്രവർത്തനങ്ങൾക്കും ആശംസകൾ അർപ്പിക്കുകയും, വിമൻസ് ഫോറം എക്സിക്യൂട്ടീവ്സ്, വിമൻസ് ഫോറം ചെയർ ഉഷാ ജോർജ്, കോ-ചെയർ ആനി സാബു, സെക്രട്ടറി സിജി തോമസ്, ട്രെഷറർ ഡെയ്സി തോമസ്, യുവജനക്കമ്മിറ്റീ മെമ്പറും നല്ല ഗായികയുമായ റിയ അലക്സാണ്ടർ, ഫൊക്കാന നാഷണൽ വിമൻസ് ഫോറം മെമ്പർ ശോശാമ്മ ആൻഡ്രൂസ്നെയും കമ്മ്യൂണിറ്റി സർവീസ് അവാർഡുകൾ നൽകി ആദരിച്ചു. തുടർന്ന് ഭദ്രദീപം കൊളുത്തുന്ന



ചടങ്ങിന് ഫൊക്കാന നാഷണൽ കമ്മിറ്റി അംഗം മേരി ഫിലിപ്പ് നേതൃത്വം നൽകി. ചടങ്ങിന് എല്ലാ ഫൊക്കാന ഭാരവാഹികളും സംബന്ധിക്കുകയുണ്ടായി.

ഫൊക്കാന നാഷണൽ വിമൻസ് ഫോറം ചെയർ രേവതി പിള്ളയുടെ അഭാവത്തിൽ വിമൻസ് ഫോറം നാഷണൽ കമ്മിറ്റി അംഗമായ ശോശാമ്മ ആൻഡ്രൂസ് നാഷണൽ വിമൻസ് ഫോറത്തിൻറെ പ്രവർത്തനങ്ങളെ കുറിച്ച് വിശദീകരിച്ചു. വിമൻസ് ഫോറം നാഷണൽ കമ്മിറ്റി മെമ്പർ ഉഷാ ചാക്കോ, ന്യൂ യോർക്ക് മെട്രോ റീജിയൻ സെക്രട്ടറി ഡോൺ തോമസ് മെട്രോ റീജിയണിനെ പ്രതിനിതീകരിച്ചു ആശംസകൾ അർപ്പിച്ചു. മെട്രോ റീജിയൻ ട്രെഷറർ മാത്യു തോമസ്, റീജണൽ കോർഡിനേറ്റർ ജിൻസ് ജോസഫ് എന്നിവരും ആശംസകൾ അറിയിക്കുകയും, പരിപാടിയുടെ വിജയത്തിന് വേണ്ടിയുള്ള എല്ലാവിധ സഹായസഹകരണങ്ങൾ നൽകുകയും ചെയ്തു.




ഫൊക്കാന ബോർഡ് ഓഫ് ട്രൂസ്റ്റീ സെക്രട്ടറി ബിജു ജോൺ കൊട്ടാരക്കര, ന്യൂ യോർക്ക് അപ്പ് സ്റ്റേറ്റ് റീജിയൻ-2 വൈസ് പ്രസിഡന്റ് ആൻറ്റോ വർക്കി, ഫൊക്കാന നാഷണൽ കമ്മിറ്റി മെമ്പർമാരായ മത്തായി ചാക്കോ, സിജു സെബാസ്റ്റ്യൻ, ഫൊക്കാന ഒഫീഷ്യൽ ഷാജു സാം, കേരളം സെൻ്റർ സെക്രട്ടറി രാജു തോമസ്, കേരളാ സമാജം സെക്രട്ടറി മാത്തുക്കുട്ടി ഈശോ, നാഷണൽ ഇന്ത്യൻ നേഴ്സ് പ്രാക്ടീഷണേഴ്സ് അസോസിയേഷൻ പ്രസിഡന്റ് സാറ അമ്പാട്ട്, ക്യുൻസ് അസംബ്ലി മാൻ എഡ്‌വേർഡ് ബ്രൗൺസ്റ്റെയ്നെ പ്രതിനിതീകരിച്ചു കോശി ഓ തോമസ്, പയനിയർ ക്ലബ് ഓഫ് നോർത്ത് അമേരിക്ക പ്രസിഡന്റ് ജോണി സക്കറിയാ തുടങ്ങിയ പ്രമുഖ വ്യക്തികൾ പങ്കെടുക്കുകയും ആശംസകൾ അർപ്പിക്കുകയും ചെയ്തു.



ഫൊക്കാനയുടെ പ്രവർത്തനങ്ങളുമായി കേരളത്തിൽ ആയിരിന്ന പ്രസിഡന്റ് സജിമോൻ ആന്റണി, സെക്രട്ടറി ശ്രീകുമാർ ഉണ്ണിത്താൻ, ട്രെഷറർ ജോയി ചാക്കപ്പൻ, അഡിഷണൽ അസോസിയേറ്റ് സെക്രട്ടറി അപ്പുകുട്ടൻ പിള്ള, ട്രുസ്ടീ ബോർഡ് മെമ്പേഴ്സ് ആയ ലീല മാരേട്, തോമസ് തോമസ് പാലത്ര, കേരളാ കൺവെൻഷൻ കോർഡിനേറ്റർ ജോയ് ഇട്ടൻ എന്നിവർ വിമൻസ് ഫോറത്തിനുള്ള എല്ലാ സഹകരണങ്ങളും ആശംസയും അറിയിച്ചു.




ഫൊക്കാന നാഷണൽ കമ്മിറ്റി മെമ്പറും, മികച്ച ഗായികയും അവതാരികയും ആയ മേരിക്കുട്ടി മൈക്കിളിൻറെയും, വിമൻസ് ഫോറം യൂത്ത് കോർഡിനേറ്റർ റിയ അലക്സാണ്ടറുടെയും മനോഹര ഗാനങ്ങൾ മീറ്റിംഗിന് മാറ്റു കൂട്ടി. വിമൻസ് ഫോറം ട്രെഷറർ ഡെയ്സി തോമസ് എല്ലാവർക്കും നന്ദി അറിയിച്ചു. പ്രോഗ്രാമിന്റെ വിജയത്തിനായി സ്പോൺസർഷിപ് തന്നു സഹായിച്ച മഹാരാജാ ഗ്രൂപ്പ് ഓഫ് ഫുഡ് ആൻഡ് സൂപ്പർ മാർക്കറ്റ്, മാത്യു തോമസ് (Cross Island Reality), റ്റി ആർ ജോയി (TR Joy and Asosciates Inc ), സാബു ലൂക്കോസ് (Blue Ocean Wealth Solutions ), റോയി സി തോമസ് (Farmers Insurance ), ഷാജു സാം (Professional accounting and Tax Consulting Inc) ഡെയ്‌സി തോമസ് (Daisy Trophies ), ഏലിയാമ്മ മാത്യു, ലില്ലിക്കുട്ടി തോട്ടത്തിൽ എന്നിവരോടും ഉള്ള നന്ദി അറിയിച്ചു. ഉച്ച ഭക്ഷണത്തോട് കൂടി പരിപാടികൾ അവസാനിച്ചു.









# Blue Ocean
## Wealth Solutions

A member of the MassMutual Financial Group



### Philipose Samuel

I specialize in helping businesses and individuals plan for the future by customizing solutions to meet their needs. I take a client-centered approach by using relevant financial and personal information to understand their goals. I analyze this information and prepare a specific Action Plan to help my clients focus on the steps necessary to reach these goals

## BUSINESS NEEDS

### Business Continuation Planning
Key Employee Insurance
Business Overhead Insurance
Disability Buyouts
Buy-Sell Arrangements

### Retirement Planning
401K Plans
403b Plans
Simplified Employee Pensions (SEPs)
Simple IRAs

### Employee Benefits Products
Health Insurance
Short-term and Long-term Disability Insurance
Health Insurance*

### Group Health insurance
Group Whole Life (Without Medicals)
Group Disability &
Group Dental Plans Insurance

## PERSONAL NEEDS

### Wealth Communication
Managed Investment Accounts
Mutual Funds
Exchange Traded Funds
Fixed, Variable and Index Annuities
Traditional and Roth IRAs
Education Funding Strategies
Retirement Planning

### Family Protection
Long-Term Care Insurance
Whole Life Insurance
Term Life Insurance
Disability Income Insurance
Medicare Supplement & Advantage Plans*
Medicare Part D*
Charitable Planning Strategies
Home Owner's Insurance*
Auto Insurance*
Estate Conservation

MassMutual Leaders Conference:
2022, 2021, 2019, 2018
MetLife, Leaders Conference: 2015, 2014
2012-10, 2008, 2005-03, 2001, 1998, 1997
MetLife Presidents Conference : 2007
NAIFA National Sales Achievement Award: 1999
NAIFA Quality Award : 1998

**Philipose Samuel (Sam)**
*30 Years of Service*
Financial Service Representative Financial Advisor
O: (516) 326-7028 | C: (516) 312-2902
psamuel@financialguide.com | www.blueocean.us.com
For Messaging Please use the Phone number 516 774 4283

Insurance Representative of Massachusetts Mutual Life Insurance Company (MassMutual), Springfield, MA 01111-0001, and its aliated US insurance companies. Registered Representative of and securities and investment advisory services oered through MML Investors Services, LLC, Member SIPC and a MassMutual subsidiary.2200 Northern Boulevard Suite 200 East Hills NY 11548 (516) 686-7000. Local sales agencies are not subsidiaries of MassMutual or its aliated companies. "Property & Casualty insurance is oered through a variety of quality insurance companies that are not aliated with MassMutual or MML Investors Services, LLC. Some health insurance products oered by unaliated insurers. **Not practicing on behalf of MassMutual or its aliates. CRN202501-1659414.


GRANEX KITCHEN
We are your one-stop shop for Granite, Marble
OUR PRODUCTS
COUNTERTOPS
VANITIES
SINKS
FAUCETS
BACKSPLASH
TILES
Fabrication shop on premises
Custom kitchen designers are available to render your dream kitchen.
QUARTZ SLABS
Hundreds of colors in stock
FINANCING AVAILABLE
ONE YEAR FINANCING for qualified clients
ADDITIONAL SERVICES
BATHROOM & KITCHEN REMODELING
615 Medford Ave, Patchogue, New York 1-631-438-1470 | sales@granexkitchen.com

# പാലാ കെ.എം മാത്യു വിവിധ മേഖലകളിൽ സ്വാധീനം ചെലുത്തിയ വ്യക്തി: ഡോ. ശശി തരൂർ എം.പി



കോട്ടയം: ജീവിതത്തിൻറെ വിവിധ മേഖലകളിൽ സ്വാധീനം ചെലുത്തിയ വ്യക്തിയായിരുന്നു പാലാ കെ.എം മാത്യു എന്ന് ഡോ. ശശി തരൂർ എം.പി. രാഷ്ട്രീയ സാമൂഹിക സാംസ്കാരിക പ്രവർത്തനങ്ങൾക്കിടയിൽ വായിക്കുകയും പഠിക്കുകയും കുട്ടികൾക്കായ് എഴുതുകയും ചെയ്തത് തന്നെ അതിശയിപ്പിച്ച കാര്യമാണെന്നും അദ്ദേഹം പറഞ്ഞു.

മൂല്യങ്ങളിൽ ഉറച്ചു വിശ്വസ്ക്കുകയും ഒരു തലമുറയെ അതിൽ വിശ്വസിപ്പിക്കുകയും ചെയ്ത വ്യക്തിത്വമായിരുന്നു പാലാ കെ.എം മാത്യുവിൻറേത്. കേരളത്തിലെ ഏറ്റവും മികച്ച ബാലസാഹിത്യ കൃതിക്ക് പാലാ കെ.എം മാത്യു അവാർഡ് സമ്മാനിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം. കൊടുമൺ ഗോപാലകൃഷ്ണൻറെ ''ചിൽഡ്രൻസ് തീയേറ്റർ'' എന്ന കൃതിക്കാണ് പ്രശസ്തി പത്രവും ഫലകവും ക്യാഷ് അവാർഡും ലഭിച്ചത്.

മൂല്യച്യുതി സംഭവിച്ചുകൊണ്ടിരിക്കുന്ന ഒരു തലമുറയ്ക്ക് അനുകരിക്കാവുന്ന വ്യക്തിത്വങ്ങൾ ഇല്ലാതായിരിക്കുന്നുവെന്നും മാതൃകയാക്കാവുന്ന ഒരു വ്യക്തിത്വമായിരുന്നു പാലാ കെ.എം മാത്യുവെന്നും ശശി തരൂർ പറഞ്ഞു.

തൻറെ ദീർഘകാലസുഹൃത്തും യുഎന്നിലെ സഹപ്രവർത്തകനുമായിരുന്നു പാലാ കെ.എം മാത്യു ഫൌണ്ടേഷൻ ചെയർമാൻ ജോർജ് ഏബ്രഹാം. അദ്ദേഹം പാലാ കെ.എം മാത്യു പഠിപ്പിച്ച മൂല്യങ്ങളിൽ ഉറച്ചു നിന്നതുകൊണ്ടാണ് ഉന്നത പദവികളിൽ എത്തിയതെന്ന് ഉറപ്പുണ്ടെന്നും തരൂർ പറഞ്ഞു. ഇന്നത്തെ അദ്ധ്യാപകർ കുട്ടികളെ എന്താണ് ചിന്തിക്കേണ്ടതെന്ന് അല്ല മറിച്ച് എങ്ങനെയാണ് ചിന്തിക്കേണ്ടതെന്ന് പഠിപ്പിക്കണമെന്നും അദ്ദേഹം പറഞ്ഞു.

എൻറെ ജീവിതത്തെ ഏറ്റവും സ്വാധീനിച്ച വ്യക്തിയായിരുന്നു പാലാ കെ.എം മാത്യുവെന്ന് സമ്മേളനത്തിൻറെ അദ്ധ്യക്ഷത വഹിച്ച ഫൌണ്ടേഷൻ ചെയർമാൻ ജോർജ് ഏബ്രഹാം പറഞ്ഞു. ആദർശപരമായ ജീവിതം നയിക്കുവാൻ പഠിപ്പിച്ചതും പരിവർത്തനത്തിനുള്ള വാതിൽ തുറന്നു തന്നതും മാത്യു സാർ ആയിരുന്നു എന്നും ജോർജ് ഏബ്രഹാം അനുസ്മരിച്ചു.

ഒരു തലമുറയുടെ സ്വഭാവരൂപീകരണത്തിനും വ്യക്തമായ ദിശാബോധം നൽകുന്നതിനും പാലാ കെ.എം മാത്യു വഹിച്ച പങ്ക് എടുത്തു പറയേണ്ടതാണെന്നും എല്ലാ കാലത്തും അനുസ്മരിക്കപ്പെടേണ്ട വ്യക്തിയാണ് അദ്ദേഹമെന്നും ആശംസകൾ അർപ്പിച്ചുകൊണ്ട് മുൻ സാംസ്കാരിക മന്ത്രി കെ.സി ജോസഫ് പറഞ്ഞു.

സമാധാനത്തിനുള്ള നൊബേൽ സമ്മാനം ലഭിച്ച ഏറ്റവും പ്രായം കുറഞ്ഞ വ്യക്തിയായ മലാല യൂസഫ് സായിയെ പോലെ പുതുതലമുറ ചിന്തിക്കണമെന്നും പ്രവർത്തിക്കണമെന്നും കമ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യയുടെ സമുന്നത നേതാവായ അഡ്വ. വി.ബി. ബിനു ആശംസകൾ അർപ്പിച്ചുകൊണ്ട് പറഞ്ഞു.

എല്ലാ പ്രവർത്തന മണ്ഡലങ്ങളിലും ആദർശ ശുദ്ധിയോടെ നിൽക്കുവാൻ പഠിപ്പിച്ച പാലാ കെ.എം മാത്യുവിനെ തൻറെ ജീവിതം അവസാനിക്കുന്നതുവരെ മറക്കാൻ സാധിക്കില്ലെന്ന് മുൻ കേരള ആഭ്യന്തര മന്ത്രി തിരുവഞ്ചൂർ രാധാകൃഷ്ണൻ എം.എൽ.എ പറഞ്ഞു.

വിവിധ സ്കൂളുകളിലെ കുട്ടികളുമായി ശശി തരൂർ എം.പി തുടർന്ന് സംവാദം നടത്തി.

സമ്മേളനത്തിൽ ഇന്ദിര രാജൻ, ഫൌണ്ടേഷൻ ജനറൽ സെക്രട്ടറി സുകുമാരൻ മൂലേക്കാട് എന്നിവർ സംസാരിച്ചു. ബേക്കർ വിദ്യാപീഠം സീനിയർ സെക്കണ്ടറി സ്കൂൾ പ്രിൻസിപ്പാൾ ഡോ. ബസ്സി വർക്കി അവാർഡ് കൃതി പരിചയപ്പെടുത്തി. അവാർഡ് ജേതാവ് കൊടുമൺ ഗോപാലകൃഷ്ണൻ മറുപടി പ്രസംഗം നടത്തി.



പാലാ കെ.എം മാത്യു ഫൌണ്ടേഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ സോമു മാത്യു സ്വാഗതവും ഡയറക്ടർ കുര്യൻ ജോയി നന്ദിയും പറഞ്ഞു. വിവിധ സ്കൂളുകളിലെ കുട്ടികൾ, അദ്ധ്യാപകർ, മാതാപിതാക്കൾ, സുഹൃത്തുക്കൾ എന്നിവരുടെ ഒരു വലിയ സൌഹൃദ സദസ്സ് യോഗത്തിൽ പങ്കെടുത്തു.

# പിസിനാക്ക് പ്രയർ ലൈൻ ഉദ്ഘാടനം ചെയ്തു



ചിക്കാഗോ: 2026 ൽ ചിക്കാഗോയിൽ വച്ച് നടക്കുന്ന നാല്പതാമത്തെ പിസിനാക്കിന്റെ ഒന്നരവർഷം നീണ്ടുനിൽക്കുന്ന ആഗോള വ്യാപകമായ പ്രാർത്ഥനയ്ക്ക് തുടക്കം കുറിച്ചു. ജനുവരി 18 ശനിയാഴ്ച ഐപിസി ഹെബ്രോൻ ഗോസ്പൽ സെന്ററിൽ നടന്ന സമ്മേളനത്തിൽ പാസ്റ്റർ പിസി മാമനാണ് പ്രയർ ലൈൻ ഔപചാരികമായി ഉദ്ഘാടനം നിർവഹിച്ചത്. എഫ്പിസിസി കൺവീനർ ഡോ വില്ലി എബ്രഹാം അധ്യക്ഷൻ ആയിരുന്നു. നാഷണൽ പ്രയർ കോർഡിനേറ്റർ പാസ്റ്റർ പി വി മാമൻ ആമുഖ പ്രസ്താവന നടത്തി.ലോക്കൽ പ്രയർ കോർഡിനേറ്റർമാരായ പാസ്റ്റർ ആൻഡ്രൂസ് കെ ജോർജ്, പാസ്റ്റർ ബാബു കുമ്പഴ, ചാക്കോ തോമസ്, സിസ്റ്റർ ജോയ്സ് സ്റ്റീഫൺസൻ, സിസ്റ്റർ മിനി ജോൺസൻ എന്നിവർ വേദിയിൽ സന്നിഹിതരായിരുന്നു. നാഷണൽ കൺവീനർ പാസ്റ്റർ ജോർജ് കെ സ്റ്റീഫൻസൻ തീം അവതരിപ്പിച്ചു. ലോഗോയുടെ പ്രകാശനവും വെബ്സൈറ്റിന്റെ ഉദ്ഘാടനവും പാസ്റ്റർ ജോസഫ് കെ ജോസഫ്,പാസ്റ്റർ എം ജി ജോൺസൺ എന്നിവർ നിർവഹിച്ചു. വിവിധ സബ് കമറ്റികളുടെ സമർപ്പണ പ്രാർഥന പാസ്റ്റർ ജോൺ ടി കുര്യൻ നടത്തി.റെവ ജോർജ് മാത്യു പുതുപ്പള്ളി മുഖ്യാതിഥി ആയിരുന്നു.നാഷണൽ ഭാരവാഹികളായ സെക്രട്ടറി സാം മാത്യു ട്രഷറർ പ്രസാദ് ജോർജ്, ഇംഗ്ലീഷ് വിഭാഗം കൺവീനർ ഡോ ജോനാഥൻ ജോർജ്, ലേഡീസ് കോർഡിനേറ്റർ ജീന വിൽസൺ എന്നിവർ ഉൾപ്പെടെ നിരവധി സംസ്ഥാന പ്രതിനിധികൾ ഓൺലൈനിലൂടി മീറ്റിംഗിൽ പങ്കെടുത്തു. നാഷണൽ കമ്മിറ്റിയംഗം ഷെറി ജോർജിന്റെ സാന്നിധ്യവും ഉണ്ടായിരുന്നു. ലോക്കൽ കൺവീനർമാരായ ഡോ ടൈറ്റസ് ഈപ്പൻ പാസ്റ്റർ ജിജു ഉമ്മൻ സെക്രട്ടറിമാരായ ഡോ ബിജു ചെറിയാൻ, ജോൺ മത്തായി, ട്രഷറർമാരായ കെ ഒ ജോസ് സിപിഎ , വർഗീസ് സാമുവേൽ എന്നിവർ പ്രാദേശിക ക്രമീകരണങ്ങൾ ചെയ്തു.

വാർത്ത : കുര്യൻ ഫിലിപ്പ്







# ടോം കുര്യാക്കോസ് (ന്യൂസ് 18 കേരളം) മീഡിയ എക്സലൻസ് അവാർഡ് 2025 മികച്ച അന്വേഷണാത്മക പത്രപ്രവർത്തകനുള്ള പുരസ്കാരത്തിന് അർഹനായി



കൊച്ചി ഗോകുലം കൺവെൻഷൻ സെന്ററിൽ നടന്ന പ്രൗഢഗംഭീരമായ ചടങ്ങിൽ ഡയറക്ടർ ശ്രീ ജിതിൻ ലാൽ ഫലകവും ഷാജി രാമപുരം പ്രശസ്തിപത്രവും ശ്രീ നോഹ ജോർജ് ചെക്കും നൽകി ആദരിച്ചു.

കുറ്റാന്വേഷണ വാർത്താധിഷ്ഠിത പരിപാടിയായ പോലീസ് പെട്രോളിന്റെ നിർമ്മാതാവും അവതാരകനുമായ ടോം കുര്യാക്കോസ്'ദീപിക പത്രത്തിൽ തുടങ്ങിയ മാധ്യമ പ്രവർത്തന കരിയർ മനോരമ ന്യൂസ്, 24 ന്യൂസ് എന്നിവകളിലൂടെ ന്യൂസ് 18 കേരളത്തിൽ എത്തിനിൽക്കുന്നു. മനോരമ ന്യൂസിൽ കുറ്റപത്രവും 24 ന്യൂസിൽ സിഐഡി 24 പോലീസ് ഡയറി തുടങ്ങി ശ്രദ്ധേയമായ കുറ്റാന്വേഷണ പരിപാടികൾ അവതരിപ്പിച്ചു. കഴിഞ്ഞ 15 വർഷങ്ങളായി ക്രൈം ഇൻവെസ്റ്റിഗേഷൻ മാധ്യമ രംഗത്ത് പ്രവർത്തിക്കുന്ന ടോം മികച്ച കുറ്റാന്വേഷണ റിപ്പോർട്ടിങ്ങിനുള്ള ദേശീയ പുരസ്കാരം ഉൾപ്പെടെ ഒട്ടേറെ അവാർഡുകൾ കരസ്ഥമാക്കിയിട്ടുണ്ട് .ഈ വർഷത്തെ മികച്ച ക്രൈം റിപോർട്ടർക്കുള്ള സൗത്ത് ഇന്ത്യൻ മാധ്യമ പുരസ്കാരം ലഭിച്ചത് ടോമിനാണ്. കൊച്ചിയിലെ ഗുണ്ടാ സംഘങ്ങളെ കുറിച്ചും സെക്സ് റാക്കറ്റിനെ കുറിച്ചും മനുഷ്യ കടത്തിനെക്കുറിച്ചുള്ള നിർണായകമായിട്ടുള്ള വിവരങ്ങൾ പുറത്തുകൊണ്ടുവന്നത് ടോം കുര്യാക്കോസ് ആണ്.

കൊച്ചി ഗോകുലം കൺവെൻഷൻ സെന്ററിൽ നടന്ന ചടങ്ങുകൾ പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ നിലവിളക്കു കൊളുത്തി ഉദ്ഘാടനം ചെയ്തു . ഇന്ത്യ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്കയുടെ പ്രസിഡന്റ് സുനിൽ ട്രൈസ്റ്റാർ (സാമുവേൽ ഈശോ) അധ്യക്ഷത വഹിച്ച ചടങ്ങിൽ മുൻ കേന്ദ്ര മന്ത്രിയും ഇപ്പോൾ കേരള ഗവണ്മെന്റിന്റെ ക്യാബിനറ്റ് റാങ്കുള്ള കേന്ദ്രത്തിലെ പ്രത്യേക പ്രതിനിധിയായ പ്രൊഫസർ കെ.വി. തോമസ്, ഹൈബി ഈഡൻ എം പി, എം എൽ എ മാരായ മോൻസ് ജോസഫ്, അൻവർ സാദത്, റോജി എം ജോൺ, മാണി സി കാപ്പൻ , ടി ജെ വിനോദ് , കെ ജെ മാക്സി, മുൻ എംപി സെബാസ്റ്റ്യൻ പോൾ , കേരള മീഡിയ അക്കാദമി ചെയർമാൻ ആർ എസ് ബാബു, ജോണി ലൂക്കോസ് ഡയറക്ടർ, മനോരമ ന്യൂസ്, സാജ് എർത്ത് റിസോർട്ട് ഉടമകൾ സാജൻ, മിനി സാജൻ, സുമേഷ് അച്ചുതൻ, ഫൊക്കാന പ്രസിഡന്റ് സജിമോൻ ആന്റണി, ഫോമാ പ്രസിഡന്റ് ബേബി മണക്കുന്നേൽ, ഫൊക്കാന മുൻ പ്രസിഡന്റ് ബാബു സ്റ്റീഫൻ, ദിലീപ് വെർഗീസ് , അനിയൻ ജോർജ് കൂടാതെ ഇന്ത്യ പ്രസ് ക്ലബ് സെക്രട്ടറി ഷിജോ പൗലോസ്, അഡ്വൈസറി ബോർഡ് ചെയർമാൻ സുനിൽ തൈമറ്റം, നിയുക്ത പ്രസിഡന്റ് രാജു പള്ളത്, വൈസ് പ്രസിഡന്റ് അനിൽകുമാർ ആറന്മുള, ജോയിന്റ് സെക്രട്ടറി ആശ മാത്യു, ജോയിന്റ് ട്രെഷറർ റോയ് മുളകുന്നം, അഡ്വൈസറി ബോർഡ് അംഗങ്ങളും പങ്കെടുത്തു.








LAWSON
travel
Explore
THE
WITH US
WORLD
PLAN YOUR VACATIONS NOW!
214-631-2458
www.LawsonTravel.com

# അമേരിക്കൻ മലങ്കര അതിഭദ്രാസന 36 – ാമത് യൂത്ത് ആന്റ് ഫാമിലി കോൺഫറൻസ്

**ജോർജ് കറുത്തേടത്ത്**

അമേരിക്കൻ മലങ്കര അതിഭദ്രാസന 36–മത് യൂത്ത് ആന്റ് ഫാമിലി കോൺഫറൻസ് 2025 ജൂലൈ മാസം 16 മുതൽ 19 വരെ വാഷിംഗ്ടൺ ഡി.സി.യിലെ ഹിൽട്ടൺ വാഷിംഗ്ടൺ ഡല്ലസ് എയർപോർട്ട് ഹോട്ടലിൽ വെച്ച് വിപുലമായ പരിപാടികളോടെ നടത്തുന്നതിനുള്ള ഒരുക്കങ്ങൾ ആരംഭിച്ചു.

കോൺഫറൻസിനോടനുബന്ധിച്ച് ഈ വർഷവും ഇന്ത്യയിലെ തന്നെ മികച്ച മീഡിയാ ചാനലായ ഏഷ്യാനറ്റ് ന്യൂസുമായി സഹകരിച്ച് 2–ാമത് എക്സലൻസ് അവാർഡ് നിശയും നടത്തുന്നതിനുള്ള ക്രമീകരണങ്ങളും ഒരുക്കിവരുന്നു.

വിശ്വാസികളുടെ ആത്മീയ പ്രവർത്തനങ്ങൾക്ക് പ്രചോദനമേകുക, സഭാവിശ്വാസാചാരനുഷ്ഠാനങ്ങൾ വരും തലമുറക്ക് പകർന്ന് കൊടുക്കുന്നതിനും പഠിപ്പിക്കുന്നതിനുമുള്ള അവസരമൊരുക്കുക എന്നിങ്ങനെയുള്ള ലക്ഷ്യത്തോടൊപ്പം തന്നെ സമൂഹ മദ്ധ്യത്തിൽ സഭാംഗങ്ങൾക്കുള്ള ബന്ധം കൂടുതൽ ദൃഢപ്പെടുത്തുകയെന്ന ലക്ഷ്യം കൂടി മുന്നിൽ കണ്ടാണ് ഇത്തരത്തിലുള്ള അവാർഡ് നൈറ്റ് കൂടി സംഘടിപ്പിക്കുന്നത്. സമൂഹത്തിന്റെ വിവിധ പ്രവർത്തന മേഖലകളിൽ സ്തുത്യർഹമായവിധം സേവനമനുഷ്ഠിച്ച് തങ്ങളുടേതായ വ്യക്തിമുദ്ര പതിപ്പിച്ചിട്ടുള്ളവരെ ആദരിക്കുന്നതു വഴി വരുംതലമുറക്ക് അതൊരു പ്രചോദനവും മാതൃകയുമാകുന്നതിനുള്ള വേദിയാകുന്നുവെന്നതും മറ്റൊരു സവിശേഷതയാണ്.

കുടുംബമേളയുടെ ക്രമീകരണങ്ങൾക്കായി റവ.ഫാ.ജെറി ജേക്കബ്(ഭദ്രാസന സെക്രട്ടറി), ജനറൽ കൺവീനറായും ശ്രീ.ജോജി കാവനാൽ (ഭദ്രാസന ട്രഷറർ) ജോയിന്റ് കൺവീനറായും, വിപുലമായ കമ്മറ്റി പ്രവർത്തനമാരംഭിച്ചു.

കോൺഫറൻസിൽ സംബന്ധിക്കുന്നതിനായി ജനുവരി 31നകമായി പേര് രജിസ്റ്റർ ചെയ്യുന്നവർക്ക് 50 ഡോളർ ഡിസ്കൗണ്ട് അനുവദിച്ചിട്ടുണ്ട്.

ജനുവരി മാസം 4–ാം തീയ്യതി ഭദ്രാസന ആസ്ഥാനത്തു വെച്ച് പരിശുദ്ധ പാത്രിയർക്കീസ് ബാവായുടെ മഹനീയ സാന്നിദ്ധ്യത്തിൽ വെച്ച് നടത്തപ്പെട്ട മെത്രാഭിഷേക വാർഷീക ചടങ്ങിൽ വെച്ച് കുടുംബമേളയുടെ കിക്ക് ഓഫ് പരിപാടിയും നടത്തപ്പെട്ടു.

ഈ വർഷത്തെ ഫാമിലി കോൺഫറൻസിനായി തെരഞ്ഞെടുത്തിരിക്കുന്ന വേദി, എയർപോർട്ടിൽ നിന്നും 5 മിനിറ്റ് മാത്രം ദൂരമുള്ളൂവെന്നതും, എയർപോർട്ടിൽ നിന്നും, ഫ്രീയായി ട്രാൻസ്പോർട്ടേഷൻ സൗകര്യം ക്രമീകരിക്കുന്നുവെന്നതും പ്രത്യേകതയാണ്. മുതിർന്നവർക്കും യുജനങ്ങൾക്കും സ്ത്രീകൾക്കുമായി, പ്രത്യേകം സെമിനാറുകളും, ചർച്ചാ ക്ലാസ്സുകളും നടത്തുന്നതിനാവശ്യമായ വിശാലമായ കോൺഫറൻസ് ഹാളും മുറികളും മറ്റൊരു ആകർഷണീയതയാണ്.

കുടുംബമേളയുടെ അനുഗ്രഹകരമായ നടത്തിപ്പിന് എല്ലാവരുടേയും പ്രാർത്ഥനാപൂർവ്വമായ സഹായസഹകരണങ്ങൾ ആവശ്യമാണെന്ന്, ഇവടക മെത്രാപോലീത്താ അഭിവന്ദ്യ യൽദൊ മോർ തീത്തോസ് ഓർമ്മിപ്പിച്ചു. അമേരിക്കൻ മലങ്കര അതിഭദ്രാസന പി.ആർ.ഓ. കറുത്തേടത്ത് ജോർജ് അറിയിച്ചതാണിത്.



# ഒരുമയുടെ മകര നിലാവ് വർണ്ണോജ്ജലമായി




**ജീൻസ് മാത്യു, റാന്നി**

ഹുസ്റ്റൺ: റിവർസ്റ്റോൺ ഒരുമയുടെ വർണ്ണോജ്യലമായ ക്രിസ്തുമത് നവ വർഷ ആഘോഷമായ മകര നിലാവ് സമാപിച്ചു.

ശൈത്യ മാസത്തിന്റെ ഇട വേളയിലുള്ള മകര മാസ ദിനത്തിൽ സെൻറ് തോമസ് കത്തീഡ്രൽ ആഡിറ്റോറിയത്തിൽ ചേർന്ന നൂറ് കണക്കിന് ഒരുമ കുടുബാംഗങ്ങൾ ഒത്ത് ചേർന്ന് ആഘോഷത്തെ വരവേറ്റു. സാൻറ്റായൊടൊപ്പമുള്ള ഫോട്ടോഷൂട്ട് അറ്റ് ഫോട്ടോ ബുത്ത്, വർണ്ണവിസ്മയത്തിലാക്കിയ വിദ്യാർത്ഥികളുടെ ബോളിവൂഡ് ഡാൻഡുകൾ , മുതിർന്നവരും കുട്ടികളും ചേർന്ന് ചുവടു വെച്ച സൂപ്പർ ഫാഷൻ ഷോ, പ്രതിഭാശാലികളായ ഗായകരുടെ ഗാന സന്ധ്യാ ,ആക്ഷൻ ഹീറോ സ്റ്റാർ ബാബു ആൻറണിയുടെ മുഴുവൻ സമയ സാന്നിധ്യം

,സ്റ്റാർ ഓഫ് വൺമേൻ ഷോയിലുടെ സാബൂ തിരുവല്ലായുടെ സ്റ്റേജ് ഷോ എന്നിവ



മകര നിലാവിന് മാറ്റ് കൂട്ടി.

ഒരുമ പ്രസിഡൻറ്റ് ജിൻസ് മാത്യു കിഴക്കേതിലിന്റെ അധ്യക്ഷതയിൽ സ്റ്റാഫോർഡ് സിറ്റി മേയർ കെൻ മാത്യു പൊതുസമ്മേളനം ഉത്ഘാടനം ചെയ്തു. പ്രശസ്ത സിനിമ നടൻ ബാബു ആൻറണി സെലിബ്രിറ്റി ഗസ്റ്റായി കലാ മേള ഉത്ഘാടനം ചെയ്തു.

ജഡ്ജ് ജൂലി മാത്യു,ഫോർട്ട് ബെൻസ് കൗണ്ടി പ്രസമ്ക്റ്റ് 3 പോലീസ് ക്യാപ്റ്റൻ മനോജ് കുമാർ പൂപ്പാറയിൽ,ഒരുമ ജനറൽ സെക്രട്ടറി ജയിംസ് ചാക്കോ മുട്ടുമ്കൽ,നവീൻ ഫ്രാൻസിസ്,ആർട്ടിസ്റ്റ് സാബു തിരുവല്ല,റിവർസ്റോൺ ബോർഡ് മെമ്പർ ഡോ. സീനാ അഷറഫ് , സ്ഥാപക പ്രസിഡൻറ് ജോൺ ബാബു, വിനോയി കൈച്ചിറയിൽ എന്നിവർ ആശംസകൾ നേർന്നു.

ഒരുമ വൈസ് പ്രസിഡൻറ്റ് റീനാ വർഗീസ് സ്വാഗതവും ജോയിൻറ് സെക്രട്ടറി മേരി ജേക്കബ് കൃതജ്ഞതയും രേഖപ്പെടുത്തി.

2025 ലെ പുതിയ ഭരണ സമിതിഅംഗങ്ങൾ ഔദ്യോഗികമായി സമ്മേളനത്തിൽ ചാർജെടുത്തു.

ഡോ.ജോസ് തൈപ്പറമ്പിൻ, റെയ്നാ റോക്ക്, റീനാ വർഗീസ്,സെലിൻ ബാബു,മെർലിൽ സാജൻ എന്നിവർ എംസിമാരായി പ്രവർത്തിച്ചു. വിഭവ സമൃദ്ധമായ അത്താഴ വിരുന്നോടെ മകരനിലാവ് സമാപിച്ചു.

മുൻ പ്രസിഡൻറ് ആന്റു വെളിയെത്ത്, കെ.പി തങ്കച്ചൻ,റോബി ജേക്കബ്,ജോസ് ജോസഫ്,ജിജി പോൾ, ജിനോ ഐസക്ക്,രഞ്ചു സെബാസ്റ്റ്യൻ,ബോബി ജോസഫ് ,സോണി പാപ്പച്ചൻ,ബിജു ആൻറണി, ദീപാ പോൾ, ഷാജി വർഗീസ് എന്നിവർ അടങ്ങുന്ന സമിതികൾ പരിപാടികൾക്ക് നേതൃത്വം നൽകി.














# ട്രംപിന്റെ രണ്ട് ജെൻഡർ പോളിസിയും കേരളത്തിലെ ഒരു ട്രാൻസ്ജെൻഡർ വിവാഹവും




**എ.എസ് ശ്രീകുമാർ**

അമേരിക്കയുടെ 47-ാമത് പ്രസിഡന്റായി സ്ഥാനമേറ്റ ഡൊണാൾഡ് ട്രംപ് തന്റെ കടുത്ത തീരുമാനങ്ങൾ ഉത്തരവുകളായി ഇറക്കിക്കൊണ്ട് മുന്നോട്ടുപോവുകയാണ്. ഇതിൽ ഏറ്റവും പ്രധാനപ്പെട്ടതും വിമർശനാത്മകവുമായ പ്രഖ്യാപനം ട്രാൻസ്ജെൻഡർ വ്യക്തികളുടെ അവകാശങ്ങളെടുത്ത് മാറ്റുക എന്നതാണ്. ഇനി മുതൽ സർക്കാർ രണ്ട് ലിംഗഭേദങ്ങളെ മാത്രമേ അംഗീകരിക്കൂവെന്നും യു.എസിൽ ആണും പെണ്ണുമായി രണ്ട് ലൈംഗികവിഭാഗങ്ങളെയുള്ളൂവെന്നുമാണ് ട്രംപ് പ്രഖ്യാപിച്ചിരിക്കുന്നത്.

ഇതനുസരിച്ച് ട്രാൻസ്ജെൻഡർ സ്ത്രീകളെ വനിതാ കായിക വിഭാഗങ്ങളിൽ നിന്നു പുറത്താക്കും. 2022 മുതൽ ഇന്റർസെക്സ് വ്യക്തികളുടെയും ബൈനറി സെക്സ് അല്ലാത്തവരുടെയും പുരോഗതിക്ക് വേണ്ടി പാസ്പോർട്ടുകളിൽ സ്റ്റേറ്റ് ഡിപ്പാർട്ട്മെന്റ് ഒരു മൂന്നാം ലിംഗ മാർക്കർ (എക്സ്) ഉൾപ്പെടുത്തിയിരുന്നു. ഈ നയത്തിന് മെഡിക്കൽ ഡോക്യുമെന്റേഷൻ ആവശ്യമില്ല. എന്നാൽ ഈ നയത്തെയാണ് ട്രംപിന്റെ ഭരണകൂടം ലക്ഷ്യമിടുന്നത്. സമൂഹത്തിൽ നിന്നുള്ള ഒറ്റപ്പെടുത്തൽ ഉത്കണ്ഠ, വിഷാദം, ആത്മഹത്യ പ്രേരണ എന്നിവയിലേക്ക് ട്രംപിന്റെ നയം ട്രാൻസ്ജെൻഡറുകളെ നയിക്കുമെന്നും അസമത്വങ്ങൾ വർദ്ധിക്കുന്നത് ദുർബലരായ ഒരു ജനതയ്ക്ക് മാനസികാരോഗ്യ പ്രതിസന്ധി സൃഷ്ടിക്കുമെന്നും ആക്ഷേപങ്ങളുയർന്നിട്ടുണ്ട്.

അതേസമയം, ട്രംപ് ടു ജെൻഡർ പോളിസി പ്രഖ്യാപിച്ച് ദിവസങ്ങൾക്കിപ്പുറം സ്വവർഗ വിവാഹം നിയമവിധേയമാക്കുന്ന തെക്കുകിഴക്കൻ ഏഷ്യയിലെ ആദ്യ രാജ്യമായി തായ്‌ലൻഡ്. എൽ.ജി.ബി.റ്റി.ക്യു (ലെസ്ബിയൻ, ഗേ, ബൈസെക്ഷ്വൽ, ട്രാൻസ്ജെന്റർ ആന്റ് ക്വിയർ ഓർ ക്വസ്റ്റ്യനിങ്) കമ്മ്യൂണിറ്റിയുടെ ഒരു പ്രധാന നാഴികക്കല്ലായി അടയാളപ്പെടുത്തിക്കൊണ്ട് നൂറുകണക്കിന് സ്വവർഗ പ്രേമികൾ തായ്‌ലൻഡിൽ വിവാഹിതരായി. സ്വവർഗ ദമ്പതികൾക്ക് ദത്തെടുക്കലും അനന്തരാവകാശവും ഉൾപ്പെടെയുള്ള നിയമപരമായ അവകാശങ്ങൾ നൽകുന്നതാണ് പുതിയ നിയമം.

തായ്വാനും നേപ്പാളിനും ശേഷം സ്വവർഗവിവാഹം അംഗീകരിക്കുന്ന ഏഷ്യയിലെ ഏറ്റവും വലിയ രാജ്യമാണ് തായ്‌ലൻഡ്. പുരുഷന്മാർ, സ്ത്രീകൾ, ഭർത്താക്കന്മാർ, ഭാര്യമാർ എന്നതിന് പകരം ഇനിമുതൽ




ലിംഗ-നിഷ്പക്ഷ പദങ്ങൾ ആയിരിക്കും തായ്‌ലൻഡിൽ ഉപയോഗിക്കുക. ഒരു ദശാബ്ദത്തിലേറെ നീണ്ട നിരന്തര പോരാട്ടത്തിന് ശേഷമാണ് നിയമം പ്രാബല്യത്തിൽ വരുന്നത്. അതേസമയം, ട്രാൻസ് ജെൻഡർ എന്നതിന് കൃത്യമായ ഒരു മലയാളം പദം ഇതുവരെ ഇല്ല. ഭിന്ന ലിംഗക്കാർ എന്നോ ഉഭയലിംഗക്കാർ എന്നോ ഒക്കെ അവരെ വിളിക്കുന്നു.

പുരുഷ ശരീര പ്രകൃതിയുള്ള ഒരു സ്ത്രീയേയോ, സ്ത്രീരൂപമുള്ള ഒരു പുരുഷനേയോ നമുക്ക് ട്രാൻസ് ജെൻഡർ എന്ന് പൊതുവേ വിളിക്കാം. ലിംഗമാറ്റ ശസ്ത്രക്രിയ വഴി ആൺ ട്രാൻസ് ജെൻഡറിന് ഒരു സ്ത്രീ ആകാം. തിരിച്ചും ഇത് സാധ്യമാണ്. ഇത്തരത്തിൽ ലിംഗമാറ്റ ശസ്ത്രക്രിയയ്ക്ക് വിധേയരായവരെ ആണ് ട്രാൻസ് സെക്ഷ്വൽസ് എന്ന് വിശേഷിപ്പിക്കുന്നത്. ഇവർക്ക് ആൺപെൺ വിഭാഗങ്ങളിൽ ഉള്ളതുപോലെയുള്ള ലൈംഗിക ബന്ധത്തിൽ ഏർപ്പെടാനും സാധിക്കും. എന്നാൽ പ്രത്യുത്പാദനം സാധ്യമാവില്ല. കാഴ്ചയിൽ സ്ത്രീയുടെ ശരീരഘടന തന്നെ ആയിരിക്കും ഷീമെയിലുകൾക്ക്. എന്നാൽ അവരുടെ ലൈംഗികാവയവും പുരുഷന്റേതായിരിക്കും. ട്രാൻസ് ജെൻഡർ വിഭാഗത്തിലാണ് ഇവരെ പൊതുവെ ഉൾപ്പെടുത്താറുള്ളത്.

ലൈംഗികാവയവങ്ങളുടെ കാര്യത്തിൽ അസ്വാഭാവികതയുള്ളവരെ പൊതുവെ ഇന്റർസെക്സ് എന്ന് വിശേഷിപ്പിക്കും. പുരുഷ ലൈംഗികാവയവം ഉള്ള സ്ത്രീയും സ്ത്രീ ലൈംഗികാവയവം ഉള്ള പുരുഷനും ഈ വിഭാഗത്തിൽ തന്നെയാണ് പെടുന്നത്. ഒരുപക്ഷേ, സമൂഹത്തിൽ ഏറ്റവും അധികം വിവേചനവും അപമാനവും എല്ലാം നേരിടേണ്ടി വന്നിട്ടുള്ളത്, അല്ലെങ്കിൽ നേരിട്ടുകൊണ്ടിരിക്കുന്നത് ഇന്റർസെക്സ് വിഭാഗത്തിൽ പെടുന്നവരാണ്. പൗരന്മാർക്കിടയിൽ ജാതി, മതം, വർഗം, രാഷ്ട്രീയം, പ്രാദേശികം, ഭാഷ തുടങ്ങിയ വിവേചനങ്ങളൊന്നും ഭരണഘടനാപരമായി അംഗീകരിക്കാത്ത ഒരു രാജ്യത്ത് ലൈംഗികതയുടെ പേരിലുള്ള ന്യൂനപക്ഷ താത്പര്യങ്ങളും സംരക്ഷിക്കപ്പെടണം എന്ന് ഈ വിഷയത്തിൽ ഇന്ത്യൻ സുപ്രീം കോടതി നിരീക്ഷിച്ചിട്ടുണ്ട്.

സമൂഹത്തിലും സർക്കാർ സംവിധാനത്തിലും ട്രാൻസ്ജെൻഡർ ആളുകൾ നേരിടുന്ന പ്രശ്നങ്ങൾ അഭിമുഖീകരിക്കുക, ഇതര ലിംഗവിഭാഗങ്ങൾക്കുള്ള പോലെ തുല്യത ഉറപ്പു വരുത്തുക, ഭയ രഹിതമായി ജീവിക്കുക, വിവേചനം അവസാനിപ്പിക്കുക എന്നീ ഉദ്ദേശ്യത്തോടെ കേരള സർക്കാർ ട്രാൻസ്ജെൻഡർ നയം പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി സംസ്ഥാന ട്രാൻസ് ജെൻഡർ സെൽ, ട്രാൻസ്ജെൻഡർ ജസ്റ്റിസ് ബോർഡ് എന്നിവ രൂപീകരിക്കുകയും ചെയ്തു. മൂന്നാം ലിംഗം, ഹിജഡ, ഭിന്നലിംഗർ തുടങ്ങിയ പദങ്ങൾ വിവേചനപരമാണെന്ന് ഇവർ വാദിക്കുന്നു. അതിനാൽ ട്രാൻസ് ജെൻഡർ എന്ന വാക്കാണ് ഇന്ന് സാർവത്രികമായി ഉപയോഗിച്ചു വരുന്നത്.

ട്രാൻസ്ജെൻഡറുകളെ ട്രാൻസ് പുരുഷൻ, ട്രാൻസ് സ്ത്രീ എന്നീ രണ്ട് വിഭാഗങ്ങളായി തിരിക്കാം. ഇവരിൽ ചിലർ ലിംഗമാറ്റ ശസ്ത്രക്രിയ ചെയ്യാറുണ്ട്. അതുവഴി ട്രാൻസ് സെക്ഷ്വൽ ആയി മാറാറുണ്ട്. പൊതുവേ പല രാജ്യങ്ങളിലും ലിംഗ-ലൈംഗിക ന്യൂനപക്ഷങ്ങൾ അടിച്ചമർത്തപ്പെട്ടവരോ മുഖ്യധാരയിൽ നിന്ന് പാർശ്വവൽക്കരിക്കപ്പെട്ടവരോ ആണ്. എന്നാൽ ചില രാഷ്ട്രങ്ങൾ ഇവർക്ക് മറ്റ് പൗരന്മാർക്ക് തുല്യമായ അവകാശങ്ങൾ അനുവദിച്ചു നൽകിയിട്ടുണ്ട്.

കേരളത്തിൽ കവയിത്രിയും എൽ.ജി.ബി.റ്റി.ക്യൂ ആക്റ്റിവ്സ്റ്റുമായ ട്രാൻസ്‌വുമൺ വിജയരാജ മല്ലികയും തൃശ്ശൂർ മണ്ണുത്തി സ്വദേശി ജാസ് ജാഷിമുമായുള്ള വിവാഹം വലിയ വാർത്തയായിരുന്നു. പല രാജ്യങ്ങളിലും ലിംഗ-ലൈംഗിക ന്യൂനപക്ഷ വിഭാഗത്തിൽപ്പെടുന്ന മനുഷ്യർ വ്യാപകമായി ശിക്ഷിക്കപ്പെടുന്നുണ്ട്. പ്രത്യേകിച്ച് മതപരമായ നിയമങ്ങൾ ഉള്ള രാജ്യങ്ങളിൽ. ഐ.പി.സി. 377 നിലനിൽക്കേ ഇന്ത്യയിലും 2018 വരെ സ്വവർഗ്ഗ ലൈംഗികത ശിക്ഷിക്കപ്പെടാവുന്ന കുറ്റമായാണ് പരിഗണിച്ചിരുന്നത്.

എന്നാൽ നൂറ്റാണ്ടിന്റെ പഴക്കമുള്ള ഐ.പി.സി 377-ാം വകുപ്പ് സുപ്രീം കോടതി ഡിക്രിമിനലൈസ് ചെയ്തതോടെ ഇതിന് മാറ്റമുണ്ടായി. പല യാഥാസ്ഥിതിക ചിന്താഗതിക്കാരും പരമോന്നത കോടതി വിധിക്കെതിരെ രംഗത്തുവന്നിരുന്നു. ഐക്യരാഷ്ട്രസഭ മനുഷ്യാവകാശ കൗൺസിലിൽ ലൈംഗികന്യൂനപക്ഷങ്ങളെ പീഡിപ്പിക്കുവാനും വധിക്കുവാനും ഉള്ള അവകാശങ്ങൾക്കു വേണ്ടി വാദിക്കുകയുണ്ടായി.

ഐ.പി.സി 377-ാം വകുപ്പിന്റെ നിയമപരമായ വിലക്ക് ഒഴിവാക്കിയതോടെയാണ് വിജയരാജ മല്ലികയും ജാസ് ജാഷിമും 2029 സെപ്റ്റംബർ 7-ന് വിവാഹിതയത്. ഇത് പ്രണയ സാഫല്യമല്ല, ജന്മ സാഫല്യമാണെന്നാണ് വിജയരാജ മല്ലിക അന്ന് ഫെയ്സ്ബുക്കിൽ കുറിച്ചത്. എല്ലാ എതിർപ്പുകളെയും മറികടന്നാണ് അവർ വിവാഹജീവിതത്തിലേക്ക് കടന്നത്. ആ വിവാഹനിമിഷങ്ങൾ വെറും പ്രണയസാഫല്യത്തിന്റേത് മാത്രമല്ല, വിജയരാജ മല്ലികയുടെ ജന്മസാഫല്യത്തിന്റേത് കൂടിയാണ്. പ്രണയം അറിഞ്ഞതോടെ ജാഷിമിന്റെ വീട്ടുകാരുടെ ഭാഗത്തുനിന്നടക്കം ശക്തമായ എതിർപ്പുണ്ടായി. നിരവധി ഭീഷണികളെയും എതിർപ്പുകളെയും മറികടന്നാണ് അവർ വിവാഹിതരായത്.

തീക്ഷ്ണമായ ജീവിതത്തെ തന്റെ തൂലികത്തുമ്പിലൂടെ വരച്ചിട്ട ട്രാൻസ്ജെൻഡർ കവയത്രിയാണ് വിജയരാജമല്ലിക. എഴുത്തിലൂടെയുള്ള മല്ലികയുടെ പോരാട്ടം ട്രാൻസ് സമൂഹത്തിന് വേണ്ടി കൂടിയാണ്. വസന്തസേനൻ എന്ന് മല്ലിക സ്നേഹത്തോടെ വിളിക്കുന്ന ഭർത്താവ് ജാഷിമിനെ ഇരുകൈയും നീട്ടിയാണ് സാംസ്കാരിക കേരളം വരവേറ്റത്. എന്നാൽ ട്രാൻജെൻഡർ സ്ത്രീയെ വിവാഹം ചെയ്ത ജാഷിമിന് നേരിടേണ്ടി വന്ന സൈബർ ബുള്ളിയിംഗും ഒളിഞ്ഞുനോട്ടവും ചെറുതായിരുന്നില്ല. ഒന്നിനും പ്രതികരിക്കാത, തങ്ങളുടെ പ്രണയമാണ് ഏറ്റവും വലുതെന്ന് അടിയുറച്ച് വിശ്വസിച്ചുകൊണ്ട് അവർ സ്വസ്ഥമായി ഇന്നും ജീവിക്കുന്നു.


Discover
a New You at
TOTAL MEDICAL 360 LLC.
TOTAL MEDICAL 360
Uncover a
new version of
yourself at
TOTAL MEDICAL 360.
Our integrated approach to health and beauty blends
advanced medical practices to
reveal your innate, radiant vitality.
Comprehensive medical management for all chronic care conditions.
Hair loss therapy & Weight loss therapy with medications and alternative therapies.
Comprehensive Ayurvedic assessment treatment.
Certified Diabetes & Wound care management
Neck/ Lower back, Musculoskeletal evaluation for Arthritis and other Orthopedic conditions.
Expert Advice for a Healthier Lifestyle!
info@ttm360.com
www.ttm360.com
1-516-930-0280
Total Medical 360, LLC., 188 Post Avenue, Westbury, NY 11590

# ഭക്തിഗാന രചയിതാവ് സതീഷ് കെ മേനോനെ കെ.എച്.എൻ.എ. ആദരിച്ചു



ന്യൂയോർക്ക്: മകരവിളക്ക് മഹോത്സവ ത്തോടനുബന്ധിച്ച് ജനുവരി 11 ശനിയാഴ്ച വൈകീട്ട് ന്യൂയോർക്കിലെ വൈഷ്ണവ ടെമ്പിൾ ഓഡിറ്റോറിയത്തിൽ വച്ച് ബ്രീത്ത് മ്യൂസിക് അക്കാഡമി ഡിട്രോയിറ്റിന്റെ ഭക്തി ഗാന മേള, അയ്യപ്പ സേവാസംഘവും കൃഷ്ണകൃപാ മ്യൂസിക് ടീമും ചേർന്ന് അവതരിപ്പിച്ചു. ഈ അയ്യപ്പ ഗാനമേളയിലെ ശ്രദ്ധിക്കപ്പെട്ട നിരവധി ഗാനങ്ങൾ സതീഷ് കെ മേനോൻ രചിച്ചതായിരുന്നു.

ശ്രീമതി അനിത കൃഷ്ണയുടെ നേതൃത്വത്തിൽ ആരംഭിച്ച ഗാനമേള, ഡിട്രോയിറ്റിൽ നിന്നെത്തിയ ബ്രീത്ത് മ്യൂസിക് അക്കാഡമി ടീമംഗങ്ങൾ മകരവിളക്ക് മഹോത്സവത്തിൽ ശബരിമല സന്നിധാനത്തിന്റെ മാതൃകയിൽ തീർത്ത മണ്ഡപത്തിലെ സംഗീതക്കച്ചേരി അവിസ്മരണീയമാക്കി. അയ്യപ്പസേവാ സംഘം പ്രസിഡന്റ് കൂടിയായ ഗോപിനാഥ് കുറുപ്പും കൃഷ്ണകൃപാ മ്യൂസിക്കിന്റെ പ്രസിഡന്റ് സതീഷ് കെ മേനോനും എൻ.ബി.എ. പ്രസിഡന്റ് ജനാർദ്ദനൻ തോപ്പിലും ചേർന്ന് മണ്ഡപത്തിൽ ഭദ്രദീപം തെളിയിച്ചു.

ശ്രീമതി രാധാമണി നായരുടെ ഭക്തിനിർഭരമായ ഈശ്വര പ്രാർത്ഥനക്ക് ശേഷം അയ്യപ്പ സേവാസംഘം സെക്രട്ടറിയും കെ.എച്.എൻ.എ. ട്രഷററുമായ രഘുവരൻ നായർ ഡിട്രോയിറ്റ് ബ്രീത്ത് മ്യൂസിക് അക്കാഡമിയുടെ അംഗങ്ങളെ സദസ്സിന് പരിചയപ്പെടുത്തി. പ്രസിഡന്റ് ഗോപിനാഥ് കുറുപ്പ് സ്വാഗതം ആശംസിച്ചു. മാസ്റ്റർ ഓഫ് സെറിമണിയായി ശോഭാ കറുവക്കാട്ട് പ്രശംസനീയമായി നിർവഹിച്ചു. സതീഷ് മേനോൻ നന്ദിപ്രകാശനം നടത്തിക്കൊണ്ട് ബ്രീത്ത് മ്യൂസിക് അക്കാഡമിയിലെ എല്ലാവരെയും പൊന്നാട അണിയിച്ച് ആദരിച്ചു.



പ്രശംസനീയമായി മകരവിളക്ക് മഹോത്സവം വിജയിപ്പിക്കുന്നതിന് എൻ.ബി.എ-യുടെ മുൻ സെക്രട്ടറി സേതുമാധവന്റെ ആത്മാർത്ഥമായ പ്രവർത്തനം ശ്ലാഘനീയമായിരുന്നു. പതിവുപോലെ തന്നെ മണിമണ്ഡപം അലങ്കരിച്ച് ഒരുക്കിയ തികഞ്ഞ കലാകാരനായ സുധാകരൻ പിള്ള അത് വളരെ ഭംഗിയാക്കി.

കെ.എച്ച്.എൻ.എ. പ്രസിഡന്റ് ഡോ നിഷാ പിള്ള തദവസരത്തിൽ വിരാട് 25 സിൽവർ ജൂബിലി കൺവൻഷൻ ഓഗസ്റ്റ് 17 മുതൽ 19 വരെ ന്യൂജെഴ്‌സിയിലെ അറ്റ്ലാന്റിക് സിറ്റിയിലുള്ള എം ജി എം റിസോർട്ട് ഇന്റർനാഷണലിൽ നടക്കുന്നതിനെക്കുറിച്ച് വിശദീകരിക്കുകയും കൺവൻഷനിലേക്ക് ഏവരേയും സ്വാഗതം ചെയ്യുകയും ചെയ്തു. ഡോ. നിഷാ പിള്ളയെ സദസ്സിന് പരിചയപ്പെടുത്തിക്കൊണ്ട് അയ്യപ്പസേവാ സംഘം പ്രസിഡന്റും കെ.എച്ച്.എൻ.എ ട്രസ്റ്റീ ബോർഡ് ചെയർമാനുമായ ഗോപിനാഥ കുറുപ്പ് പറഞ്ഞത് ഇവിടെ ന്യൂയോർക്കിൽ ഒരു വിഭാഗീയതയുമില്ല. എല്ലാ ഹൈന്ദവ സഹോദരങ്ങളും ഒരുമയോടെ ഒറ്റക്കെട്ടായി ''സിൽവർ ജൂബിലി'' കൺവൻഷൻ വിജയിപ്പിച്ച് അവിസ്മരണീയമാക്കും എന്നാണ്.

തുടർന്ന് കെ.എച്ച്.എൻ.എ ട്രഷറർ രഘുവരൻ നായരും ചെയർമാൻ ഗോപിനാഥ് കുറുപ്പും ചേർന്ന് രജിസ്‌ട്രേഷൻ പാക്കറ്റ് അംഗങ്ങളുടെയിടയിൽ വിതരണം ചെയ്തു.

നൂറു കണക്കിന് ഭക്തിഗാനങ്ങൾ രചിച്ച സതീഷ് കെ. മേനോനെ കെ.എച്.എൻ.എ. പ്രസിഡന്റ് ഡോ. നിഷാ പിള്ളയും ചെയർമാൻ ഗോപിനാഥ് കുറുപ്പും ചേർന്ന് പൊന്നാട അണിയിച്ച് ആദരിച്ചു. ട്രഷറർ രഘുവരൻ നായർ, ട്രസ്റ്റീ ബോർഡ് മെമ്പർ വനജ നായർ, ഡയറക്ടർ ബോർഡ് മെമ്പർ രാധാമണി നായർ, എൻ എസ് എസ് ഹഡ്‌സൺ വാലി പ്രസിഡന്റ് ജി.കെ. നായർ, എൻ ബി എ പ്രസിഡന്റ് ജനാർദ്ദനൻ തോപ്പിൽ, മഹിമ പ്രസിഡന്റ് പുരുഷോത്തമ പണിക്കർ, എസ് എൻ എ ചെയർമാൻ സഹൃദയ പണിക്കർ, കെ എച്ച് എൻ എ ന്യൂയോർക്ക് കൺവൻഷൻ കോഓർഡിനേറ്റർ ഡോ ഉണ്ണിക്കൃഷ്ണൻ തമ്പി എന്നിവർ സന്നിഹിതരായിരുന്നു.



വാർത്ത: ജയപ്രകാശ് നായർ

# കോൺഗ്രസിൽ മുഖ്യമന്ത്രിക്കുപ്പായമിട്ടവരുടെ ഉശിരൻ പോരും രഹസ്യ കരുനീക്കങ്ങളും...

**ഒരാൾ ഒരു വിഷയം പൊക്കിക്കൊണ്ടു വന്നാൽ അതിന് കൈകൊടുക്കാൻ കൈപ്പത്തി ചിഹ്നക്കാർക്ക് വുമുഖതയാണ്. കാരണം ക്രെഡിറ്റ് അയാൾക്ക് കിട്ടുമല്ലോ. അങ്ങനെ ആളാവേണ്ട. അതുകൊണ്ട് കൂടെനിൽക്കേണ്ടവന്റെ കാലിൽത്തന്നെ ചവിട്ടണം. കേരളത്തിൽ ഒരു ഭരണ മാറ്റം പൊതുജനം ആഗ്രഹിക്കുന്നുണ്ട്. അതിനൊത്ത് ഉയരാൻ തടസം ഈ തൊഴുത്തിൽക്കുത്ത് തന്നെ. അതെന്നവസാനിപ്പിക്കുന്നുവോ അന്ന് വാഴാം സെക്രട്ടേറിയറ്റിൽ.**




**എ.എസ് ശ്രീകുമാർ**

കേരളത്തിലെ കോൺഗ്രസ് ഘടകത്തെ സംബന്ധിച്ചിടത്തോളം ഗ്രൂപ്പ് പ്രവർത്തനങ്ങളും പരസ്യമായ വിഴുപ്പലക്കലുകളും പോർവിളികളും പുത്തരിയല്ല. അത് പാർട്ടിയുടെ കൂടപ്പിറപ്പാണ്. കെ കരുണാകരനും എ.കെ ആന്റണിയും തമ്മിൽ ചേരിതിരിഞ്ഞ പോരാട്ടം നിത്യ സംഭവമായിരുന്നു. ഉമ്മൻ ചാണ്ടിയും വി.എം സുധീരനും രമേശ് ചെന്നിത്തലയും തമ്മിൽ കൊമ്പുകോർത്ത ഉൾപ്പാട്ടി കലഹ ചരിത്രവും നമുക്കറിയാം. പക്ഷേ അത്തരം ആഭിപ്രായ വ്യത്യാസങ്ങൾ ജനാധിപത്യ തീതിയിൽ പരിഹരിച്ചു കൊണ്ടാണ് അവർ തിരഞ്ഞെടുപ്പുകളെ നേരിട്ടിരുന്നത്. അതിന് ഗുണഫലവുമുണ്ടായിട്ടുണ്ട്. ഫലപ്രാപ്തിക്കുശേഷം കാര്യങ്ങൾ പണ്ടത്തേതിന്റെ പിന്നത്തേതാവുകയും ചെയ്യും.

കേരളത്തിൽ അടുത്ത എട്ട്, ഒൻപത് മാസങ്ങൾക്കുള്ളിൽ തദ്ദേശ തിരഞ്ഞെടുപ്പും ഒന്നര വർഷത്തിനുള്ളിൽ നിയമസഭാ തിരഞ്ഞെടുപ്പും നടക്കും. അതിനായി കോൺഗ്രസിന്റെ വിവിധ തലങ്ങളിലുള്ള നേതാക്കളെയും അണികളെയും സജ്ജരാക്കേണ്ട സമയം അതിക്രമിച്ചു കഴിഞ്ഞു. എന്നാൽ അവശ്യം വേണ്ട അത്തരം പ്രവർത്തനങ്ങൾ നടത്താതെ മുഖ്യമന്ത്രിക്കസേരയ്ക്കുവേണ്ടി സംസ്ഥാന നേതാക്കൾ നടത്തുന്ന തമ്മിലടി എല്ലാ സീമകളും ലംഘിച്ച് മുന്നേറുന്ന കാഴ്ച അത്യന്തം പരിതാപകരമാണ്. ഇത് തുടർന്നാൽ 2026-ലെ നിയമസഭാ തിരഞ്ഞെടുപ്പിൽ കേൺഗ്രസ് വട്ടപ്പൂജ്യമാവുമെന്നും തുടർച്ചയായ മൂന്നാം തവണയും പ്രതിപക്ഷത്തിരുന്ന് തുരുമ്പെടുത്ത് സമാധിയടയയുകയും ചെയ്യുമെന്ന തിരിച്ചറിവിൽ ഹൈക്കമാൻഡ് നിലപാട് കടുപ്പിച്ചു.

കെ.പി.സി.സി പ്രസിഡന്റ് കെ സുധാകരനും പ്രതിപക്ഷ നേതാവി വി.ഡി സതീശനും തമ്മിലുള്ള പോര് മൂർധന്യാവസ്ഥയിലെത്തി നിൽക്കുന്നു. അതിന് വീര്യം കൂട്ടാൻ ചില നേതാക്കളെ ഉപയോഗിച്ച് ചരടുവലിക്കുന്ന മുഖ്യമന്ത്രി സ്ഥാന മോഹികളും പിന്നണിയിൽ നിന്ന് ആഞ്ഞ് ചരടുവലിക്കുന്നുണ്ട്. ഏതാനും ദിവസം മുമ്പ് നടന്ന കോൺഗ്രസ് പൊളിറ്റിക്കൽ അഫയേഴ്സ് കമ്മിറ്റി, അഥവാ രാഷ്ട്രീയ കാര്യ സമിതിയിൽ വി.ഡി സതീശൻ തന്റെ 'പ്ലാൻ 63' അവതരിപ്പിച്ചപ്പോൾ അദ്ദേഹം രാഷ്ട്രീയമായും വ്യക്തിപരമായും ആക്രമിക്കപ്പെട്ടത് വലിയ വാർത്തയായി.

കഴിഞ്ഞ നിയമസഭാ തിരഞ്ഞെടുപ്പിൽ (2021), 93 സീറ്റിൽ മത്സരിച്ച കോൺഗ്രസ് 21 സീറ്റിലാണ് ജയിച്ചത്. ഇതുൾപ്പെടെ 63 സീറ്റുകളിൽ പ്രത്യേക ശ്രദ്ധ നൽകണമെന്നായിരുന്നു സതീശന്റെ നിർദേശം. പട്ടികയും കയ്യിലുണ്ട്. ഇപ്പോൾ ജയിച്ച മണ്ഡലങ്ങൾ ഏതു പ്രതികൂല കാലാവസ്ഥയിലും കോൺഗ്രസ് ജയിക്കുന്നവയാണ്. മറ്റു 42 മണ്ഡലങ്ങൾ ഓരോ പ്രധാന നേതാവും ഏറ്റെടുക്കണമെന്ന ആശയമാണ് സതീശന്റേത്. കോൺഗ്രസ് മത്സരിക്കുന്ന 90-ലേറെ സീറ്റുകളിൽ നിന്ന് 63 സീറ്റുകൾ പ്രത്യേകമായി തിരഞ്ഞെടുത്ത് ചിട്ടയായി പ്രവർത്തിച്ച് ഭരണമുറപ്പിക്കുക എന്നതാണ് കോൺഗ്രസ് രാഷ്ട്രീയ കാര്യ സമിതിയിൽ വി.ഡി സതീശൻ മുന്നോട്ടുവച്ച പ്ലാൻ 63.

എന്നാൽ ഈ ആശയത്തെ മുൻ മന്ത്രിയും പൊതുവെ ശാന്ത സ്വഭാവക്കാ



**കെ.പി.സി.സി പ്രസിഡന്റ് കെ സുധാകരനും പ്രതിപക്ഷ നേതാവി വി.ഡി സതീശനും തമ്മിലുള്ള പോര് മൂർധന്യാവസ്ഥയിലെത്തി നിൽക്കുന്നു. അതിന് വീര്യം കൂട്ടാൻ ചില നേതാക്കളെ ഉപയോഗിച്ച് ചരടുവലിക്കുന്ന മുഖ്യമന്ത്രി സ്ഥാന മോഹികളും പിന്നണിയിൽ നിന്ന് ആഞ്ഞ് ചരടുവലിക്കുന്നുണ്ട്. ഏതാനും ദിവസം മുമ്പ് നടന്ന കോൺഗ്രസ് പൊളിറ്റിക്കൽ അഫയേഴ്സ് കമ്മിറ്റി, അഥവാ രാഷ്ട്രീയ കാര്യ സമിതിയിൽ വി.ഡി സതീശൻ തന്റെ 'പ്ലാൻ 63' അവതരിപ്പിച്ചപ്പോൾ അദ്ദേഹം രാഷ്ട്രീയമായും വ്യക്തിപരമായും ആക്രമിക്കപ്പെട്ടത് വലിയ വാർത്തയായി.**

രനുമായ എ.പി അനിൽകുമാർ കണ്ണടച്ച് എതിർക്കുകയായിരുന്നു. എവിടെ നിന്നാണ് ഈ വിവരം..? ആരു പറഞ്ഞിട്ടാണ് സർവേ നടത്തിയത്..? ഏതൊക്കെയാണ് സീറ്റുകൾ..? ഇത്തരം കാര്യങ്ങളിൽ തീരുമാനമെടുക്കാൻ ആരാണ് ചുമതലപ്പെടുത്തിയത്..? തുടങ്ങിയ ചോദ്യങ്ങളാണ് കടുത്ത ഭാഷയിൽ അദ്ദേഹം ഉന്നയിച്ചത്. ഇത്രയും നാൾ ഒരു മിണ്ടാട്ടവുമില്ലാതിരുന്ന അനിൽകുമാർ ഇതോടെ ജീവിച്ചിരിപ്പുണ്ടെന്ന് മനസിലായത് അപ്പോഴാണ്. സതീശൻ ധിക്കാരിയാണെന്ന രീതിയിൽ ശൂനാട് രാജശേഖരനും അദ്ദേഹത്തെ വിമർശിച്ചു. എന്നാൽ രാഷ്ട്രീയമായി അനിൽകുമാറും വ്യക്തിപരമായി ശൂരനാടും സ്വന്തം നിലയ്ക്കല്ല, പരപ്രേരണയാലാണ് സതീശനെ വിമർശിച്ചതെന്നും പറയപ്പെടുന്നു.

മുഖ്യമന്ത്രിയാവാൻ ഉടുപ്പിട്ട് കാത്ത് കെട്ടി നിൽക്കുന്നവരുടെ കൂട്ടത്തിൽ ഈയടുത്ത കാലത്ത് ജീവൻവച്ച രമേശ് ചെന്നിത്തലയും ഹൈക്കമാന്റിന്റെ പവറുള്ള കെ.സി വേണുഗോപാലുമുണ്ട്. മേൽപ്പറഞ്ഞ വ്യക്തികൾ അവരുടെ കരുക്കളാണെന്ന് അഭ്യൂഹമുണ്ട്. കെ.സി വേണുഗോപാൽ പക്ഷക്കാരനാണ് അനിൽകുമാർ. ശൂരനാടിനിപ്പോൾ ചെന്നിത്തല ചായ്‌വുമുണ്ടത്രേ. രാഷ്ട്രീയ കാര്യ സമിതിയിലെ വിമർശനം കേട്ട് സതീശൻ പൊട്ടിത്തെറിച്ചു. എ.പി അനിൽകുമാറിന്റെ വിമർശനങ്ങൾക്ക് ആസൂത്രിത സ്വഭാവം ഉണ്ടെന്നാണ് സതീശന്റെ സംശയം. ഇത്തരമൊരു ആശയം രാഷ്ട്രീയ കാര്യ സമിതിയിൽ അല്ലാതെ മറ്റ് എവിടെയാണ് അവതരിപ്പിക്കുകയെന്ന് സതീശൻ അനുകൂലികൾ ചോദിക്കുന്നു.

അതേസമയം കോൺഗ്രസിനുള്ളിൽ അടുത്ത മുഖ്യമന്ത്രി ആരാകുമെന്നത് സംബന്ധിച്ച് ഹൈക്കമാൻഡ് ഒരു തീരുമാനത്തിലെത്തിയിട്ടില്ല. പ്രതിപക്ഷ നേതാവെന്ന നിലയ്ക്ക് സതീശൻ സർവേയോ പഠനമോ എന്ത് കുന്ത്രാണ്ടമോ നടത്തി ഇന്നയിന്ന മണ്ഡലങ്ങളിൽ കോൺഗ്രസ് ശ്രദ്ധയൂന്നി പ്രവർത്തിച്ചാൻ ഭരണം പിടിക്കാമെന്ന് പറഞ്ഞത് ഒരു മഹാ അപരാധമായി ചിത്രീകരിക്കപ്പെടുകയായിരുന്നു. കാര്യം പറയുന്നവൻ കമ്മ്യൂണിസ്റ്റ് എന്നാണല്ലോ വയ്പ്പ്. ഇപ്പോഴത് വി.ഡി സതീശൻ എന്നായിട്ടുണ്ട്.

ഇതിൽ നിന്നും മനസിലാക്കേണ്ടത് നേതാക്കൾ തമ്മിൽ ഇഴയടുപ്പമില്ലെന്നും പരസ്പരം ഉൾക്കൊള്ളാൻ കഴിയാത്ത മനസിനുടമകളാണെന്നുമാണ്. രാഷ്ട്രീയ കാര്യ സമിതി എന്നു പറയുന്നത് കേരളത്തിൽ മാത്രമുള്ള പാർട്ടി സംവിധാനമാണ്. ഇന്ത്യയിലെ മറ്റൊരു സംസ്ഥാനത്തും ഇങ്ങനെയൊരു ഏർപ്പാടില്ല. കെ.പി.സി.സി ഒരു ജംബോ കമ്മിറ്റയാണ്. ഒരു വലിയ പെരുന്നാളിനുള്ള ആൾക്കാർ അതിനകത്തുണ്ട്. ആ ജനപ്പെരുപ്പം കണക്കിലെടുത്താണ് കോൺഗ്രസിലെ ആഭ്യന്തര കാര്യങ്ങൾ പരിശേധിക്കാൻ 30-35 അംഗങ്ങൾ ഉള്ള രാഷ്ട്രീയ കാര്യ സമിതി രൂപീകരിച്ചത്.

ഒന്നര വർഷത്തിന് ശേഷമാണ് രാഷ്ട്രീയ കാര്യ സമിതി ചേർന്നത് തന്നെ. പലരും ഇങ്ങനെയൊരു സംഭവമുണ്ടെന്നോർക്കുന്നത് അന്നാണ്. നേതാക്കൾ തമ്മിലുള്ള ഐക്യം ഊട്ടിയുറപ്പിക്കുകയായിരുന്നു ലക്ഷ്യം. എന്നാൽ ഐക്യനീക്കമെല്ലാം ഗംഭീരമായി പാളി. നേതാക്കൾ പരസ്പരം കൈകൊടുത്ത് കുശലപ്രശ്നം നടത്തി ചായയും കുടിച്ച് പിരിഞ്ഞത് മാത്രം മിച്ചം. ഐക്യമുന്നണിയെ നയിക്കുന്ന കോൺഗ്രസിലെ ഐക്യമില്ലായ്മമൂലം സുധാകരനും സതീശനും ഒന്നിച്ച് നടത്താനിരുന്ന വാർത്താ സമ്മേളനവും 'സ്വാഹ'. സംഗതി 'മാറ്റിവെച്ചു' എന്ന് പറഞ്ഞ് ഖദർധാരികൾ തടിയൂരി.

വാസ്തവത്തിൽ കേരളത്തിലെ കോൺഗ്രസ് നേതൃത്വം അണികൾക്ക് ഭാരമാവുകയാണ്. പ്രിയങ്കാ ഗാന്ധി, കെ.സി വേണുഗോപാൽ, ശശി തരൂർ തുടങ്ങി ഹൈക്കമാൻഡ് തലത്തിൽ നേതാക്കളുള്ള കേരളത്തിലാണ് ഈ തമ്മിലടിയെന്നത് ഖേദകരമാണ്. പിണറായി സർക്കാർ വിരുദ്ധ വികാരം മുതലെടുത്ത് മുന്നേറാൻ പാർട്ടിക്ക് കഴിയുന്നില്ല. കഴിഞ്ഞ 9 വർഷമായി കോൺഗ്രസ് പ്രതിപക്ഷത്താണ്. അവിടെയിരുന്നുകൊണ്ടും ജനക്ഷേമകരമായ പ്രവർത്തനങ്ങൾ നടത്താം.

പുലിയും കടുവയും കാട്ടാനയും നാട്ടിലിറങ്ങി മനുഷ്യരെയും വളർത്തുമൃഗങ്ങളെയും നിത്യേന കൊല്ലുന്നു. കേരളത്തിലെ സർക്കാർ ആശുപത്രികളിൽ ഇപ്പോൾ ആവശ്യത്തിന് മരുന്നുകളില്ലാതെ രോഗികൾ നെട്ടോട്ടമോടുന്നു. ഇത്തരത്തിൽ ജനങ്ങളെ നേരിട്ട് ബാധിക്കുന്ന പ്രശ്നങ്ങൾ ഏറ്റെടുക്കാനാവാതെ പാർട്ടി സംവിധാനം നിഷ്ക്രിയമായിരിക്കുന്നു. പടലപ്പിണക്കങ്ങൽ തന്നെയാണിതിന് കാരണം.

ഒരാൾ ഒരു വിഷയം പൊക്കിക്കൊണ്ടുവന്നാൽ അതിന് കൈകൊടുക്കാൻ കൈപ്പത്തി ചിഹ്നക്കാർക്ക് വൈമുഖതയാണ്. കാരണം ക്രെഡിറ്റ് അയാൾക്ക് കിട്ടുമല്ലോ. അങ്ങനെ ആളാവേണ്ട. അതുകൊണ്ട് കൂടെനിൽക്കേണ്ടവന്റെ കാലിൽ ത്തന്നെ ചവിട്ടണം. കേരളത്തിൽ ഒരു ഭരണ മാറ്റം പൊതുജനം ആഗ്രഹിക്കുന്നുണ്ട്. അതിനൊത്ത് ഉയരാൻ തടസം ഈ തൊഴുത്തിൽക്കുത്ത് തന്നെ. അതെന്നവസാനിപ്പിക്കുന്നുവോ അന്ന് വാഴാം സെക്രട്ടേറിയറ്റിൽ.



**Save $ 894.***
**Combine**
**Home & Auto.**

**Michael Tharian**
**Agent**
1855 Victory Blvd
Staten Island, NY 10314
**Toll Free: 888-644-7222**

Save money and time when you combine your home and auto insurance. Just another way I'm her to help life go right. **CALL ME TODAY**

**We Serve These States**
**NY, NJ, PA, & CT.**

**We Provide Auto, Home & Life Insurance**

StateFarm®

*Average household savings based on 2016 national survey of new policyholders who reported savings by switching to State Farm
State Farm Mutual Automobile Insurance Company   State Farm Indemnity Company,
State Farm Fire and Casualty Company   State Farm General Insurance Company
1601489   Bloomington, IL

# സിറ്റിസൺഷിപ് ബൈ ബെർത്ത് ഇനി സ്വപ്നങ്ങളിൽ മാത്രം !



**(മാത്യു ജോയിസ്, ലാസ് വേഗാസ്)**

രേഖകളില്ലാത്ത കുടിയേറ്റക്കാർക്ക് ജനിക്കുന്ന കുട്ടികളെ ഇനി പൗരന്മാരായി പരിഗണിക്കില്ലെന്ന് പ്രഖ്യാപിക്കുന്ന ഒരു എക്സിക്യൂട്ടീവ് ഓർഡറിൽ അമേരിക്കൻ പ്രസിഡന്റ് ട്രംപ് ഒപ്പുവച്ചു. വിദേശ വിദ്യാർത്ഥികളോ വിനോദസഞ്ചാരികളായ ചില അമ്മമാരുടെ കുട്ടികൾക്ക് പോലും, നിയമപരമായി ഈ ഉത്തരവ് ബാധകമാകും.

H1B / H4 പോലുള്ള തൊഴിൽ വിസകളിൽ അമേരിക്കയിൽ ജനിക്കുന്ന മാതാപിതാക്കൾക്ക് ജനിക്കുന്ന കുട്ടികളെ ഇനി ജനനം മുതൽ പൗരന്മാരായി കണക്കാക്കില്ല. ജനനസമയത്ത് അല്ല, പക്ഷേ നിയമങ്ങൾ പാലിച്ചാൽ മാതാപിതാക്കളോടൊപ്പം അവരും പൗരന്മാരായിരിക്കും.

ജന്മാവകാശ പൗരത്വം സംബന്ധിച്ച പ്രസിഡന്റ് ട്രംപിന്റെ സമീപകാല എക്സിക്യൂട്ടീവ് ഉത്തരവിനെക്കുറിച്ച് കുടിയേറ്റക്കാർക്കിടയിൽ ആശങ്ക വർദ്ധിച്ചുവരികയാണ്. നിയമപരമായ വിസയിലുള്ള മാതാപിതാക്കൾക്ക് യുഎസിൽ ജനിക്കുന്ന കുട്ടികളെ ഇത് ബാധിച്ചേക്കാമെന്നും, പൗരത്വത്തിനുള്ള അവരുടെ യോഗ്യതയും ഭാവി അവസരങ്ങളും മാറ്റാൻ സാധ്യതയുണ്ടെന്നും പലരും ഭയപ്പെടുന്നു.

ട്രംപിന്റെ എക്സിക്യൂട്ടീവ് ഉത്തരവ് കൊണ്ട് എന്താണ് മനസിലാക്കേണ്ടത്?

ഈ നയത്തിന്റെ അടിസ്ഥാന തത്വം നിയമപരമായ കുടിയേറ്റക്കാരിലോ അവരുടെ കുട്ടികളിലോ അല്ല, മറിച്ച് കുടിയേറ്റത്തിന്റെ ദുരുപയോഗത്തിന്റെ രണ്ട് പ്രത്യേക മേഖലകളെ നിയന്ത്രിക്കാനായിരിക്കും:

A. നിയമവിരുദ്ധ കുടിയേറ്റം: ദശലക്ഷക്കണക്കിന് രേഖകളില്ലാത്ത കുടിയേറ്റക്കാർ അതിർത്തി കടന്ന് വരുന്നവർക്ക് യുഎസിൽ കുട്ടികളുണ്ട്, അവർക്ക് 14-ാം ഭേദഗതി പ്രകാരം സ്വയമേവ പൗരത്വം ലഭിക്കും. 21 വയസ്സ് തികയുന്നതുവരെ ഈ കുട്ടികൾക്ക് മാതാപിതാക്കളെ സ്പോൺസർ ചെയ്യാൻ കഴിയില്ലെങ്കിലും, ഈ രീതി നിയമവിരുദ്ധ കുടിയേറ്റത്തെ പ്രോത്സാഹിപ്പിക്കുന്നു.

B. ടൂറിസം: പ്രത്യേകിച്ച് ചൈന പോലുള്ള രാജ്യങ്ങളിൽ നിന്നുള്ള സമ്പന്നരായ വിനോദസഞ്ചാരികൾ, ജന്മാവകാശ പൗരത്വ നിയമങ്ങൾ ചൂഷണം ചെയ്ത് പ്രസവിക്കാൻ മാത്രമായി താൽക്കാലിക വിസകളിൽ യുഎസിലേക്ക് പറന്നു വരുന്നു. ഇത് വ്യവസ്ഥയുടെ വ്യക്തമായ ദുരുപയോഗമാണ്.

1868-ൽ അംഗീകരിച്ച 14-ാം ഭേദഗതി, ആഭ്യന്തരയുദ്ധത്തിനുശേഷം, മുമ്പ് അമേരിയ്ക്കയിൽ അടിമകളായിരുന്ന വ്യക്തികൾക്ക് പൗരത്വം നൽകുന്നതിനായി രൂപകൽപ്പന ചെയ്തതാണ്, അവർക്ക് അടിസ്ഥാന അവകാശങ്ങൾ നിഷേധിക്കാൻ കഴിയില്ലെന്ന് ഉറപ്പാക്കുന്ന ഒരു നയമായിരുന്നു അത്.



എന്നാൽ പുതിയ ഈ എക്സിക്യൂട്ടീവ് ഉത്തരവ് നിയമാനുസൃത കുടിയേറ്റക്കാരെയോ അവരുടെ കുട്ടികളെയോ അല്ല, മറിച്ച് നിയമവിരുദ്ധ കുടിയേറ്റത്തെയും വ്യവസ്ഥാ ദുരുപയോഗത്തെയും ലക്ഷ്യം വച്ചുള്ളതാണ്. ഈ നയത്തിന്റെ ഉദ്ദേശ്യം മനസ്സിലാക്കേണ്ടത് പ്രധാനമാണ്, നിയമ പ്രക്രിയ പിന്തുടരുന്നവരെ ഇത് ഭയപ്പെടുത്തേണ്ടതില്ല.

നിയമാനുസൃതമായി ഇന്ത്യയിൽനിന്നും വന്നവർക്കു, വിദേശത്ത് ജനിച്ച രക്ഷിതാവ് എന്ന നിലയിൽ നിങ്ങളും അമേരിക്കയിൽ ജനിച്ച നിങ്ങളുടെ കുട്ടിയും നിയമ പ്രക്രിയ പിന്തുടരുന്നിടത്തോളം, ആശങ്കയ്ക്ക് കാരണമില്ല.

നിയമപരമായ വെല്ലുവിളികളും വലിയ വാദപ്രതിവാദങ്ങളും ഈ എക്സിക്യൂട്ടീവ് ഉത്തരവിനെ ചോദ്യം ചെയ്തു ഗുരുതരമായ ആശങ്കകളിലേക്ക് പോകുമെന്നതിൽ സംശയമില്ല.

നിയമപരമായ വിസ ഉള്ളവർക്ക് ജനിക്കുന്ന കുട്ടികളുടെ കാര്യത്തിൽ, സ്ഥിതി വ്യത്യസ്തമാണ്. ഈ കുട്ടികൾ എല്ലായ്പ്പോഴും നിയമപരമായവരാണ്. മാതാപിതാക്കൾ അപേക്ഷിക്കുകയും നിയമപരമായ കുടിയേറ്റ പ്രക്രിയ പിന്തുടരുകയും ചെയ്താൽ, രാജ്യത്ത് തുടരാനും ഒടുവിൽ അവരുടെ മാതാപിതാക്കളോടൊപ്പം പൗരത്വം നേടാനും അവർക്ക് നിയമപരമായ വഴി ലഭിക്കും.

എല്ലാവർക്കും ജന്മാവകാശ പൗരത്വം എന്നത് ഒരു കൃത്യതയുള്ള ആശയമല്ല. നിയമപരമായി നിലവിലുള്ളവർക്കും, അവരുടെ പദവി നിലനിർത്തുന്നവർക്കും, ഈ രാജ്യത്തിന്റെ നിയമങ്ങൾ ദുരുപയോഗം ചെയ്യാതെ ഉയർത്തിപ്പിടിക്കുന്നവർക്കും മാത്രമായി ഇത് സംവരണം ചെയ്യണം. പ്രസിഡന്റ് ട്രംപിന്റെ നടപടികൾ നിയമാനുസൃത കുടിയേറ്റക്കാരുടെയോ അവരുടെ കുട്ടികളുടെയോ അവകാശങ്ങൾ കവർന്നെടുക്കുക എന്നതല്ല, വ്യവസ്ഥയിലെ ദുരുപയോഗങ്ങൾ പരിഹരിക്കുക എന്നതാണ് ലക്ഷ്യമിടുന്നത്. ഇത് കുടിയേറ്റ നിയമങ്ങൾ നടപ്പിലാക്കുന്നതിനെക്കുറിച്ചും യുഎസ് പരമാധികാരം സംരക്ഷിക്കുന്നതിനെക്കുറിച്ചുമാണ്. അമേരിക്കൻ പൗരന്മാർ എന്ന നിലയിൽ, നമ്മൾ ഈ വിഷയം വ്യക്തമായി മനസ്സിലാക്കുകയും നമ്മുടെ രാജ്യത്തിന് ഏറ്റവും നല്ലതിനെ പിന്തുണയ്ക്കുകയും വേണം.

ജന്മാവകാശ പൗരത്വത്തിലെ മാറ്റങ്ങൾ സംബന്ധിച്ച യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന്റെ എക്സിക്യൂട്ടീവ് ഉത്തരവിനെ ഇന്ത്യൻ-അമേരിക്കൻ നിയമനിർമ്മാതാക്കൾ എതിർത്തുകഴിഞ്ഞു.

ലോകമെമ്പാടുമുള്ള മികച്ച കഴിവുകളെയും ബുദ്ധിശക്തിയെയും കൊണ്ടുവരുന്ന ഒആ വിസകളുടെ പ്രധാന ഗുണഭോക്താക്കൾ ഇന്ത്യക്കാരാണ്. മികച്ച ആളുകളെ അമേരിയ്ക്കയിൽ കൊണ്ടുവരണമെന്നും ട്രമ്പ് സൂചിപ്പിച്ചിട്ടുണ്ട്.

ഇന്ത്യയിൽ നിന്നുള്ള ഉയർന്ന വൈദഗ്ധ്യമുള്ള പ്രൊഫഷണലുകൾക്ക്, കോൺഗ്രസിന്റെ ഉത്തരവ് പ്രകാരം, പ്രതിവർഷം 6,50,000 H-1B വിസകളും യുഎസിൽ നിന്ന് ഉന്നത വിദ്യാഭ്യാസം നേടിയവർക്ക് 20,000 വീസകളും ലഭിക്കുന്നു.

ലോകമെമ്പാടുമുള്ള അനധികൃത കുടിയേറ്റക്കാരെ മാത്രമല്ല, ഇന്ത്യയിൽ നിന്നുള്ള വിദ്യാർത്ഥികളെയും പ്രൊഫെഷനലുകളെയും ബാധിക്കുമെന്നതിൽ സംശയമില്ല.

# അമൃത എ. യു
## (മാതൃഭൂമി ഓൺലൈൻ ന്യൂസ്)
## മികച്ച യുവ മാധ്യമ പ്രവർത്തകക്കുള്ള മീഡിയ എക്സലൻസ് പുരസ്കാരത്തിനു അർഹയായി



കൊച്ചി ഗോകുലം കൺവെൻഷൻ സെന്ററിൽ നടന്ന പ്രൗഢഗംഭീരമായ ചടങ്ങിൽ പുരസ്കാരം ഏറ്റുവാങ്ങി . എക്സ് എംപി സെബാസ്റ്റിയൻ പോൾ ഫലകവും പ്രശസ്തി പത്രവും കൈ മാറി. ശ്രീ സജിമോൻ ആന്റണി ശ്രീ ബേബി വടക്കുന്നേൽ എന്നിവർ ചേർന്ന് ചെക് നൽകി ആദരിച്ചു .

സ്ത്രീകൾ കുട്ടികൾ സാമൂഹ്യ പ്രശ്നങ്ങൾ തുടങ്ങിയവയിൽ ഊന്നിയുള്ള ശൈലിയാണ് മറ്റു മാധ്യമ പ്രവർത്തകരിൽ നിന്നും അമൃതയെ വേറിട്ടു നിർത്തുന്നത്. തിരുവനന്തപുരം മാർ ഇവാനിയോസ് കോളേജിൽ നിന്നും ബി എ ജേണലിസം എടുത്ത അമൃത മലപ്പുറം മലയാള സർവകലാശാലയിൽ നിന്നും ഏറ്റവും ഉയർന്ന മാർക്കോട് എം എ മാധ്യമ പഠനം കോഴ്സ് പൂർത്തിയാക്കി. ഈ സമയം തന്നെ പാർട്ട് ടൈം ആയും തുറമുഖ പ്രാദേശിക ചാനലായ മലബാർ പ്രൈംസ് ന്യൂസ് ചാനലിൽ ന്യൂസ് എഡിറ്ററായും ജോലി ചെയ്തു. തുടർന്ന് കലാകൗമുദി സബ് എഡിറ്റർ ട്രെയിനിയായും പ്രവർത്തിച്ചു .2018ൽ ഓൺലൈൻ കണ്ടന്റ് റൈറ്റർ ആയി മാതൃഭൂമിയിൽ പ്രവേശിച്ചു ഇപ്പോൾ കൊച്ചിൻ ബ്യൂറോയിൽ മാതൃഭൂമി ഓൺലൈൻ സീനിയർ കണ്ടന്റ് റൈറ്ററായും ഒപ്പം റിപ്പോർട്ടറായും പ്രവർത്തിക്കുന്നു. 2021ൽ അട്ടപ്പാടിയിലെ സമ്പാർകോട് ഊരിലെ ആദിവാസികൾക്കിടയിലുള്ള പഞ്ചകൃഷിയെ കുറിച്ചുള്ള ന്യൂസ് സ്റ്റോറിക്ക് സംസ്ഥാന സർക്കാരിന്റെ മികച്ച സാമൂഹ്യ ശാക്തീകരണ റിപ്പോർട്ടിനുള്ള പുരസ്കാരവും, 2022 ൽ മീഡിയ അക്കാഡമി ഫെല്ലോഷിപ്പ്, യുവ മാധ്യമ പ്രവർത്തകർക്കുള്ള രാഘവീയം പുരസ്കാരം, ഇൻഡിവുഡ് പുരസ്കാരം, ലീലാ മേനോൻ മാധ്യമ പുരസ്കാരം, ഡിജി പബിന്റെ മികച്ച ഇൻറർവ്യൂവിനുള്ള പുരസ്കാരം, ദേശീയ കുടുംബശ്രീ സരസ് മേള - മികച്ച ഓൺലൈൻ റിപ്പോർട്ടറിനുള്ള പുരസ്കാരം എന്നിവ കരസ്ഥമാക്കി.

കൊച്ചി ഗോകുലം കൺവെൻഷൻ സെന്ററിൽ നടന്ന ചടങ്ങുകൾ പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ നിലവിളക്കു കൊളുത്തി ഉദ്ഘാടനം ചെയ്തു . ഇന്ത്യ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്കയുടെ പ്രസിഡന്റ് സുനിൽ ട്രൈസ്റ്റാർ (സാമുവേൽ ഈശോ) അധ്യക്ഷത വഹിച്ച ചടങ്ങിൽ മുൻ കേന്ദ്ര മന്ത്രിയും ഇപ്പോൾ കേരള ഗവൺമെന്റിന്റെ ക്യാബിനറ്റ് റാങ്കുള്ള കേന്ദ്രത്തിലെ പ്രത്യേക പ്രതിനിധിയായ പ്രൊഫസർ കെ.വി. തോമസ്, ഹൈബി ഈഡൻ എം പി, എം എൽ എ മാരായ മോൻസ് ജോസഫ്, അൻവർ സാദത്, റോജി എം ജോൺ, മാണി സി കാപ്പൻ , ടി ജെ വിനോദ് , കെ ജെ മാക്സി, മുൻ എംപി സെബാസ്റ്റ്യൻ പോൾ , കേരള മീഡിയ അക്കാദമി ചെയർമാൻ ആർ എസ് ബാബു, ജോണി ലൂക്കോസ് ഡയറക്ടർ, മനോരമ ന്യൂസ്, സാജ് എർത്ത് റിസോർട് ഉടമകൾ സാജൻ, മിനി സാജൻ, സുമേഷ് അച്ചുതൻ, ഫൊക്കാന പ്രസിഡന്റ് സജിമോൻ ആന്റണി, ഫോമാ പ്രസിഡന്റ് ബേബി മണക്കുന്നേൽ, ഫൊക്കാന മുൻ പ്രസിഡന്റ് ബാബു സ്റ്റീഫൻ, ദിലീപ് വെർഗീസ് , അനിയൻ ജോർജ് കൂടാതെ ഇന്ത്യ പ്രസ് ക്ലബ് സെക്രട്ടറി ഷിജോ പൗലോസ്, അഡ്വൈസറി ബോർഡ് ചെയർമാൻ സുനിൽ തൈമറ്റം, നിയുക്ത പ്രസിഡന്റ് (202627) രാജു പള്ളത്, വൈസ് പ്രസിഡന്റ് അനിൽ കുമാർ ആറന്മുള, ജോയിന്റ് സെക്രട്ടറി ആശ മാത്യു, ജോയിന്റ് ട്രെഷറർ റോയ് മുളകുന്നം, അഡ്വൈസറി ബോർഡ് അംഗങ്ങളും പങ്കെടുത്തു




Now baking 4 exciting flavors
Plum Cakes Freshly Made in USA
HOTCAKEUSA
Premium Plum Fruit & Nut Cake
Handmade with Finest Organic & Natural Ingredients
'Available at all leading stores in USA'
Seeking Part-time Sales and Marketing Professionals from all 50 states
NOW ACCEPTING BULK PRE-ORDERS!
Nationwide Retailers Welcome!
www.hotcakeusa.com or Call 1-201-479-2727

# മികച്ച പ്രസ് ക്ലബിനുള്ള അവാർഡ് തിരുവനന്തപുരം പ്രസ് ക്ലബ് പ്രസിഡന്റ് പി.ആർ പ്രവീൺ ഏറ്റുവാങ്ങി




കൊച്ചി: മികച്ച പ്രസ് ക്ലബിനുള്ള അവാർഡ് തിരുവനന്തപുരം പ്രസ് ക്ലബ് പ്രസിഡന്റ് പി.ആർ പ്രവീൺ ഏറ്റുവാങ്ങി. ഗോകുലം കൺവെൻഷൻ സെന്ററിൽ നടന്ന പ്രൗഢഗംഭീരമായ ചടങ്ങിൽ എക്സ് എംപി സെബാസ്റ്റിയൻ പോൾ ഫലകവും പ്രശസ്തി പത്രവും ചെക്കും നൽകി ആദരിച്ചു.

ഇന്ത്യയിലെ ഏറ്റവും പഴക്കമേറിയതും പ്രശസ്തവുമായ പ്രസ് ക്ലബ്ബുകളിൽ ഒന്നാണ് തിരുവനന്തപുരം പ്രസ് ക്ലബ് . 1965ൽ ആണ് തിരുവനന്തപുരം പ്രസ് ക്ലബ് സ്ഥാപിതമായത് വാർത്തകളുമായി ബന്ധപ്പെട്ട ഉറവിടങ്ങൾക്കും ചർച്ചകൾക്കും ബന്ധപ്പെട്ട സഹകരണ പ്രവർത്തനങ്ങൾക്കും വേണ്ടിയുള്ള ഒരു പ്ലാറ്റ്‌ഫോം ആയിട്ടാണ് പ്രസ് ക്ലബ് രൂപം ചെയ്തിരിക്കുന്നത്. വിവിധ തൽപരകക്ഷികളുമായും മറ്റും സംവാദം സാധ്യമാക്കുന്നതിനായി ദിവസേന പത്രസമ്മേളനങ്ങൾ നടത്തുന്നു. കൂടാതെ ക്ലബ്ബിലെ അംഗങ്ങളുടെ കഴിവുകളും പ്രൊഫഷണൽ മികവും മെച്ചപ്പെടുത്തുന്നതിനായി വിജ്ഞാനപ്രദങ്ങളായ തുടർ വർഷോപ്പുകളും ഈ പ്രസ് ക്ലബ്ബിൻറെ പ്രത്യേകതകളിൽ ഒന്നാണ്. വിവിധ മേഖലകളിലെ പ്രമുഖരിൽ നിന്ന് വിലപ്പെട്ട ഉൾക്കാഴ്ചകളും, വീക്ഷണങ്ങളും നേടി കൊണ്ട് വിശിഷ്ട വ്യക്തികളുമായി സംവദിക്കുന്നതിന് മീറ്റ് ദ പ്രസ്സ് നടത്താനും അംഗങ്ങൾക്ക് അവസരം ലഭിക്കുന്നു. സമീപപ്രദേശത്തെ അധസ്ഥിതരായ വ്യക്തികളുടെ നില മെച്ചപ്പെടുത്തുന്നതിന് വേണ്ടി സാമൂഹിക പ്രതിബദ്ധതയോടെ സേവനം ചെയ്യുകയും ഒപ്പം പത്രപ്രവർത്തകരെ പരിപോഷിപ്പിക്കുന്നതിനും പരിശീലിപ്പിക്കുന്നതിന് വേണ്ടി മീഡിയ കോഴ്സുകളുടെ ശ്രേണികൾ ഉന്നത നിലവാരത്തിൽ ഒരുക്കി പ്രശസ്തമായ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ജേർണലിസം കോഴ്സുകൾ വിജയകരമായി നടപ്പിലാക്കി വരുന്നു .

കൊച്ചി ഗോകുലം കൺവെൻഷൻ സെന്ററിൽ നടന്ന ചടങ്ങുകൾ പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ നിലവിളക്കു കൊളുത്തി ഉദ്‌ഘാടനം ചെയ്തു . ഇന്ത്യ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്കയുടെ പ്രസിഡന്റ് സുനിൽ ട്രൈസ്റ്റാർ (സാമുവേൽ ഈശോ) അധ്യക്ഷത വഹിച്ച ചടങ്ങിൽ മുൻ കേന്ദ്ര മന്ത്രിയും ഇപ്പോൾ കേരള ഗവണ്മെന്റിന്റെ ക്യാബിനറ്റ് റാങ്കുള്ള കേന്ദ്രത്തിലെ പ്രത്യേക പ്രതിനിധിയായ പ്രൊഫസർ കെ.വി. തോമസ്, ഹൈബി ഈഡൻ എംപി, എം എൽ എ മാരായ മോൻസ് ജോസഫ്, അൻവർ സാദത്, റോജി എം ജോൺ, മാണി സി കാപ്പൻ , ടി ജെ വിനോദ് , കെ ജെ മാക്സി, മുൻ എംപി സെബാസ്റ്റ്യൻ പോൾ , കേരള മീഡിയ അക്കാദമി ചെയർമാൻ ആർ എസ് ബാബു, ജോണി ലൂക്കോസ് ഡയറക്ടർ, മനോരമ ന്യൂസ്, സാജ് എർത്ത് റിസോർട് ഉടമകൾ സാജൻ, മിനി സാജൻ, സുമേഷ് അച്ചുതൻ, ഫൊക്കാന പ്രസിഡന്റ് സജിമോൻ ആന്റണി, ഫോമാ പ്രസിഡന്റ് ബേബി മണക്കുന്നേൽ, ഫൊക്കാന മുൻ പ്രസിഡന്റ് ബാബു സ്റ്റീഫൻ, ദിലീപ് വെർഗീസ് , അനിയൻ ജോർജ് കൂടാതെ ഇന്ത്യ പ്രസ് ക്ലബ് സെക്രട്ടറി ഷിജോ പൗലോസ്, അഡ്വൈസറി ബോർഡ് ചെയർമാൻ സുനിൽ തൈമറ്റം, നിയുക്ത പ്രസിഡന്റ് രാജു പള്ളത്ത് (2026 27), വൈസ് പ്രസിഡന്റ് അനിൽ കുമാർ ആറന്മുള, ജോയിന്റ് സെക്രട്ടറി ആശ മാത്യു, ജോയിന്റ് ട്രെഷറർ റോയ് മുളകുന്നം, അഡ്വൈസറി ബോർഡ് അംഗങ്ങളും പങ്കെടുത്തു





# എൻ. ആർ സുധർമദാസ് (ചീഫ് ഫോട്ടോഗ്രാഫർ കേരള കൗമുദി) മീഡിയ എക്സലൻസ് 2025 മികച്ച ഛായാഗ്രാഹകനുള്ള പുരസ്കാരത്തിന് അർഹനായി



കൊച്ചി ഗോകുലം കൺവെൻഷൻ സെന്ററിൽ നടന്ന പ്രൗഢഗംഭീരമായ ചടങ്ങിൽ അഭിനേത്രി ലിയോണ ലിഷോയിൽനിന്നും ഫലകവും ശ്രീ സ്റ്റീഫൻ കിഴക്കേകോട്ടിൽ നിന്ന് പ്രശസ്തിപത്രവും ശ്രീ ജോസഫ് ഇടിക്കുളയിൽ നിന്ന് ചെക്കും ഏറ്റുവാങ്ങി.

ന്യൂസ് ഫോട്ടോഗ്രാഫി മേഖലയിൽ 25 വർഷത്തിലധികമായി ഒട്ടേറെ അനുഭവ സമ്പത്തുള്ള എൻ ആർ സുധർമദാസ് കേരളകൗമുദിയുടെ ആലപ്പുഴ യൂണിറ്റിലാണ് ന്യൂസ് ഫോട്ടോഗ്രാഫറായി തുടക്കം കുറിച്ചത്. ആളുകൾ അറിയാതെ അവരുടെ മികച്ച നിമിഷങ്ങൾ പകർത്തുന്ന ഇഷ്ടത്തിന് അവയൊക്കെ വിലയിരുത്തിക്കൊണ്ട് സമ്പൂർണ്ണ പിന്തുണ നൽകിയ സ്ഥാപന മേധാവി കൂടെ നിന്നപ്പോൾ കേരളത്തിനു ലഭിച്ചത് കഴിവുറ്റ മികച്ച ന്യൂസ് ഫോട്ടോഗ്രാഫറെ. ജോലിയുടെ ഭാഗമായി പകർത്തിയ ഒരു ചിത്രം ലോക ശ്രദ്ധ ആകർഷിക്കുകയും നടികൽപ്പനയ്ക്ക് ദേശീയ അവാർഡ് കിട്ടിയ സിനിമ ഉണ്ടാവാൻ പ്രചോദനമാവുകയും ചെയ്തു. ആത്മഹത്യ ചെയ്യാനായി റെയിൽവേ ട്രാക്കിൽ എത്തിയ ഒരു അന്തർജനത്തെ റസിയ ബീവി എന്ന സ്ത്രീ തന്റെ വീട്ടിലേക്ക് കൂട്ടിക്കൊണ്ടുവന്ന് അവർക്ക് അവിടെ ഒരു തുളസിത്തറ പണിയുകയും അവർക്കായി സന്ധ്യാദീപം കൊളുത്തുന്നതിനുള്ള സൗകര്യം ഒരുക്കുകയും ചെയ്ത സംഭവമായിരുന്നു അത്. രാമനും റഹീമും ഒന്നാണ് എന്ന അടിക്കുറിപ്പോടെ പ്രസിദ്ധീകരിച്ചുവന്ന ഈ ചിത്രം ഏറെ ചർച്ച ചെയ്യപ്പെട്ടിരുന്നു. ഈ സംഭവമാണ് തനിച്ചല്ല ഞാൻ എന്ന് ദേശീയ അവാർഡ് നേടിയ സിനിമ ഉണ്ടാവാൻ കാരണമായത്. ജീവിതത്തെ അപ്പാടെ സ്വാംശീകരിച്ച് ഫ്രെയിമിൽ ആക്കുമ്പോഴൊക്കെ തന്നെ നിരവധി അവാർഡുകളാണ് സുധർമദാസിന് തേടിയെത്തിയത്.

കൊച്ചി ഗോകുലം കൺവെൻഷൻ സെന്ററിൽ നടന്ന ചടങ്ങുകൾ പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ നിലവിളക്കു കൊളുത്തി ഉദ്ഘാടനം ചെയ്തു . ഇന്ത്യ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്കയുടെ പ്രസിഡന്റ് സുനിൽ ട്രൈസ്റ്റാർ (സാമുവേൽ ഈശോ) അധ്യക്ഷത വഹിച്ച ചടങ്ങിൽ മുൻ കേന്ദ്ര മന്ത്രിയും ഇപ്പോൾ കേരള ഗവണ്മെന്റിന്റെ ക്യാബിനറ്റ് റാങ്കുള്ള കേന്ദ്രത്തിലെ പ്രത്യേക പ്രതിനിധിയായ പ്രൊഫസർ കെ.വി. തോമസ്, ഹൈബി ഈഡൻ എം പി, എം എൽ എ മാരായ മോൻസ് ജോസഫ്, അൻവർ സാദത്, റോജി എം ജോൺ, മാണി സി കാപ്പൻ , ടി ജെ വിനോദ് , കെ ജെ മാക്സി, മുൻ എംപി സെബാസ്റ്റ്യൻ പോൾ , കേരള മീഡിയ അക്കാദമി ചെയർമാൻ ആർ എസ് ബാബു, ജോണി ലൂക്കോസ് ഡയറക്ടർ, മനോരമ ന്യൂസ്, സാജ് എർത്ത് റിസോർട് ഉടമകൾ സാജൻ, മിനി സാജൻ, സുമേഷ് അച്ചുതൻ, ഫൊക്കാന പ്രസിഡന്റ് സജിമോൻ ആന്റണി, ഫോമാ പ്രസിഡന്റ് ബേബി മണക്കുന്നേൽ, ഫൊക്കാന മുൻ പ്രസിഡന്റ് ബാബു സ്റ്റീഫൻ, ദിലീപ് വെർഗീസ് , അനിയൻ ജോർജ് കൂടാതെ ഇന്ത്യ പ്രസ് ക്ലബ് സെക്രട്ടറി ഷിജോ പൗലോസ്, അഡ്വൈസറി ബോർഡ് ചെയർമാൻ സുനിൽ തൈമറ്റം, നിയുക്ത പ്രസിഡന്റ് രാജു പള്ളത്, വൈസ് പ്രസിഡന്റ് അനിൽകുമാർ ആറന്മുള, ജോയിന്റ് സെക്രട്ടറി ആശ മാത്യു, ജോയിന്റ് ട്രെഷറർ റോയ് മുളകുന്നം, അഡ്വൈസറി ബോർഡ് അംഗങ്ങളും പങ്കെടുത്തു.



# അജി പുഷ്കർ (ക്രീയേറ്റീവ് ഹെഡ്, റിപ്പോർട്ടർ ടിവി) മീഡിയ എക്സലൻസ് അവാർഡ് 2025 മികച്ച സാങ്കേതിക വിദ്യ നിർമ്മാതാവിനുള്ള പുരസ്ക്കാരത്തിന് അർഹനായി




കൊച്ചി ഗോകുലം കൺവെൻഷൻ സെന്ററിൽ നടന്ന പ്രൗഢഗംഭീരമായ ചടങ്ങിൽ ശ്രീ റോജി എം ജോൺ എംൽ എ ഫലകവും ശ്രീ ശരത് (എക്സിക്യൂട്ടീവ് എഡിറ്റർ കൈരളി ന്യൂസ്) പ്രശസ്തിപത്രവും ശ്രീ ജോസഫ് ഇടിക്കുള ചെക്കും നൽകി ആദരിച്ചു.

സാങ്കേതിക വിദ്യകൾ ദിനംപ്രതി മാറിക്കൊണ്ടിരിക്കുന്ന വാർത്താ മാധ്യമ മേഖലയിൽ എന്നും ഒരു കാതം മുന്നിൽ നിന്ന് നയിക്കുന്ന പാരമ്പര്യമാണ് അജി പുഷ്കറിന്റേത്. വളരെ ചെറുപ്പത്തിൽ തന്നെ ഇത്തരം കാര്യങ്ങളോടുള്ള അഭിവാഞ്ച അജി പുഷ്കറിനെ കൊണ്ടെത്തിച്ചത് മാധ്യമ മേഖലയിൽ ആയിരുന്നു. വീഡിയോ ജേണലിസ്റ്റ് ആയിരുന്നു തുടക്കം മലയാളിയുടെ സംഗീത ആസ്വാദനത്തെ തന്നെ മാറ്റിമറിച്ച ഐഡിയ സ്റ്റാർ സിംഗർ, ഹാസ്യ വിസ്മയം തീർത്ത സിനിമാല, നമ്മൾ തമ്മിൽ, വിശ്വസിച്ചാലും ഇല്ലെങ്കിലും, സാഹസികന്റെ ലോകം തുടങ്ങി മലയാളം ടെലിവിഷൻ രംഗത്ത് പുതു ചരിത്രങ്ങൾ ഏഷ്യാനെറ്റ് തീർത്തപ്പോൾ ക്യാമറയ്ക്ക് പിന്നിൽ അജി പുഷ്കർ മാറ്റുരച്ചു. ഏഷ്യയിലെ മികച്ച മുഴുവൻ സമയ എ ആർ വി ആർ എക്സ് ആർ സ്റ്റുഡിയോ റിപ്പോർട്ടിനായി എത്തിയതും അജി പുഷ്കറിന്റെ നേതൃത്വത്തിലുള്ള സംഘമായിരുന്നു. പുത്തൻ ടെക്നോളജി ഇഷ്ടപ്പെടുന്ന പ്രേക്ഷകർക്ക് മുന്നിൽ ദൃശ്യ ശ്രവ്യ വിസ്മയം തീർത്ത് അജി പുഷ്കർ തന്റെ ജൈത്രയാത്ര തുടരുന്നു.

കൊച്ചി ഗോകുലം കൺവെൻഷൻ സെന്ററിൽ നടന്ന ചടങ്ങുകൾ പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ നിലവിളക്കു കൊളുത്തി ഉദ്ഘാടനം ചെയ്തു . ഇന്ത്യ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്കയുടെ പ്രസിഡന്റ് സുനിൽ ട്രൈസ്റ്റാർ (സാമുവേൽ ഈശോ) അധ്യക്ഷത വഹിച്ച ചടങ്ങിൽ മുൻ കേന്ദ്ര മന്ത്രിയും ഇപ്പോൾ കേരള ഗവണ്മെന്റിന്റെ ക്യാബിനറ്റ് റാങ്കുള്ള കേന്ദ്രത്തിലെ പ്രത്യേക പ്രതിനിധിയായ പ്രൊഫസർ കെ.വി. തോമസ്, ഹൈബി ഈഡൻ എം പി, എം എൽ എ മാരായ മോൻസ് ജോസഫ്, അൻവർ സാദത്, റോജി എം ജോൺ, മാണി സി കാപ്പൻ , ടി ജെ വിനോദ് , കെ ജെ മാക്സി, മുൻ എംപി സെബാസ്റ്റ്യൻ പോൾ , കേരള മീഡിയ അക്കാദമി ചെയർമാൻ ആർ എസ് ബാബു, ജോണി ലൂക്കോസ് ഡയറക്ടർ, മനോരമ ന്യൂസ്, സാജ് എർത്ത് റിസോർട് ഉടമകൾ സാജൻ, മിനി സാജൻ, സുമേഷ് അച്ചുതൻ, ഫൊക്കാന പ്രസിഡന്റ് സജിമോൻ ആന്റണി, ഫോമാ പ്രസിഡന്റ് ബേബി മണക്കുന്നേൽ, ഫൊക്കാന മുൻ പ്രസിഡന്റ് ബാബു സ്റ്റീഫൻ, ദിലീപ് വെർഗീസ് , അനിയൻ ജോർജ് കൂടാതെ ഇന്ത്യ പ്രസ് ക്ലബ് സെക്രട്ടറി ഷിജോ പൗലോസ്, അഡ്വൈസറി ബോർഡ് ചെയർമാൻ സുനിൽ തൈമറ്റം, നിയുക്ത പ്രസിഡന്റ് രാജു പള്ളത് (2026 27), വൈസ് പ്രസിഡന്റ് അനിൽകുമാർ ആറന്മുള, ജോയിന്റ് സെക്രട്ടറി ആശ മാത്യു, ജോയിന്റ് ട്രെഷറർ റോയ് മുളകുന്നം, അഡ്വൈസറി ബോർഡ് അംഗങ്ങളും പങ്കെടുത്തു.








USA - CANADA TOUR
MAY-JUNE 2025
STAR
ENTERTAINMENT
PRESENTS
cine
Star
Nite
2025
www.starentertainment.world
CONTACT: JOSEPH IDICULA 201-421-5303
JAMES GEORGE 973-985-8432 | BOBBY VARGHESE 201-669-1477

# ലിബിൻ ബാഹുലേയൻ (ഏഷ്യാനെറ്റ് ന്യൂസ്) മീഡിയ എക്സലൻസ് അവാർഡ് 2025 മികച്ച ന്യൂസ് വീഡിയോ എഡിറ്റർ പുരസ്കാരത്തിന് അർഹനായി










കൊച്ചി ഗോകുലം കൺവെൻഷൻ സെന്ററിൽ നടന്ന പ്രൗഢഗംഭീരമായ ചടങ്ങിൽ ശ്രീ റോജി എം ജോൺ എംൽ എ ഫലകവും അങ്കമാലി ബ്ലോക്ക് പ്രസിഡണ്ട് കൊച്ചുത്രേസ്യ പ്രശസ്തിപത്രവും ശ്രീ സൈമൺ വാവാച്ചേരിയിൽ ചെക്കും കൈമാറി.

ഒഴിവാക്കലുകളുടെയും, കൂട്ടിച്ചേർക്കലുകളുടെയും മാന്ത്രികത നിറഞ്ഞ കലയായ എഡിറ്റിങ്ങിൽ ലിബിൻ സജീവമാകുന്നത്.

2011 – ലാണ്. മലയാളത്തിലെ ഒട്ടുമിക്ക ചാനലുകളിലെയും സൂപ്പർഹിറ്റ് പരമ്പരകൾക്ക് എഡിറ്റിംഗ് നിർവഹിച്ചു . 2013ൽ ഏഷ്യാനെറ്റിൽ ഔദ്യോഗിക ജീവിതത്തിന് തുടക്കം കുറിച്ച ലിബിൻ ബാഹുലേയൻ 2014 ഡൽഹിയിൽ തൻറെ കർമ്മമേഘലയിൽ മികച്ച പ്രവർത്തനങ്ങൾ കാഴ്ചവച്ചു. 2018 കേരളത്തിൽ തിരിച്ചെത്തി . മെഗാ സീരിയലുകൾ ഉൾപ്പെടെ 16 പരമ്പരകൾക്കും, പ്രശസ്ത സംവിധായകനായ വിജി തമ്പിയുടെ മാസ്ക് എന്ന സീരിയലിന് ആദ്യമായി ഒള സാങ്കേതിക വിദ്യ ഉപയോഗിച്ച് എഡിറ്റിംഗ് നടത്തിയ മികവും ലിബിന്റെതായിരുന്നു. ഇക്കഴിഞ്ഞ വർഷം വയനാട്ടിൽ പ്രാണരക്ഷാർത്ഥം ഓടിവന്ന കൊച്ചു കുട്ടി അടങ്ങിയ കുടുംബത്തിന് കണ്ണീരോടെ ഒരു കൊമ്പൻ കാവൽ നിന്ന് സംഭവം അ ഹ സാങ്കേതിവിദ്യയുടെ സഹായത്തോടെ ലിബിൻ പുനരാവിഷ്കരിച്ചത് കേവലം രണ്ടു ദിവസത്തിനുള്ളിൽ, രണ്ടു കോടിയിലധികം പേർ കണ്ട സൂപ്പർ ഹിറ്റ് വൈറൽ വീഡിയോ ആയി മികച്ച അഭിപ്രായം നേടി. ഏഷ്യാനെറ്റ് വാർത്തകളുടെയും വാർത്താധിഷ്ഠിത പരിപാടികളുടെയും എഡിറ്റിംഗ് മേഖലയിൽ നേതൃത്വം വഹിച്ചുകൊണ്ട് ഇപ്പോൾ പ്രവർത്തിക്കുന്നു

കൊച്ചി ഗോകുലം കൺവെൻഷൻ സെന്ററിൽ നടന്ന ചടങ്ങുകൾ പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ നിലവിളക്കു കൊളുത്തി ഉദ്ഘാടനം ചെയ്തു. ഇന്ത്യ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്കയുടെ പ്രസിഡന്റ് സുനിൽ ട്രൈസ്റ്റാർ (സാമുവേൽ ഈശോ) അധ്യക്ഷത വഹിച്ച ചടങ്ങിൽ മുൻ കേന്ദ്ര മന്ത്രിയും ഇപ്പോൾ കേരള ഗവണ്മെന്റിന്റെ ക്യാബിനറ്റ് റാങ്കുള്ള കേന്ദ്രത്തിലെ പ്രത്യേക പ്രതിനിധിയായ പ്രൊഫസർ കെ.വി. തോമസ്, ഹൈബി ഈഡൻ എം പി, എം എൽ എ മാരായ മോൻസ് ജോസഫ്, അൻവർ സാദത്, റോജി എം ജോൺ, മാണി സി കാപ്പൻ , ടി ജെ വിനോദ് , കെ ജെ മാക്സി, മുൻ എംപി സെബാസ്റ്റ്യൻ പോൾ , കേരള മീഡിയ അക്കാദമി ചെയർമാൻ ആർ എസ് ബാബു, ജോണി ലൂക്കോസ് ഡയറക്ടർ, മനോരമ ന്യൂസ്, സാജ് എർത്ത് റിസോർട് ഉടമകൾ സാജൻ, മിനി സാജൻ, സുമേഷ് അച്ചുതൻ, ഫൊക്കാന പ്രസിഡന്റ് സജിമോൻ ആന്റണി, ഫോമാ പ്രസിഡന്റ് ബേബി മണക്കുന്നേൽ, ഫൊക്കാന മുൻ പ്രസിഡന്റ് ബാബു സ്റ്റീഫൻ, ദിലീപ് വെർഗീസ് , അനിയൻ ജോർജ് കൂടാതെ ഇന്ത്യ പ്രസ് ക്ലബ് സെക്രട്ടറി ഷിജോ പൗലോസ്, അഡ്വൈസറി ബോർഡ് ചെയർമാൻ സുനിൽ തൈമറ്റം, നിയുക്ത പ്രസിഡന്റ് രാജു പള്ളത്, വൈസ് പ്രസിഡന്റ് അനിൽകുമാർ ആറന്മുള, ജോയിന്റ് സെക്രട്ടറി ആശ മാത്യു, ജോയിന്റ് ട്രെഷറർ റോയ് മുളകുന്നം, അഡ്വൈസറി ബോർഡ് അംഗങ്ങളും പങ്കെടുത്തു

# ന്യൂയോർക്ക് മലയാളി സ്പോർട്സ് ക്ളബ്ബ് സാരഥികൾക്ക് എക്കോ ഹ്യുമാനിറ്റേറിയൻ അവാർഡ് സമ്മാനിച്ചു

**മാത്യുക്കുട്ടി ഈശോ**




ന്യൂയോർക്ക്: ഇന്നത്തെ നമ്മുടെ കുട്ടികളും യുവാക്കളുമാണ് നാളത്തെ നമ്മുടെ ഭാവി വാഗ്ദാനങ്ങൾ. മയക്കുമരുന്നിനും ദുഷിച്ച സുഹൃത്‌വലയത്തിലും പെട്ട് ഭാവി ജീവിതം നാശത്തിലേക്ക് വഴിതെറ്റിപ്പോകുവാൻ വളരെ സാധ്യതയുള്ള കാലഘട്ടമാണ് ഇന്നുള്ളത്. പ്രത്യേകിച്ച് അമേരിക്ക പോലുള്ള രാജ്യത്തെ പാശ്ചാത്യ സംസ്കാരത്തിൽ ആകൃഷ്ടരായി നമ്മുടെ യുവാക്കൾ പോകുമ്പോൾ ജന്മം നൽകിയ മാതാപിതാക്കൾക്ക് പോലും നിയന്ത്രിക്കാനാവാതെ അവർ കൈവിട്ട് പോയെന്നുവരാം. അത്തരം ഒരു സാഹചര്യത്തിലാണ് ഏതാനും മനുഷ്യസ്നേഹികൾ ഊർജ്ജസ്വലരായ യുവാക്കളെ കൈപിടിച്ചുയർത്തുവാൻ അവരെ ഏകോപിപ്പിച്ച് അവരുടെ സമയവും ശ്രദ്ധയും സ്പോർട്സ് മേഖലയിലേക്ക് തിരിച്ച് പരിശീലനം നൽകുവാൻ മുന്നിട്ടിറങ്ങിയത്. ഒരു പക്ഷെ നമ്മളാരും ഇത് അധികം ശ്രദ്ധിക്കാതെ പോയ സംഗതികളാകാം.

ഇത്തരുണത്തിലാണ് സാമൂഹിക സേവനത്തിനും ജീവകാരുണ്യ പ്രവർത്തനത്തിനും മുൻതൂക്കം നൽകി പ്രവൃത്തിക്കുന്ന ലോങ്ങ് ഐലൻഡിലെ എക്കോ (ECHO- Enhance Community through Harmonious Outreach) എന്ന സാമൂഹിക സംഘടന യുവാക്കളുടെ ഉന്നമനത്തിന് ശ്രദ്ധ ചെലുത്തിയ ഏതാനും മനുഷ്യ സ്നേഹികളെ കണ്ടുപിടിച്ച് എക്കോയുടെ നാലാമത് ഹ്യൂമാനിറ്റേറിയൻ അവാർഡ് നൽകി ആദരിച്ചത്. സ്പോർട്സ് ഉന്നമനത്തിനായി ലോങ്ങ് ഐലൻഡിൽ പ്രവർത്തിക്കുന്ന ന്യൂയോർക്ക് മലയാളീ സ്പോർട്സ് ക്ളബ്ബ് (NYMSC) സാരഥികളായ സജി തോമസ് (പ്രസിഡൻറ്), സക്കറിയാ മത്തായി (സെക്രട്ടറി), മാത്യു ചേരാവള്ളിൽ (ഷെറി - ട്രഷറർ), ചാക്കോ എം ഈപ്പൻ (വൈസ് പ്രസിഡൻറ്), ഡോ. മാത്യു ജേക്കബ് (ഫൗണ്ടർ മെമ്പർ), ജസ്റ്റിൻ ജോൺ (സോക്കർ കോർഡിനേറ്റർ), വർഗ്ഗീസ് ജോൺ സി.പി.എ (ഫിനാൻസ് കോർഡിനേറ്റർ), ബിജു കാവനാൽ (ടീം ലീഡർ), ബിജു ചാക്കോ (ഓഡിറ്റർ) എന്നീ നേതൃനിരയെ അണിനിരത്തി ഹ്യുമാനിറ്റേറിയൻ അവാർഡ് നൽകി ആദരിച്ചത്.

രണ്ടായിരത്തി അഞ്ഞൂറ് ഡോളർ ക്യാഷ് അവാർഡും പ്രശംസാ ഫലകവുമാണ് ഹ്യൂമാനിറ്റേറിയൻ അവാർഡായി നൽകിയത്. ECHO ചെയർമാൻ ഡോ. തോമസ് മാത്യു, പ്രോഗ്രാം കോർഡിനേറ്റർ സാബു ലൂക്കോസ്, സീനിയർ അസ്സോസിയേറ്റ് ഡയറക്ടർ



തോമസ് എം ജോർജ്, ക്യാപിറ്റൽ റിസോഴ്സ് ഡയറക്ടർ ടി. ആർ. ജോയി എന്നിവരും മറ്റു കമ്മറ്റി അംഗങ്ങളും ചേർന്നാണ് പ്രശംസാ ഫലകം സമ്മാനിച്ചത്. പ്രോഗ്രാം ഡയറക്ടർ സാബു ലൂക്കോസും സഹധർമ്മിണി ജയാ സാബുവും ചേർന്നാണ് അവർ സ്പോൺസർ ചെയ്ത ക്യാഷ് അവാർഡ് സമ്മാനിച്ചത്.

പ്രൗഡ്ഢഗംഭീരമായ എക്കോയുടെ പതിനൊന്നാമത് വാർഷിക ഡിന്നർ യോഗത്തിലാണ് അവാർഡ് ദാന ചടങ്ങും സംഘടിപ്പിച്ചത്. ഡിന്നർ യോഗത്തിൽ യു.എസ്. സ്റ്റേറ്റ് കോൺഗ്രെസ്സ്മാൻ ആദരണീയനായ ടോം സ്വാസ്സിയായിരിന്നു മുഖ്യാതിഥി. നോർത്ത് ഹെംപ്സ്റ്റഡ് ടൌൺ സൂപ്പർവൈസർ ജെന്നിഫർ ഡിസേന, ടൌൺ ക്ളർക്ക് രാഗിണി ശ്രീവാസ്തവ, മുൻ സ്റ്റേറ്റ് സെനറ്റർ കെവിൻ തോമസ്, എപ്പിസ്കോപ്പൽ ചർച്ച് അഭിവന്ദ്യ ബിഷപ്പ് ജോൺസി ഇട്ടി തുടങ്ങിയ സാമൂഹിക രാഷ്ട്രീയ നേതാക്കൾ ചടങ്ങിൽ അതിഥികളായിരുന്നു. ഋഇഒഛ യുടെ ചാരിറ്റി പ്രവർത്തനത്തിൻറെ കഴിഞ്ഞ പതിനൊന്ന് വർഷത്തിന്റെ നാൾവഴികൾ വിഡിയോ പ്രദർശനമായി ചടങ്ങിൽ അവതരിപ്പിച്ചു. ECHO-യുടെ താക്കോൽ പ്രോജക്റ്റ് ആയ സീനിയർ വെൽനെസ്സ് അംഗങ്ങളുടെ മനോഹരമായ ക്രിസ്മസ് ഗാനങ്ങൾ യോഗത്തിന് കൊഴുപ്പേകി.

1984-ൽ ലോങ്ങ് ഐലൻഡ് - ക്വീൻസ് ഭാഗങ്ങളിലുള്ള സ്പോർട്സ് പ്രേമികൾ ഒത്തൊരുമിച്ച് കായിക വിനോദത്തിനും കളികളുടെ ഉന്നമനത്തിനുമായി രൂപീകരിച്ചതാണ് ന്യൂയോർക്ക് മലയാളീ സ്പോർട്സ് ക്ലബ്ബ്. അതിലൂടെ ധാരാളം യുവാക്കളെ ഇതിനോടകം സോക്കർ കളിക്കാരും, ക്രിക്കറ്റ് കളിക്കാരും, ബാഡ്മിന്റൺ, വോളീബോൾ കളിക്കാരും മറ്റുമായി മാറ്റുകയും അവരെ ജീവിത വിജയത്തിലേക്ക് നയിക്കുകയും ചെയ്തിട്ടുണ്ട്. സ്പോർട്സ് മേഖലയിലേക്ക് യുവാക്കളുടെ ശ്രദ്ധ കേന്ദ്രീകരിച്ചൽ അത് അവരുടെ ആരോഗ്യ വികസനത്തിനും, വ്യക്തിത്വ വികസനത്തിനും ടീം പ്രവർത്തനത്തിനും അതിലൂടെ സമൂഹത്തിലെ അംഗീകാരത്തിനും അവസരം ഒരുക്കി അവർക്ക് ജീവിതവിജയം കൈവരിക്കുന്നതിന് സഹായകരമാകും. അതിനു നല്ല കഠിനാദ്ധ്വാനവും സാമ്പത്തിക ചിലവും ആവശ്യമായി വരും. സ്പോർട്സ് കളിക്കുന്നതിനുള്ള നല്ല സ്റ്റേഡിയവും ഫീൽഡും സ്ഥിരമായി ലഭിക്കുന്നില്ല എന്നതാണ് അവർ നേരിടുന്ന ഒരു മുഖ്യ പ്രശ്നം. അതോടൊപ്പം സാമ്പത്തിക ബുദ്ധിമുട്ടും അവരുടെ മുൻപോട്ടുള്ള പ്രയാണത്തിന് തടസ്സമാകാറുണ്ട്.

'സ്പോർട്സ് ക്ളബ്ബിന്റെ സാരഥികളും, മാതാപിതാക്കളും നൽകുന്ന സഹായത്താലും ചില സ്പോർട്സ് പ്രേമികളുടെ സ്പോൺസർഷിപ്പ് മൂലവുമാണ് ക്ലബ്ബിന്റെ പ്രവർത്തനം മുൻപോട്ടു പോകുന്നത്. ഓരോ വിഭാഗത്തിലുമുള്ള സ്പോർട്സ് ടീം അംഗങ്ങളിൽ കൂടുതൽ പേരും വിദ്യാർഥികൾ ആയതിനാൽ അവരെ മറ്റു സംസ്ഥാനങ്ങളിൽ നടക്കുന്ന മത്സരങ്ങളിൽ പങ്കെടുപ്പിക്കുന്നതിന് കൊണ്ടുപോകുക എന്നത് ചിലവേറിയ സംഗതികളാണ്. എന്നാലും ഈ സ്പോർട്സ് ക്ലബ്ബ് സാരഥികൾ ഏതെങ്കിലും വിധേന പണം സ്വരൂപിച്ച് മിക്കവാറും എല്ലാ മത്സരങ്ങളിലേക്കും ടീമുകളെ എത്തിക്കുവാൻ ശ്രമിക്കാറുണ്ട്'. കഴിഞ്ഞ നാല് വർഷമായി ന്യൂയോർക്ക് മലയാളീ സ്പോർട്സ് ക്ലബ്ബിൻറെ പ്രസിഡന്റായി പ്രവർത്തിക്കുന്ന സജി തോമസ് അവാർഡ് സ്വീകരിച്ചതിനു ശേഷം പറഞ്ഞു.










ഇത്തരം പ്രോത്സാഹന അവാർഡുകൾ അവർക്ക് എപ്പോഴും പ്രചോദനമാകട്ടെ. യുവജനങ്ങളെ നല്ല രീതിയിലേക്ക് നയിക്കുവാനുള്ള അവരുടെ ശ്രമങ്ങൾ ഇനിയും കൂടുതൽ ഫലപ്രാപ്തിയിലേക്ക് എത്തട്ടേ എന്ന് ആശംസിക്കാം. ഈ രീതിയിൽ നല്ലൊരു പുതു തലമുറയെ വാർത്തെടുക്കുവാൻ ഇതു പോലുള്ള സ്പോർട്സ് ക്ലബ്ബ്കൾക്ക് സാധിക്കട്ടേ. ECHO പോലുള്ള സാമൂഹിക ചാരിറ്റി സംഘടനകൾക്ക് ഇത്തരം പ്രവർത്തി ചെയ്യുന്നവരെ ഇനിയും പ്രോത്സാഹിപ്പിക്കുവാൻ അവസരങ്ങൾ ഉണ്ടാകട്ടെ എന്നും ആശിക്കാം.



# Get local help with your Medicare questions.

I'm Philipose Samuel, a licensed sales agent in Queens, NY. When it comes to Medicare, it's important to consider all of your options. What works well for your neighbor may not be the best fit for you. I know the ins and outs of Medicare, and I'm ready to answer your questions and help you find a plan that fits your needs. **Take advantage of my knowledge and experience to:**

- **Take the confusion out of Medicare**
- **Get help comparing plans**
- **Receive one-on-one service**
- **Make enrolling in a plan easier**

I look forward to helping you explore your Medicare options so you can enroll in a plan with confidence.

## It's time to take advantage.



**Philipose Samuel**
Licensed Sales Agent
**516-312-2902**, TTY **711**
psamuel@financialguide.com
UHCMedicareSolutions.com

United Healthcare

Plans are insured through UnitedHealthcare Insurance Company or one of its affiliated companies, a Medicare Advantage organization with a Medicare contract. Enrollment in the plan depends on the plan's contract renewal with Medicare. ©2020 United HealthCare Services, Inc. All rights reserved.
Y0066_21SPRJ55189_C
SPRJ55189

# കേരള സർക്കാർ നോർത്ത് അമേരിക്കയിലെ മലയാളി മാധ്യമ പ്രവർത്തകരുടെ ഡയറക്ടറി തയ്യാറാക്കുന്നു

## ഏകോപിക്കുന്നത് കേരള മീഡിയ അക്കാദമി




കൊച്ചി: ലോകമെമ്പാടുമുള്ള മലയാളി മാധ്യമ പ്രവർത്തകരുടെ വിവരങ്ങൾ ഉൾക്കൊള്ളിച്ചു കൊണ്ട് ഒരു ഡയരക്ടറി, കേരള മീഡിയ അക്കാദമി തയ്യാറാക്കുന്നു. നോർത്ത് അമേരിക്കയിൽ നിന്നുള്ള മാധ്യമ പ്രവർത്തകരുടെ വിവരണ ശേഖരണത്തിന് ഇന്ത്യ പ്രസ്സ് ക്ലബ് ഓഫ് നോർത്ത് അമേരിക്കയെയാണ് (ഐ.പി.സി.എൻ.എ) തിരഞ്ഞെടുത്തിരിക്കുന്നത്. കഴിഞ്ഞ ദിവസം കൊച്ചിയിൽ മീഡിയ അക്കാദമി ഹാളിൽ നടന്ന ചടങ്ങിൽ ഇന്ത്യ പ്രസ്സ് ക്ലബ്ബിനെ പ്രതിനിധീകരിച്ച് നാഷണൽ ജോയിന്റ് സെക്രട്ടറി ആശ മാത്യു പങ്കെടുക്കുകയും പ്രസ്സ് ക്ലബ്ബിന്റെ സഹായവും സഹകരണവും വാഗ്ദാനം ചെയ്യുകയുമുണ്ടായി.

കേരള മീഡിയ അക്കാദമി ചെയർമാൻ ആർ എസ് ബാബു അധ്യക്ഷ പ്രസംഗം നടത്തിയ ചടങ്ങിൽ, പ്രശസ്ത സംവിധായകൻ സിബി മലയിൽ, മീഡിയ അക്കാദമി പുതുതായി ആരംഭിക്കുന്ന ഫിലിം വീഡിയോ കോഴ്സിന്റെ ഉത്ഘാടനം നിർവഹിച്ചു. യുവ സംവിധായകൻ ഫാസിൽ മുഹമ്മദ് ഓഡിയോ കോഴ്സ് ഉത്ഘാടനം ചെയ്തു.

മാധ്യമ പ്രവർത്തകനും പ്രസ്സ് ക്ലബ്ബിന്റെ ഇന്ത്യ റീജിയണൽ കോഡിനേറ്ററുമായ പ്രതാപ ്, അക്കാദമി ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ സി എൽ തോമസ്, സെക്രട്ടറി അനിൽ ഭാസ്കർ, വിനീത, ബിജു തുടങ്ങിയവരും ചടങ്ങിൽ പങ്കെടുത്തു.






MAYURA
INDIAN RESTAURANT
9321-23 Krewstown, Philadelphia
Restuarant : 215 420 4200
Cell Phone: 267 668 8399
LET US CATER
YOUR NEXT EVENT
BOOK THE ENTIRE PLACE TO HOLD
YOUR SPECIAL EVENT
Great Food | Award Winning Chef
Plenty of Free Parking | Customize your Event


The First
'OTT' Platform
MediaAppUSA
Originates From North America
Developed by
Malayalees from NA
MediaAppUSA
amazon fireTV
Roku
tv
Google TV
Amazon fireTV
ROKU TV
Apple TV
GoogleTV
Samsung SMART TV
LG Life's Good
Panasonic
VIZIO
Samsung TV
LGTV
Panasonic
VIZIO TV
Any Android or iOS Streaming Device
Watch LIVE TV
LIVE Events
'VOD' Video On Demand
Movies
For more info: 1-917-990-2123 or visit www.mediaappusa.com

# ഫിലാഡൽഫിയയിലെ സെന്റ് തോമസ് ഇടവകയിൽ സാമൂഹിക പ്രതിബദ്ധതയെക്കുറിച്ചു സെമിനാർ നടത്തി





രാജൻ വാഴപ്പള്ളിൽ.

വാഷിംഗ്ടൺ ഡി.സി : ഫിലാഡൽഫിയ, പെൻസിൽവാനിയ 2025 ജനുവരി 19 ഞായറാഴ്ച, സെന്റ് തോമസ് മലങ്കര ഓർത്തഡോക്സ് ഇടവകയിൽ ഫാ. ഡോ. ജോൺസൺ സി. ജോണിന്റെ നേതൃത്വത്തിൽ പഠനത്തിന്റെയും സമൂഹനിർമ്മാണത്തിന്റെയും ഒരു സെമിനാർ സംഘടിപ്പിച്ചു. ഐക്യത്തിന്റെയും വളർച്ചയുടെയും സാമൂഹിക ഉത്തരവാദിത്തത്തിന്റെയും പ്രാധാന്യം ഈ പരിപാടി ഊന്നിപ്പറഞ്ഞു.

പെൻസിൽവാനിയ ഡിപ്പാർട്ട്മെന്റ് ഓഫ് മിലിട്ടറി ആൻഡ് വെറ്ററൻസ് അഫയേഴ്സിൽ നിന്ന് വിരമിച്ച ഡയറ്ററി ഡയറക്ടർ ശ്രീ. നൈനാൻ മത്തായിയുടെ അവതരണം ഉൾക്കൊള്ളുന്ന വിദ്യാഭ്യാസ, ശാക്തീകരണ പരമ്പരയോടെയാണ് ദിവസം ആരംഭിച്ചത്. സമൂഹാംഗങ്ങൾ പരസ്പരം അറിവുള്ളവരായിരിക്കുകയും പിന്തുണയ്ക്കുകയും ചെയ്യേണ്ടതിന്റെ ആവശ്യകത ഊന്നിപ്പറഞ്ഞുകൊണ്ട്, മെഡികെയറിനെയും മെഡികെയ്ഡിനെയും കുറിച്ചുള്ള വിലപ്പെട്ട ഉൾക്കാഴ്ചകൾ ശ്രീ മത്തായി പങ്കുവെച്ചു. അദ്ദേഹത്തിന്റെ പ്രസംഗം സദസ്സിനെ പ്രചോദിപ്പിക്കുകയും സാമൂഹിക പ്രതിബദ്ധതയുടെ പ്രാധാന്യം എടുത്തുകാണിക്കുകയും ചെയ്തു. അദ്ദേഹത്തോടൊപ്പം വിശിഷ്ടാതിഥികളായ ശ്രീ മാത്യു സാമുവൽ (സുരേഷ്), ശ്രീ. തോമസ് സാമുവൽ, ശ്രീ. തോമസ്കുട്ടി വർഗീസ്, ശ്രീ. ജോർജ് പണിക്കർ എന്നിവർ പരിപാടിക്ക് പ്രാധാന്യം നൽകി.ജോസ്ലിൻ ഫിലിപ്പിന്റെ നന്ദി പ്രകാശനത്തോടെയാണ് സെഷൻ അവസാനിച്ചത്, തുടർന്ന് തോമസ്കുട്ടി വർഗീസ്, ബിസ്മി വർഗീസ്, ജെയ്സെലിൻ ഫിലിപ്പ് എന്നിവർ ഗാനങ്ങൾ ആലപിച്ചു.

മാർത്ത മറിയം വനിതാ സമാജം സംഘടിപ്പിച്ച ആവേശകരമായ പാചക മത്സരം, ജെസ്സി രാജനും ജെയ്സി ജോണും നേതൃത്വം നൽകി.

ശ്രീമതി സെലിൻ ജോൺസൺ ഒന്നാം സമ്മാനം നേടി, ശ്രീമതി ആനി ചെറിയാൻ രണ്ടാം സമ്മാനം നേടി.

പള്ളിയിലെ മുൻ വൈദികനായിരുന്ന പരേതനായ ഫാ. ബാബു വർഗീസിന്റെ അനുസ്മരണ വാർഷികത്തോടനുബന്ധിച്ച് ആദരാഞ്ജലിയും പരിപാടിയിൽ ഉൾപ്പെടുത്തിയിരുന്നു.





# മിഡ്‌ലൻഡ് പാർക്ക് സെന്റ് സ്റ്റീഫൻസ് പള്ളിയിൽ ഫാമിലി & യൂത്ത് കോൺഫറൻസ് രജിസ്ട്രേഷൻ ആരംഭിച്ചു



**ഉമ്മൻ കാപ്പിൽ**

മിഡ്‌ലൻഡ് പാർക്ക് (ന്യൂജേഴ്‌സി): മലങ്കര ഓർത്തഡോക്സ് സഭയുടെ നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസന ഫാമിലി & യൂത്ത് കോൺഫറൻസ് കമ്മിറ്റിയെ പ്രതിനിധീകരിക്കുന്ന ഒരു സംഘം ജനുവരി 19 ന് മിഡ്‌ലൻഡ് പാർക്ക് സെന്റ് സ്റ്റീഫൻസ് പള്ളി സന്ദർശിച്ചു.

ചെറിയാൻ പെരുമാൾ (മുൻ കോൺഫറൻസ് സെക്രട്ടറി), ഡോ. ഷെറിൻ എബ്രഹാം (ജോയിന്റ് സെക്രട്ടറി), റിംഗിൾ ബിജു, പ്രേംസി ജോൺ കക, ജയ ജോൺ, ജസ്റ്റിൻ ജോൺ (കോൺഫറൻസ് കമ്മിറ്റി അംഗങ്ങൾ) എന്നിവർ സംഘത്തിൽ ഉണ്ടായിരുന്നു.

ഫാ. ഡോ. ബാബു കെ. മാത്യു (ഇടവക വികാരി) നേതൃത്വം നൽകിയ കുർബാനയ്ക്കു ശേഷം അജു തര്യൻ (ഇടവക സെക്രട്ടറി) കമ്മിറ്റി അംഗങ്ങളെ ഊഷ്മളമായി സ്വാഗതം ചെയ്തു. ഇടവകാംഗവും ഭദ്രാസന കൗൺസിൽ അംഗവും മുൻ കോൺഫറൻസ് സെക്രട്ടറിയുമായ ജോബി ജോൺ, കോൺഫറൻസുമായുള്ള ഇടവകയുടെ ദീർഘകാല ബന്ധവും കോൺഫറൻസിന്റെ വിജയത്തിന് ഇടവക നൽകിയിട്ടുള്ള നിസ്സീമമായ പിന്തുണയും ഓർമ്മിപ്പിച്ചു.

ചെറിയാൻ പെരുമാൾ കോൺഫറൻസിന്റെ തീയതി, സ്ഥലം, പ്രാസംഗികർ തുടങ്ങിയ വിവരങ്ങൾ പങ്കുവെക്കുകയും മുൻ സെക്രട്ടറി എന്ന നിലയിലുള്ള തന്റെ അനുഭവത്തെക്കുറിച്ച് സംസാരിക്കുകയും ചെയ്തു. യുവജന നേതൃത്വത്തെ പ്രോത്സാഹിപ്പിക്കുന്നതിനായി സ്വീകരിച്ച മുൻകൈകളും അദ്ദേഹം എടുത്തുകാട്ടി.




രജിസ്ട്രേഷൻ വിശദാംശങ്ങൾ പ്രേംസി ജോൺ കക നൽകി, പങ്കെടുക്കുന്നവർ അവരുടെ സീറ്റുകൾ ഉറപ്പാക്കാൻ വൈകാതെ രജിസ്റ്റർ ചെയ്യാൻ പ്രോത്സാഹിപ്പിച്ചു. ഡോ. ഷെറിൻ എബ്രഹാം സ്പോൺസർഷിപ്പ് അവസരങ്ങളും ആനുകൂല്യങ്ങളും വിശദീകരിച്ചു.

കോൺഫറൻസിന്റെ സ്മരണയ്ക്കായി പ്രസിദ്ധീകരിക്കുന്ന സുവനീറിനെക്കുറിച്ചുള്ള വിവരങ്ങൾ റിംഗിൾ ബിജു നൽകി. കോൺഫറൻസിന്റെ രണ്ടാം ദിനത്തിൽ നടക്കുന്ന വിനോദ സായാഹ്നത്തെപ്പറ്റി ജയ ജോൺ സംസാരിക്കുകയും സബ്മിഷനുകൾ ക്ഷണിക്കുകയും ചെയ്തു. ജസ്റ്റിൻ ജോൺ മുൻ കോൺഫറൻസുകളിൽ നിന്നുള്ള തന്റെ നല്ല അനുഭവങ്ങൾ പങ്കുവച്ചു. കോൺഫറൻസിന് ആവേശവും ഊർജ്ജവും നൽകുവാൻ എത്രയും വേഗം രജിസ്റ്റർ ചെയ്യാൻ അദ്ദേഹം യുവാക്കളോട് അഭ്യർത്ഥിച്ചു.

പള്ളിയിൽ നിന്നുള്ള സ്പോൺസർമാരെയും രജിസ്റ്റർ ചെയ്തവരെയും ജോബി ജോൺ പരിചയപ്പെടുത്തുകയും അവരുടെ പിന്തുണയ്ക്ക് നന്ദി അറിയിക്കുകയും ചെയ്തു.

സണ്ണി വർഗീസ് (ഭദ്രാസന അസംബ്ലി




അംഗം) കോൺഫറൻസ് കമ്മിറ്റിക്ക് നന്ദി പറയുകയും ഏറ്റവും കൂടുതൽ രജിസ്ട്രേഷനുകൾ ലക്ഷ്യമിടുന്നതിന് ഏവരെയും പ്രോത്സാഹിപ്പിക്കുകയും ചെയ്തു.

കോൺഫറൻസിന്റെ വിജയത്തിന് ഫാ. ഡോ. ബാബു കെ. മാത്യു ഇടവകയുടെ പൂർണ സഹകരണവും പിന്തുണയും വാഗ്ദാനം ചെയ്തു.

2025 ജൂലൈ 9 മുതൽ 12 വരെ കണക്റ്റിക്കട് ഹിൽട്ടൺ സ്റ്റാംഫർഡ് ഹോട്ടൽ & എക്സിക്യൂട്ടീവ് മീറ്റിംഗ് സെന്ററിലാണ് കോൺഫറൻസ് നടക്കുന്നത്. റവ. ഡോ. നൈനാൻ വി. ജോർജ് (ഓർത്തഡോക്സ് വൈദിക സംഘം ജനറൽ സെക്രട്ടറി, റവ. ഡോ. റ്റിമത്തി (ടെന്നി) തോമസ് (നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസന സൺഡേ സ്കൂൾ ഡയറക്ടർ), ഫാ. ജോൺ (ജോഷ്വ) വർഗീസ്, (സൗത്ത് വെസ്റ്റ് അമേരിക്കൻ ഭദ്രാസന യൂത്ത് മിനിസ്റ്റർ), റവ. ഡീക്കൻ അന്തോണിയോസ് (റോബി) ആന്റണി (ടാൽമീഡോ – നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസന മെൻസ് മിനിസ്ട്രി ഡയറക്ടർ) എന്നിവരാണ് മുഖ്യ പ്രാസംഗികർ. 'നമ്മുടെ പൗരത്വം സ്വർഗത്തിലാണ്, അവിടെനിന്നുള്ള ഒരു രക്ഷകനായ കർത്താവായ യേശുക്രിസ്തുവിനെ ഞങ്ങൾ ആകാംക്ഷയോടെ കാത്തിരിക്കുന്നു''(ഫിലിപ്പിയർ 3:20) എന്ന ബൈബിൾ വാക്യത്തെ അടിസ്ഥാനമാക്കിയുള്ള 'The Way of the Pilgrim' (പരദേശിയുടെ വഴി) എന്നതാണ് കോൺഫറൻസിന്റെ പ്രമേയം. ബൈബിൾ, വിശ്വാസം, പാരമ്പര്യം, സമകാലിക വിഷയങ്ങൾ എന്നിവയെ അടിസ്ഥാനമാക്കി കുട്ടികൾക്കും യുവജനങ്ങൾക്കും മുതിർന്നവർക്കും പ്രത്യേകം സംവേദനാത്മക സെഷനുകൾ ഉണ്ടായിരിക്കും.

രജിസ്ട്രേഷനും വിശദാംശങ്ങൾക്കും www.fycnead.org സന്ദർശിക്കുക.

കൂടുതൽ വിവരങ്ങൾക്ക്, ഫാ. അബു വർഗീസ് പീറ്റർ, കോൺഫറൻസ് കോർഡിനേറ്റർ (ഫോൺ: 914-806-4595), ജെയ്സൺ തോമസ്, കോൺഫറൻസ് സെക്രട്ടറി (ഫോൺ: 917.612.8832), ജോൺ താമരവേലിൽ, കോൺഫറൻസ് ട്രഷറർ) (ഫോൺ: 917.533.3566) എന്നിവരുമായി ബന്ധപ്പെടുക.








# Got into an accident?

# NEVER TO WORRY



CALL

GLOBAL COLLISION
& BODY WORKS LLC

**1-845-727-4022**

We will pick up the vehicle
and repair it fully to your satisfaction!

# ഫോമാ ന്യൂയോർക്ക് മെട്രോ റീജിയൺ പ്രവർത്തനോദ്ഘാടനം മാർച്ച് 1 ശനി എൽമോണ്ടിൽ




മാത്യുക്കുട്ടി ഈശോ

ന്യൂയോർക്ക്: അമേരിക്കയിലെ മലയാളീ സംഘടനകളുടെ സംഘടനയായ ഫോമാ ന്യൂയോർക്ക് മെട്രോ റീജിയൺ പ്രവർത്തനോദ്ഘാടനം മാർച്ച് 1 ശനിയാഴ്ച വൈകിട്ട് 5:30 മുതൽ എൽമോണ്ടിലുള്ള സെന്റ് വിൻസെൻറ് ഡീപോൾ മലങ്കര കത്തോലിക്കാ കത്തീഡ്രൽ ആഡിറ്റോറിയത്തിൽ (St. Vincent DePaul Malankara Catholic Cathedral, 1500 DePaul Street, Elmont, NY 11003) നടത്തുന്നതിനുള്ള ക്രമീകരണങ്ങൾ പുരോഗമിക്കുന്നു. മെട്രോ റീജിയണൽ വൈസ് പ്രസിഡന്റ് (RVP) മാത്യു ജോഷ്വയുടെ നേതൃത്വത്തിലുള്ള എക്സിക്യൂട്ടീവ് കമ്മറ്റി വിവിധ കലാപരിപാടികളോടെ അതിവിപുലമായി പ്രവർത്തനോദ്ഘാടനം നടത്തുന്നതിനാണ് പദ്ധതിയിടുന്നത്. മെട്രോ റീജിയണിൽ ഉൾപ്പെടുന്ന പത്ത് അംഗസംഘടനകളുടെയും ഒത്തൊരുമിച്ചുള്ള സഹകരണത്തോടെ ഓരോ സംഘടനയിൽ നിന്നുമുള്ളവരുടെ കലാപരിപാടികളും ഡാൻസ് സ്കൂളുകൾ പോലുള്ള മറ്റു പ്രൊഫെഷണൽ കലാകാരന്മാരുടെ കലാപരിപാടികളും ഉൾപ്പെടുത്തി ഉദ്ഘാടനം ഒരു ആഘോഷമാക്കി തീർക്കുന്നതിനായി വിവിധ സബ് കമ്മറ്റികൾ രൂപീകരിച്ചു കഴിഞ്ഞു. യുണൈറ്റഡ് സ്റ്റേറ്റ്സ് ഓഫ് അമേരിക്കയിലും കാനഡയിലുമായി വ്യാപാരിച്ചു കിടക്കുന്ന ഫോമായുടെ 12 റീജിയണുകളിൽ പ്രമുഖമായ റീജിയനാണ് ലോങ്ങ് ഐലൻഡിലും സ്റ്റാറ്റൻ ഐലൻഡിലുമായുള്ള 10 അംഗസംഘടനകൾ ഉൾപ്പെടുന്ന ന്യൂയോർക്ക് മെട്രോ റീജിയൺ.

മലയാളീ അസ്സോസ്സിയേഷൻ ഓഫ് സ്റ്റാറ്റൻ ഐലൻഡ് (MASI), കേരളാ സമാജം ഓഫ് സ്റ്റാറ്റൻ ഐലൻഡ് (KSSI), കേരളാ സമാജം ഓഫ് ഗ്രെയ്റ്റർ ന്യൂയോർക്ക് (KSGNY), ലോങ്ങ് ഐലൻഡ് മലയാളീ കൾച്ചറൽ അസ്സോസ്സിയേഷൻ (LIMCA), കേരളാ കൾച്ചറൽ അസ്സോസ്സിയേഷൻ ഓഫ് നോർത്ത് അമേരിക്ക (KCANA), ഇന്ത്യൻ അമേരിക്കൻ മലയാളീ അസ്സോസ്സിയേഷൻ ഓഫ് ലോങ്ങ് ഐലൻഡ് (IAMALI), മലയാളീ സമാജം ഓഫ് ന്യൂയോർക്ക് (MSNY), നോർത്ത് ഹെംപ്സ്റ്റഡ് ഇന്ത്യൻ മലയാളീ അസ്സോസ്സിയേഷൻ (NHIMA), കേരളാ സെന്റർ (KC), ന്യൂയോർക്ക് മലയാളീ അസ്സോസ്സിയേഷൻ (NYMA)

എന്നീ ശക്തമായ പത്ത് സംഘടനകളാണ് ഫോമാ ന്യൂയോർക്ക് മെട്രോ റീജിയണിന്റെ നേടുംതൂണുകൾ. ഈ പത്ത് അംഗസംഘന കളിൽ അംഗങ്ങളായവരിൽ നിന്നുമാണ് മെട്രോ റീജിയണിന്റെ എക്സിക്യൂട്ടീവ് കമ്മറ്റിയിലേക്ക് തിരഞ്ഞെടുക്കപ്പെട്ടവർ. അവരുടെ കൂട്ടായ പരിശ്രമത്തിലൂടെയാണ് മെട്രോ റീജിയൺ പ്രവർത്തനങ്ങൾ മുൻപോട്ട് പോകുന്നത്.

റീജിയണൽ വൈസ് പ്രസിഡൻറ് മാത്യു ജോഷ്വാ, നാഷണൽ ജോയിന്റ് സെക്രട്ടറി പോൾ പി ജോസ്, നാഷണൽ കമ്മറ്റി അംഗങ്ങളായ എബ്രഹാം ഫിലിപ്പ്, ജോസ് വർഗ്ഗീസ്, എക്സ്-ഓഫിഷിയോയും നാഷണൽ കമ്മറ്റി അംഗവുമായ ഡോ. ജേക്കബ് തോമസ്, വിമൻസ് ഫോറം ട്രഷററും നാഷണൽ കമ്മറ്റി അംഗവുമായ ജൂലി ബിനോയ്, കംപ്ലയൻസ് കൗൺസിൽ അംഗങ്ങളായ വർഗ്ഗീസ് കെ ജോസഫ്, ജോമോൻ കുളപ്പുരക്കൽ, ജുഡീഷ്യറി കൗൺസിൽ അംഗമായ ലാലി കളപ്പുരക്കൽ, ബൈലോ കമ്മറ്റി അംഗമായ സജി എബ്രഹാം, ക്രെഡൻഷ്യൽ കമ്മറ്റി ചെയർമാനായ വിജി എബ്രഹാം, ഹെല്പിങ് ഹാൻഡ്സ് ചെയർമാനായ ബിജു ചാക്കോ, റീജിയണൽ കമ്മറ്റി ചെയർമാനായ ഫിലിപ്പോസ് കെ ജോസഫ് (ഷാജി), സെക്രട്ടറി മാത്യു കെ ജോഷ്വാ (ബോബി), ട്രഷറർ ബിഞ്ചു ജോൺ, വൈസ് ചെയർമാൻ ജെസിൻ ശാമുവേൽ, ജോയിൻറ് സെക്രട്ടറി ഡോ. ബിന്ദു തോമസ്, ജോയിൻറ് ട്രഷറർ ബിനോജ് കോരുത്, കൾച്ചറൽ പ്രോഗ്രാം ചെയർമാൻ തോമസ് ഉമ്മൻ (ഷിബു), യൂത്ത് ഫോറം ചെയർമാൻ അലക്സ് സിബി, ചാരിറ്റി ചെയർമാൻ രാജേഷ് പുഷ്പരാജ്, റിക്രിയേഷൻ ചെയർ ബേബികുട്ടി തോമസ്, വിമൻസ് ഫോറം ചെയർ നൂപാ കുര്യൻ, അഡ്വൈസറി ബോർഡ് അംഗങ്ങളായ കുഞ്ഞുമാലിയിൽ, ചാക്കോ കോയിക്കലത്ത്, തോമസ് ടി. ഉമ്മൻ, പി.ആർ.ഓ. മാത്യുക്കുട്ടി ഈശോ, കമ്മറ്റി അംഗങ്ങളായ ജയചന്ദ്രൻ രാമകൃഷ്ണൻ, ഷാജി വർഗ്ഗീസ്, ഷാജി മാത്യു, മാമ്മൻ എബ്രഹാം, തോമസ് ജെ പയ്ക്കാട്ട്, തോമസ് പ്രകാശ്, ജോസി എബ്രഹാം, ചാക്കോ എബ്രഹാം എന്നീ മുപ്പത്തിയഞ്ചു പേരടങ്ങുന്ന ഭരണ സമിതിയാണ് മെട്രോ റീജിയണിന്റെ പ്രവർത്തങ്ങൾക്ക് ചുക്കാൻ പിടിക്കുന്നവർ. ഇവരുടെ നേതൃത്വത്തിലാണ് പ്രർത്തനോദ്ഘാടന ക്രമീകരണങ്ങൾ ചെയ്യപ്പെടുന്നത്.

ഇവരെക്കൂടാതെ പത്ത് അംഗസംഘടനകളുടെ പ്രസിഡൻറ്, സെക്രട്ടറി, ട്രഷറർ, കമ്മറ്റി അംഗങ്ങൾ എന്നിവരും റീജിയണിൻറെ പ്രവർത്തനങ്ങൾക്ക് ഭാഗഭാക്കുകൾ ആകുന്നുണ്ട്. മാർച്ച് 1 എന്ന തീയതി അവരവരുടെ കലണ്ടറിൽ രേഖപ്പെടുത്തി മറക്കാതെ തന്നെ പ്രവർത്തനോദ്ഘാടനത്തിന് എല്ലാവരും എത്തിച്ചേരണമെന്നു റീജിയൺ സെക്രട്ടറി മാത്യു കെ ജോഷ്വാ (ബോബി) എല്ലാവരോടുമായി അഭ്യർഥിച്ചു.

# ന്യൂയോർക്കിൽ കറക്ഷൻസ് ഡപ്യൂട്ടി കമ്മീഷണറായി മലയാളി ജോസഫ് പി. ജോസഫ്



ന്യൂയോർക്ക് : ഡിപ്പാർട്ട്മെന്റ് ഓഫ് കറക്ഷനിലെ ഡെപ്യൂട്ടി കമ്മീഷണറായി ഇടുക്കി ഇരട്ടയാർ പൊട്ടക്കുളം ജോസഫ് പി. ജോസഫ് (പിജെ ജോസഫ്) നിയമിതനായി.

യുഎസിലെ ഏറ്റവും വലിയ കറക്ഷണൽ സംവിധാനങ്ങളിലൊന്നായ ന്യൂയോർക്ക് ഡിപാർട്ട്മെന്റ് ഓഫ് കറക്ഷന്റെ പുനരധിവാസ പ്രവർത്തനങ്ങളുടെ പൂർണ്ണ ചുമതലയുള്ള കമ്മീഷനറായാണ് നിയമനം. ചങ്ങനാശ്ശേരി എസ് ബി കോളേജ്, ഇൻ ഡോർ സ്കൂൾ ഓഫ് സോഷ്യൽ വർക്ക് എന്നിവിടങ്ങളിലായിരുന്നു പഠനം.

തുടർന്ന് വേൾഡ് വിഷനിൽ പ്രൊജക്ട് മാനേജറായും ഗാന്ധി സ്മാരക നിധിയിൽ പ്രൊജക്ട് ഡയറക്ടറായും ടാറ്റാ ടീ യിൽ വെൽഫയർ ഓഫീസറായും പ്രവർത്തിച്ചു.

1996-ൽ അമേരിക്കയിലെത്തിയ ജോസഫ് ന്യൂയോർക്ക് ഡിപ്പാർട്ട് മെന്റ് ഓഫ് കറക്ഷനിൽ പ്രോഗ്രാം അഡ്മിനിസ്ട്രേറ്റർ, ഡെപ്യൂട്ടി സൂപ്രണ്ട്, ന്യൂയോർക്കിലെ അതീവ സുരക്ഷാ ജയിലായ ബഡ്ഫോർഡ് ഹിൽസിന്റെ സൂപ്രണ്ടായും പ്രവർത്തിച്ചു. 2018 മുതൽ ഡി പ്പാർട്ട്മെന്റിൽ അസിസ്റ്റന്റ് കമ്മീഷണറായി പ്രവർത്തിച്ചു വരികയാണ്.

ഇരട്ടയാർ പൊട്ടക്കുളം ജോസഫിന്റെയും റോസമ്മയുടെയും മകനാണ്. എരുമേലി നെടുംതകിടിയിൽ കുടുംബാംഗമായ ഷൈനിയാണ് ഭാര്യ. മക്കൾ ആൽവിനും അൽനയും.

ന്യൂയോർക്കിൽ പ്രോഗ്രാം സർവ്വീസിന്റെ പൂർണ ചുമതലയുള്ള ഡപ്യൂട്ടി കമ്മീഷനറായാണ് നിയമനം.

# hanover bank



## SBA & USDA Solutions for Financing










### *Need Money for your Business?*

- ✓ Property and Business Acquisition
- ✓ Lease Hold Improvements/ Renovations
- ✓ LTC up to 90%*
- ✓ Up to 30 Year Amortization**
- ✓ Limited Pre-payment Penalties*
- ✓ Financing also for Working Capital, Equipment and Partner Buyout

**LENDING ALL ACROSS USA**

**Contact us**

**Elijiah Gray**
First SVP Managing Director SBA & USDA Banking
p: 212.277.4358
e: sbaloans@hanoverbank.com

**OR**

**Visit our location**

**Long Island**
Garden City Park
2131 Jericho Turnpike
Garden City Park, NY 11040
516.248.4868

Hauppauge
410 Motor Parkway, 3rd Floor
Hauppauge, New York 11788
631.967.5147

Mineola
80 East Jericho Turnpike
Mineola, NY 11501
516.548.8600

**Manhattan**
Chinatown
109 Bowery
New York, NY 10002
212.334.9191

Rockefeller Center
600 Fifth Avenue, 17th Floor
New York, NY 10020
646.775.4000

**New Jersey**
Freehold
4400 Route 9, Suite 2800
Freehold, NJ 07728
732.243.8300

**Queens**
Flushing Commons
138-29 39th Avenue
Flushing, NY 11354
646.828.8650

Forest Hills
71-15 Austin Street
Forest Hills, NY 11375
646.569.3600

**Brooklyn**
Sunset Park
5512 8th Avenue
Brooklyn, NY 11220
718.633.4528

For more information visit us at hanoverbank.com

**This is not an offer of credit.**

All applications are subject to the Bank's underwriting and credit approval process. Terms and conditions apply.

Member FDIC — EQUAL OPPORTUNITY LENDER

*SBA 7a Loan Program **USDA B&I Loan Program
© 2024 Hanover Community Bank. All rights reserved.

04/24


In Loving Memory of
Mrs. Mariamma Thomas & Mr. A. K. Thomas
Mrs. Marykutty Thomas
(Leelamma)
Mr. Shinu George Simon
Mr. P. T. Mathew
(Mathukutty)
Best Wishes
P.T. Thomas
Tax and Accounting Services
14 Liberty Square Mall, Stony Point, NY 10980
Email: pt@ptthomas.net Phone: 845.352.9680

# ലെവിടൗൺ സെന്റ് തോമസ് ഇടവകയിൽ ഫാമിലി & യൂത്ത് കോൺഫറൻസ് ടീമിന് മികച്ച സ്വീകരണം



**ഉമ്മൻ കാപ്പിൽ**

ലെവിടൗൺ (ന്യൂയോർക്ക്): മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസന ഫാമിലി & യൂത്ത് കോൺഫറൻസ് കമ്മിറ്റി ജനുവരി 12-ന് ലെവിടൗൺ സെന്റ് തോമസ് പള്ളി സന്ദർശിച്ചു. കുർബാനയ്ക്കുശേഷം ഫാ. എബി ജോർജ് (ഇടവക വികാരി) കോൺഫറൻസ് ടീമിന് ഊഷ്മളമായ സ്വാഗതം ആശംസിച്ചു.

ചെറിയാൻ പെരുമാൾ (മുൻ കോൺഫറൻസ് സെക്രട്ടറി), മാത്യു ജോഷ്വ (മുൻ ട്രഷറർ), ഡോ. ഷെറിൻ എബ്രഹാം (ജോയിന്റ് സെക്രട്ടറി), ജേക്കബ് എബ്രഹാം (ഫിനാൻസ് & പ്രൊമോഷൻ), ജയ്ഡൻ എബ്രഹാം (എന്റർടൈൻമെന്റ്), കെസിയ എബ്രഹാം (മീഡിയ & എന്റർടൈൻമെന്റ്), ഡോ. സിനി വർഗീസ് (മെഡിക്കൽ ടീം), സ്റ്റീഫൻ തോമസ്, സന്ധ്യ തോമസ് (ഏരിയ 2 കോർഡിനേറ്റർമാർ), ആഞ്ജലീന ജോഷ്വ (മീഡിയ), ജോനഥൻ മത്തായി (മീഡിയ & ഇവന്റ്സ്), ഷെറിൻ കുര്യൻ (മീഡിയ & രജിസ്ട്രേഷൻ), ജെറമിയ ജോർജ് (മീഡിയ & രജിസ്ട്രേഷൻ), പ്രെംസി ജോൺ കക (രജിസ്ട്രേഷൻ & ഫിനാൻസ്), ക്രിസ്റ്റൽ സാജൻ (മീഡിയ & രജിസ്ട്രേഷൻ) എന്നിവരായിരുന്നു സന്ദർശന സംഘത്തിൽ ഉണ്ടായിരുന്നത്.

ഡോ. ഷെറിൻ എബ്രഹാം കോൺഫറൻസ് ടീമിനെ പരിചയപ്പെടുത്തുകയും കോൺഫറൻസിന്റെ തീയതിയും സ്ഥലവും അറിയിച്ചു. ചെയ്തു. കോൺഫറൻസിലെ മുഖ്യ പ്രഭാഷകരെക്കുറിച്ചുള്ള വിവരങ്ങൾ ജോനാഥൻ മത്തായി നൽകി.

ഡോ. സിനി വർഗീസ് രജിസ്ട്രേഷൻ പ്രക്രിയയെക്കുറിച്ച് സംസാരിക്കുകയും എല്ലാവരും ഉടൻ രജിസ്റ്റർ ചെയ്യണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തു, ചെറിയാൻ പെരുമാൾ സ്പോൺസർഷിപ്പ് അവസരങ്ങളെയും ലഭ്യമായ ആനുകൂല്യങ്ങളെയും കുറിച്ച് അറിയിച്ചു, സെക്രട്ടറി എന്ന നിലയിൽ കഴിഞ്ഞ വർഷത്തെ അനുഭവങ്ങളും യുവാക്കളുടെ നേതൃത്വത്തെയും പങ്കാളിത്തത്തെയും കുറിച്ചുള്ള ആദരവും ചെറിയാൻ പങ്കുവെച്ചു.

ഷെറിൻ കുര്യൻ സുവനീറിനെക്കുറിച്ച് സംസാരിച്ചു. ജെറമിയ ജോർജ് കോൺഫറൻസിന്റെ രണ്ടാം ദിവസം നടക്കുന്ന വിനോദ സായാഹ്നത്തിൽ പങ്കെടുക്കുവാൻ ഏവരെയും ക്ഷണിച്ചു, ആഞ്ചലീന ജോഷ്വ കഴിഞ്ഞ രണ്ട് കോൺഫറൻസുകളിൽ നിന്നുള്ള തന്റെ അനുഭവം പങ്കുവെച്ചു, ഭദ്രാസനത്തിലുടനീളം താൻ രൂപീകരിച്ച




സൗഹൃദങ്ങളെ ഊന്നിപ്പറഞ്ഞു.

മാത്യു ജോഷ്വ സ്പോൺസർമാരോടും രജിസ്റ്റർ ചെയ്തവരോടും നന്ദി പറഞ്ഞു, കൂടുതൽ യുവാക്കളെ നേതൃത്വപരമായ റോളുകളിൽ മുന്നേറാൻ പ്രോത്സാഹിപ്പിച്ചു. ഇടവകയിൽ നിന്നുള്ള നിന്നുള്ള ആദ്യ രജിസ്ട്രേഷൻ ഫാ. എബി ജോർജ് നൽകി പിന്തുണയും ഇടവകയുടെ പങ്കാളിത്തവും വാഗ്ദാനം ചെയ്തു.

2025 ജൂലൈ 9 മുതൽ 12 വരെ കണക്ടിക്കട് ഹിൽട്ടൺ സ്റ്റാംഫർഡ് ഹോട്ടൽ & എക്സിക്യൂട്ടീവ് മീറ്റിംഗ് സെന്ററിലാണ് കോൺഫറൻസ് നടക്കുന്നത്. റവ. ഡോ. നൈനാൻ വി. ജോർജ് (ഓർത്തഡോക്സ് വൈദിക സംഘം ജനറൽ സെക്രട്ടറി, റവ. ഡോ. റ്റിമത്തി (ടെന്നി) തോമസ് (നോർത്ത് ഈസ്റ്റ്

അമേരിക്കൻ ഭദ്രാസന സൺഡേ സ്കൂൾ ഡയറക്ടർ) , ഫാ. ജോൺ (ജോഷ്വ) വർഗീസ്, (സൗത്ത് വെസ്റ്റ് അമേരിക്കൻ ഭദ്രാസന യൂത്ത് മിനിസ്റ്റർ), റവ. ഡീക്കൻ അന്തോണി യോസ് (റോബി) ആന്റണി (ടാൽമീഡോ - നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസന മെൻസ് മിനിസ്ട്രി ഡയറക്ടർ) എന്നിവരാണ് മുഖ്യ പ്രാസംഗികർ. 'നമ്മുടെ പൗരത്വം സ്വർഗത്തിലാണ്, അവിടെനിന്നുള്ള ഒരു രക്ഷകനായ കർത്താവായ യേശുക്രിസ്തുവിനെ ഞങ്ങൾ ആകാംക്ഷയോടെ കാത്തിരിക്കുന്നു''(ഫിലിപ്പിയർ 3:20) എന്ന ബൈബിൾ വാക്യത്തെ അടിസ്ഥാനമാക്കിയുള്ള 'The Way of the Pilgrim' (പരദേശിയുടെ വഴി) എന്നതാണ് കോൺഫറൻസിന്റെ പ്രമേയം. ബൈബിൾ, വിശ്വാസം, പാരമ്പര്യം, സമകാലിക വിഷയങ്ങൾ എന്നിവയെ അടിസ്ഥാനമാക്കി കുട്ടികൾക്കും യുവജനങ്ങൾക്കും മുതിർന്നവർക്കും പ്രത്യേകം സംവേദനാത്മക സെഷനുകൾ ഉണ്ടായിരിക്കും.

രജിസ്ട്രേഷനും വിശദാംശങ്ങൾക്കും ०००.ല്യരിലമറ.ീൃഴ സന്ദർശിക്കുക.

കൂടുതൽ വിവരങ്ങൾക്ക്, ഫാ. അബു വർഗീസ് പീറ്റർ, കോൺഫറൻസ് കോർഡിനേറ്റർ (ഫോൺ: 914-806-4595), ജെയ്സൺ തോമസ്, കോൺഫറൻസ് സെക്രട്ടറി (ഫോൺ: 917.612.8832), ജോൺ താമരവേലിൽ, കോൺഫറൻസ് ട്രഷറർ) (ഫോൺ: 917.533.3566) എന്നിവരുമായി ബന്ധപ്പെടുക.




















# PARK FUNERAL CHAPELS

## Generations of Dignified Personal Service




**Services**

We offer a wide choice of service options, all with the dignity and personal attention you have come to know and trust from Morton Funeral Home/Ridgewood Chapels.

- Filing for Social Security Benefits
- Military & Veterans Arrangements Including Applicable Benefits
- At Need Financing through Family Assistance
- Arrangements for Deaths Occurring Abroad or Shipping Remains out of Town.
- Assistance in Claiming Life Insurance Benefits.
- Human Resources Administration Filing for Death Benefits if Applicable.
- Cost of Cemetery or Crematory, Death Certificates, Clergy & Etc. Additional)



**Park Funeral Chapels, Garden City Park, NY**
**Tel: (516) 747-4300**
**www.parkfuneralchapels.com**


MUKKUT
MONUMENTS INC.
PHONE (C) 972-342-0041
E-mail: mukkutmonuments@gmail.com
www.mukkutmonuments.com
ST. GREGORIOS OF PARUMALA
MEMORIAL MONUMENT
Edith
Espinoza
Edith Espinoza
12-02-1970
04-17-2016
Joaquin Espinoza
11-16-1962
KURIAN
FAMILY
THEKKEDATH
We Specialize in Custom Creation and Installation of
Cemetery Granites, Bronze Memorials Sculptures,
Large Stone Cross for Churches. We Serve in USA, Canada and India

# നിര്യാതരായി



**മത്തായി സ്കറിയാ**

ഫിലാഡൽഫിയ: പാലാ ചേർപ്പുങ്കൽ പരുത്തപ്പാറ മത്തായി സ്കറിയാ (പി. എം. സ്കറിയ സ്കറിയാച്ചൻ 78) ജനുവരി 19 നു ഡാലസിൽ അന്തരിച്ചു. ഭാര്യ അമ്മിണി. മക്കൾ: ജാസ്മിൻ (ടിനോ മാത്യു), ജെന്നിഫർ (നവ്ദീപ് സിംഗ്) കൊച്ചുമക്കൾ: ടി. ജെ. മാത്യു, ഏറിയേൽ മാത്യു, ലിയോ മാത്യു, സഹജ് സിംഗ്, ആർവിൻ സിംഗ് പരേതരായ അർദ്ധസഹോദരങ്ങൾ തൊമ്മച്ചൻ മത്തായി, മാമ്മി മത്തിക്കുന്നേൽ, പരേതരായ പി. എം. ജോയി, പി. എം. ജോസ് എന്നിവരും, പി. എം. ആഗസ്തി, പി. എം. മൈക്കിൾ, ചിന്നമ്മ ജയിംസ് വട്ടമറ്റത്തിൽ, ആലീസ് ജോണി ചാച്ചാഭവൻ (ഡടഅ), സെലിൻ ജോർജ് ഒലിക്കൽ (ഡടഅ), സോഫിയാമ്മ എന്നിവർ സഹോദരങ്ങളും, റൂബേഷ് ജോസ് (യു.എസ്.എ)സഹോദരപുത്രനുമാണ്.



**മറിയാമ്മ തോമസ്**

ഡാളസ്: വടശ്ശേരിക്കര തകടിയിൽ ഹൗസിലെ പരേതനായ ടി.ജെ. തോമസിന്റെ ഭാര്യ മറിയാമ്മ തോമസ് (കൊച്ചുമാരിയമ്മ,95) അന്തരിച്ചു. എടത്വയിലെ മണപ്പറമ്പിൽ കുടുംബാംഗമാണ് പരേതനായ കോശി വർക്കിയുടെയും പരേതയായ അന്നമ്മ വർക്കിയുടെയും മകളാണ്..മക്കൾ :മേരി ലാൽ വർഗീസ് (കൊച്ചുമോൾ, ഡാളസ്, യുഎസ്എ),മോളി ഈപ്പൻ (മഞ്ചാടി, തിരുവല്ല), സൂസൻ മാമ്മൻ (ജോളി, തിരുവനന്തപുരം) ഷെർലി വർഗീസ് (ഡാളസ്, യുഎസ്എ). മരുമക്കൾ: അഭിഭാഷകനായ ലാൽ വർഗീസ് (ഡാളസ്, യു.എസ്.എ.), പരേതനായ സി. ഇ. ഈപ്പൻ (ചിറയിൽകണ്ടത്തിൽ, നെടുമ്പ്രം), മാമ്മൻ ജോസ ഫ് (ടോബി, തിരുവനന്തപു രം), ആബേൽ വർഗീസ് (ഡാളസ്, യു.എസ്.എ.).



**ഡോ. കെ.കെ എബ്രഹാം**

കൊച്ചി: ഡോ. കെ.കെ എബ്രഹാം (80) അന്തരിച്ചു. യു.കെയിലെ ബാസിൽഡണിൽ താമസിക്കുന്ന അദ്ദേഹം കാഞ്ഞിരപ്പള്ളിയിലാണ് ജനിച്ചത് കെ.കെ കുരുവിള ആനത്താനത്തിന്റെയും ലൂസി വെള്ളാനിക്കരന്റെയും മകനാണ്. ബാംഗ്ലൂരിലെ സെന്റ് ജോസഫ്സ് യൂറോപ്യൻ ബോയ്സ് ഹൈസ്കൂളിൽ പഠിച്ചു. (1961 ബാച്ച്) തുടർന്ന് മണിപ്പാലിലെ കസ്തൂർബ മെഡിക്കൽ കോളേജിൽ എം.ബി.ബി.എസ് പഠിച്ചു. വെയിൽസിലെ ലാൻഡുഡ്നോ ജനറൽ ഹോസ്പിറ്റലിൽ മെഡിസിൻ പ്രാക്ടീസ് ചെയ്ത അദ്ദേഹം പിന്നീട് 1990 കളിൽ ബെയ്സിൽഡണിലേക്ക് മാറി.ഭാര്യ: മേരി എബ്ര ഹാം. മക്കൾ: ജോർജ്, ലൂസി (ലുലു), തെരേസ. കൊച്ചുമക്കൾ: ആനി, ഹോളി, മായ, മാത്യു, ആൻഡ്രൂ, കാർത്തിക്.



**ലൂക്കോസ് തറതട്ടേൽ**

കോട്ടയം: നീറിക്കാട് തറതട്ടേൽ ലൂക്കോസ് (90) അന്തരിച്ചു. ഭാര്യ ചിന്നമ്മ നീണ്ടൂർ പറയൻകാലാ കുടുംബാംഗമാണ്. മക്കൾ:ആൻസി (ഹൂസ്റ്റൺ), ജേക്കബ് (ചിക്കാഗോ), എബ്രഹാം (ഡാലസ്), സാബു (ചിക്കാഗോ), ടോമി (ചിക്കാഗോ).മരുമക്കൾ: ജോസ് വട്ടാടിക്കുന്നേൽ (ഹൂസ്റ്റൺ), ഷെർളി തറതട്ടേൽ (ചാക്കച്ചേരിൽ) ചിക്കാഗോ, ലിസി തറതട്ടേൽ (അമ്പാട്ട്) ഡാലസ്, ഷൈനി (കക്കാട്ടിൽ) ചിക്കാഗോ, സുജ തറതട്ടേൽ (ആറുപറള്ളിൽ) ചിക്കാഗോ.

**വർക്കി തൊമ്മൻ**

ഇടനാട്:കൊന്നയ്ക്കൽ വർക്കി തൊമ്മൻ (98) അന്തരിച്ചു. ഭാര്യ: കണ്ടോത്ത് ഇടനാട് പരേതയായ മറിയാമ്മ. മക്കൾ: പരേതനായ അപ്പച്ചൻ, കുട്ടിച്ചൻ, ജോർജ്കുട്ടി, ബാബു (ബാബൂസ് ഓട്ടോ ഇലക്ട്രിക്കൽസ്)



**ബെന്നി പോൾ**

ബ്രാംപ്ടൺ: മലയാളി കാർഡിയോളജിസ്റ്റ് കാനഡയിൽ അന്തരിച്ചു. കൊച്ചി സ്വദേശിയായ ബെന്നി പോൾ തണ്ണിക്കോട്ട് (72) ആണ് മരിച്ചത്. ബ്രാംപ്ടൺ സിവിക് ഹോസ്പിറ്റലിൽ കാർഡിയോളജിസ്റ്റ് ആയി പ്രവർത്തിച്ചു വരികയായിരുന്നു.



**ജോസഫ്**

ന്യൂയോർക്ക്: കോട്ടക്കുന്ന് താമസിക്കുന്ന ചുള്ളോപ്പിള്ളിൽ ജോസഫ് (കുഞ്ഞുമോൻ -85) അന്തരിച്ചു.



**മറിയാമ്മ മാത്യു**

താമരക്കാട്: അമനകര തടത്തിൽ മറിയാമ്മ മാത്യു (85) അന്തരിച്ചു. മ്രാല മുല്ലപ്പള്ളിൽ കുടുംബാംഗമാണ്. മക്കൾ: ലിസി, മേഴ്സി, എൽസി, സോളി, ബെന്നി, ബിജു, ബിനോയി. മരുമക്കൾ: ജോയി മലയിൽ ഞീഴൂർ, ഏബ്രഹാം മണ്ണിൽ ചെറുകര, പരേതനായ ജോസ് ഓലിക്കുന്നേൽ ചുങ്കം, ബിനോയി മഴുവഞ്ചേരിൽ മള്ളുശേരി, ഷേർലി മുളവനാൽ വാരപ്പെട്ടി, ഷിജി മുടക്കാലിൽ ചെറുകര, ഷീബ ആകശാലയിൽ പിറവം (എല്ലാവരും യുഎസ്.).

**എ.എം.ചാ ക്കോ**

അരീക്കര:വിമുക്തഭടൻ ആനകുത്തിക്കൽ എ.എം.ചാക്കോ (86) അന്തരിച്ചു. ഭാര്യ: ഏലിക്കുട്ടി ചാ ക്കോ.മക്കൾ: മേരി വർഗീസ്, എലിസബത്ത് സാബു, മാ ത്യു ചാക്കോ



**സി.ദെൽമാസ്യാ എസ്.വി.എം**

പേരൂർ: കോട്ടയം വിസിറ്റേഷൻ സമൂഹാംഗമായ സി.ദെൽമാസ്യാ എസ്.വി.എം (89) നിര്യാതയായി. പേരൂർ വെച്ചൂക്കാലായിൽ പരേതരായ എബ്രഹാം -മേരി എന്നിവരുടെ മകളാണ്. മാത്യു, ജോർജ്, ടോമി, അലക്സ്, ബാബു, കുഞ്ഞുമോൾ, ലൂസി പരേതരായ ജോസ്, ജിമ്മി, എന്നിവർ സഹോദരങ്ങളാണ്.

**സിസ്റ്റർ ആനി പെർപെറ്റുവ**

മാൻവെട്ടം:ബെംഗളൂരു സെന്റ് ആൻസ് കോൺവന്റ് അംഗമായ സിസ്റ്റർ ആനി പെർപെറ്റുവ (മേരി82) ബെംഗളൂരുവിൽ അന്തരിച്ചു.ഒറീസ, തുംകൂർ, എറണാകുളം പൊന്നാരിമംഗലം, കാലടി എന്നിവിടങ്ങളിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്.



**ഔസേപ്പ് ജോൺ പുളിമൂട്ടിൽ**

തൊടുപുഴ: കേരളത്തിലെ പ്രമുഖ വസ്ത്ര വ്യവസായി പുളിമൂട്ടിൽ സിൽക്സ് ചെയർമാൻ ഔസേപ്പ് ജോ ൺ പുളിമൂട്ടിൽ അന്തരിച്ചു. ഭാര്യ പണ്ണമ്മ തൊടുപുഴ കളരിക്കൽ കുടുംബാംഗമാ ണ്. മക്കൾ: റീന രെജീവ്, റെജി ഷാജി,റോയ് ജോൺ, റോജർ ജോൺ. മരുമക്കൾ: രെജീവ് തോമസ് താമരപ്പള്ളി റാന്നി, ഷാജി ജോസഫ് കുന്നേൽ കൊച്ചി, റെനി റോയ് കടുതോടിൽ കിടങ്ങൂർ, രഞ്ജിത റോജർ മേലേത്ത് കല്ലിശേരിൽ. സഹോദരങ്ങൾ: ഷെവലിയാർ ഔസേപ്പ് ചാക്കോ, ഔസേപ്പ് സ്റ്റീഫൻ, ഔസേപ്പ് എബ്രഹം, ഔസേപ്പ് ജോസ്, ഔസേപ്പ് തോമസ്.

**മറിയാമ്മ ഏബ്രഹാം**

പാമ്പാടി: പരേതനായ അവറാച്ചന്റെ ഭാര്യ മറിയാമ്മ ഏബ്രഹാം (96) അന്തരിച്ചു.



**തോമസ്**

കൈപ്പുഴ: എരുമത്തുരുത്തേൽ തോമസ് (86) അന്തരിച്ചു. ഭാര്യ: മേരി എസ്.എച്ച് മൗണ്ട് പുല്ലുകാട്ടു കുടുംബാംഗമാണ്. മക്കൾ: സിസ്റ്റർ മേബിൾ (ഹോളി ക്രോസ്സ് കോൺവെൻറ്, മേഘാലയ), പരേതയായ സലോമി, ജോമ, ജോബി തളിപ്പറമ്പ്, ജസീന്ത, റൂബി, റോബിൻ (ഓസ്ട്രേലിയ). മരുമക്കൾ: പരേതനായ തോമസ് തെക്കേവഞ്ചിപുരക്കൽ കൈപ്പുഴ, തോമസ് പറേപ്പള്ളിൽ നീണ്ടൂർ, നീന കുളങ്ങര കൂടല്ലൂർ, ജോസഫ് പീഠത്തേട്ടേൽ ചാമക്കാല, സാബു പീഠത്തട്ടേൽ മംഗലഗിരി, അനിജ പാറ്റിയാൽ കുറുമുള്ളൂർ.

**ശാന്തമ്മ**

ചങ്ങനാശേരി: കൊടിനാട്ടുംകുന്ന് അരയശ്ശേരിൽ പരേതനായ എ.പി.കരുണാകരന്റെ ഭാര്യ പി.വി. ശാന്തമ്മ (78) അന്തരിച്ചു



**ജോണി സി.സി**

ഏറ്റുമാനൂർ: വള്ളിക്കാട് ചകിരിയാംതടത്തിൽ ജോണി സി.സി (59) അന്തരിച്ചു. ഭാര്യ: റീന ചേർപ്പുങ്കൽ നടുവിലേകങ്ങഴക്കാട്ട് കുടുംബാംഗമാണ്. മക്കൾ: ജെറിൻ, ശ്രുതി, ജെസ്വിൻ.

**ലക്ഷ്മി കേശവൻ**

തോട്ടയ്ക്കാട്:ഊളയ്ക്കൽ പരേതനായ കേശവന്റെ ഭാര്യ ലക്ഷ്മി കേശവൻ (തങ്ക-99) അന്തരിച്ചു. മക്കൾ: വിലാസിനി, കെ.സോമൻ (എക്സ് ഗ്രെഫ്), ശാന്തമ്മ, പരേതനായ രവി, കെ.കെ.വിജയൻ, ഒ.കെ.രാജു (ഇരുവരും എക്സ് ഗ്രെഫ്), രമ. മരുമക്കൾ: പി.ആർ.രമണീധരൻ (റിട്ട. സബ് റജിസ്ട്രാർ ഓഫീസ് പാമ്പാടി), ഉഷ (വെള്ളൂർ), വിജയൻ (കിളിരൂർ), സുമോൾ (എസ്എൻ പുരം), ബിന്ദു (നെടുംകുന്നം), ബീന (പാക്കിൽ), പ്രസാദ് (അട്ടപ്പാടി)


pravasi CHANNEL HD
THE ONE AND ONLY
DAILY NEWS BULLETIN
For North American Malayalees!
ഡെയിലി
ന്യൂസ്
ബുള്ളറ്റിൻ
പ്രവാസി മലയാളികളുടെ
സ്വന്തം ചാനലിൽ മാത്രം!
Watch Pravasi Channel LIVE 24 Hrs
www.pravasichannel.com
Or Watch Anytime via 'VOD' Video on Demand
by Downloading
MediaAppUSA App FREE!
Scan the QR Code for instant download
Download on the App Store
ANDROID APP ON Google play
Available in App Store or Google Store
MediaAppUSA
Call 1-917-900-2123 for Advertisements & News